
# പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ 1996

# MAP OF PALLICKAL PANCHAYAT


## വാർഡുകളും പ്രധാന റോഡുകളും




# പഞ്ചായത്ത് ഭരണസാരഥികൾ




T. സുനന്ദകുമാരി
(പ്രസിഡൻറ്)




S. അജയകുമാർ
(വൈസ് പ്രസിഡൻറ്)



കുന്നിൽ മജീദ്
(ബ്ലോക്ക് പഞ്ചാ: മെമ്പർ)




പള്ളിക്കൽ നിസാം
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)




M. ഷാനബാബു
(വാർഡ് - 1)



G. അജിതകുമാരി
(വാർഡ് - 3)



S. നിസാമുദ്ദീൻ
(വാർഡ് - 4)



P. കൃഷ്ണൻകുട്ടി
(വാർഡ് - 5)



വസന്താദേവരാജൻ
(വാർഡ് - 6)



R. രാമചന്ദ്രൻപിള്ള
(വാർഡ് - 9)

# ആമുഖം

## ജനകീയ ആസൂത്രണം എന്ത്?

മനുഷ്യന്റെ ആവശ്യങ്ങളും വിഭവങ്ങളും തമ്മിൽ പ്രായോഗികമായി ക്രമീകരിക്കുന്ന സമ്പ്രദായമാണ് ആസൂത്രണം. ആവശ്യങ്ങളുടെ പ്രാധാന്യമനുസരിച്ച് മുൻഗണന നൽകിയാണ് പദ്ധതികൾ നടപ്പിലാക്കേണ്ടത്. വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ് എന്നു പറയാം. വികസനത്തിന്റെ ആത്യന്തിക ലക്ഷ്യം ജീവിതനിലവാരം മെച്ചപ്പെടുത്തലാണ്. സോവിയറ്റ് റഷ്യയിലാണ് ആസൂത്രിത സാമ്പത്തിക വികസനം ലോകത്താദ്യം നടപ്പിലാക്കിയത്. ഇതിന്റെ ചുവടു പിടിച്ചാണ് ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചത്. "ഇന്ത്യയ്ക്ക് ഒരു ആസൂത്രിത സമ്പദ്‌വ്യവസ്ഥ" എന്ന പേരിൽ സർ എം. വിശ്വേശരയ്യ 1934 ൽ പ്രസിദ്ധപ്പെടുത്തിയ പ്രബന്ധമാണ് ആസൂത്രണ മേഖലയിൽ ഇന്ത്യയിലെ പ്രഥമ ആധികാരിക രേഖ. 1951–ൽ ആരംഭിച്ച നമ്മുടെ ആസൂത്രണ പ്രക്രിയ കേന്ദ്രീകൃതമായിരുന്നു. ആരംഭകാലത്തെ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് കേന്ദ്ര ആസൂത്രണ കമ്മീഷൻ, പദ്ധതി പ്രവർത്തനത്തിന്റെ പൊതുസമീപനവും ലക്ഷ്യവും ആവിഷ്കരിക്കുന്നതിനു പകരം, ഓരോ ഗ്രാമത്തിലും നടത്തേണ്ട വികസന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ നിശ്ചയിക്കുന്നതിലേയ്ക്കുവരെ കാര്യങ്ങൾ ചെന്നെത്തി. കേന്ദ്രത്തിൽ ഇതായിരുന്നു പ്രവണത എന്നതുകൊണ്ട് തന്നെ സ്വാഭാവികമായും സംസ്ഥാനങ്ങളും അതേ പാത പിൻതുടർന്നു. ഓരോ ഗ്രാമത്തിലെയും ഓരോ കൊച്ചു കൊച്ച് വികസന പ്രവർത്തനവും ഇത്തരത്തിൽ കേന്ദ്രീകരിക്കപ്പെട്ടു. ആ ഗ്രാമങ്ങളുടെ പൊതുസ്ഥിതിയോ അവിടുത്തെ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളോ കണക്കിലെടുക്കുന്നതിനു പകരം ദേശീയ സംസ്ഥാനതല തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം വികസനപ്രവർത്തനം നടത്തുക എന്നതായി കാഴ്ചപ്പാട്. സ്വാഭാവികമായും ജനങ്ങളിൽ നിന്ന് അന്യമായ ഒരു വികസന പരിപാടിയായി ഇത് മാറി. വികസനമെന്നാൽ ഉദ്യോഗസ്ഥതലത്തിൽ മാത്രം നടത്തേണ്ടുന്ന ഒരു പ്രവർത്തനമാണെന്ന ധാരണ പടർന്നു പിടിച്ചു. വിദഗ്ധർക്കും ഉദ്യോഗസ്ഥർക്കും മാത്രമേ ഇത് കൈകാര്യം ചെയ്യാനാവൂ എന്ന് കരുതപ്പെട്ടുതുടങ്ങി. ആസൂത്രണവും നടത്തിപ്പും ജനങ്ങളെ പങ്കെടുപ്പിക്കാതെ ഭരണതലത്തിൽ മാത്രം കൈകാര്യം ചെയ്യേണ്ട വിഷയങ്ങളായി അധഃപതിച്ചു.

ആസൂത്രണത്തിലും നടത്തിപ്പിലും ഉണ്ടാകേണ്ട സുതാര്യത ഇല്ലാതായത്, ഉദ്യോഗസ്ഥ മേധാവിത്വത്തിലേയ്ക്കും അഴിമതിയിലേയ്ക്കും സാമ്പത്തിക ക്രമക്കേടുകളിലേയ്ക്കും നയിക്കുകയും പദ്ധതി ലക്ഷ്യം തന്നെ അട്ടിമറിക്കപ്പെടുകയും ചെയ്തു.

ഇതുവരെ നിലനിന്നിരുന്ന ആസൂത്രണ പരിപാടിയുടെ പൊളിച്ചെഴുത്തിന് തുടക്കം കുറിക്കലാണ് ജനകീയ ആസൂത്രണ പദ്ധതി. പൂർണ്ണമായ ജനപങ്കാളിത്തത്തോടെയുള്ള

ആസൂത്രണ പ്രക്രിയയെയാണ് ജനകീയ ആസൂത്രണം എന്ന പ്രയോഗംകൊണ്ട് വിവക്ഷിക്കുന്നത്. ഇത് അടിസ്ഥാനതലത്തിൽ തുടങ്ങുന്ന പ്രക്രിയയാണ്. അതാത് പ്രദേശത്തെ ജനങ്ങൾക്ക് അവരവരുടെ ആവശ്യങ്ങൾക്കനുസരണമായ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനവസരം പ്രദാനം ചെയ്യുന്നുവെന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. അതുകൊണ്ടു തന്നെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമാണുതാനും. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാന ആസൂത്രണ ബോർഡു തന്നെയാണ് ഈ പരിപാടിയുടെ സംഘടനാ ചുമതല ഏറ്റെടുത്തിരിക്കുന്നത്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം ഏകീകരിക്കും. ആസൂത്രണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് സംസ്ഥാന ആസൂത്രണ ബോർഡായിരിക്കും. എന്നാൽ ആസൂത്രണം ഉൾപ്പെടെ മറ്റു പരിപാടികളുടെ നടത്തിപ്പ് പഞ്ചായത്ത്രാജ് സംവിധാനത്തിൽ നിക്ഷിപ്തമാണ്. പരിശീലനം ലഭിക്കുന്നവർ ഇതിനു സഹായിക്കുന്നു. ഓരോ തലത്തിലും പരിശീലകരുടെ ടീമുകൾ രൂപീകരിക്കുന്നു. ഇതിന് ഒരു ഉന്നത തല മാർഗ്ഗനിർദ്ദേശക സമിതിയുണ്ട്.

പള്ളിയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനു അഡ്വ. M. ദേവദാസ്, V. ഗോപിനാഥൻ നായർ, S. ജഗന്നാഥൻ നായർ,. കെ. നാസ്, എ. സുരേഷ്, Dr. തോട്ടം ഭുവനചന്ദ്രൻ, K.C. രാജേന്ദ്രൻ, മണികണ്ഠൻ എന്നിവർക്കു ജില്ലാറിസോഴ്സ് പേഴ്സൺസ് പരിശീലനം നൽകി. ഇതിന്റെ കൺവീനറായി അഡ്വ. M. ദേവദാസിനെ തെരഞ്ഞെടുത്തു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും ജില്ലാറിസോഴ്സ് പേഴ്സൺസും ചേർന്നാണ് ഗ്രാമസഭകളുടെ പ്രവർത്തന പരിപാടികൾ സംഘടിപ്പിച്ചത്.

ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനം പള്ളിയ്ക്കൽ ഗവ: ഹൈസ്കൂളിൽ വച്ച് നടത്തി. വാർഡുതല വിശേഷാൽ ഗ്രാമസഭകൾ 21.9.96 മുതൽ 12.10.96 വരെയുള്ള ദിവസങ്ങളിൽ നടന്നു. വിശേഷാൽ ഗ്രാമസഭകളിൽ ശ്രീ. എ. സമ്പത്ത് M.P. ശ്രീ. Z. സത്യൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ മടത്തറ സുഗതൻ സംസ്ഥാനതല റിസോഴ്സ് പേഴ്സൺ എന്നിവർ പങ്കെടുത്തിരുന്നു. 100 നും 300 നും ഇടയിൽ ആളുകൾ പങ്കെടുത്തു. വിശേഷാൽ ഗ്രാമസഭകൾ വിജയപ്രദമായിരുന്നു. വികസനറിപ്പോർട്ടിനു വേണ്ടി രണ്ടാംഘട്ട റിസോഴ്സ് പേഴ്സൺസ് പരിശീലനം കിളിമാനൂരിൽ നടന്നു. പഞ്ചായത്തുതല പരിശീലനം മൂതല L.P.Sൽ വച്ച് 7.12.96ൽ നടന്നു. റിപ്പോർട്ട് തയ്യാറാക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തി. സമിതിയുടെ നേതൃത്വത്തിൽ റിപ്പോർട്ട് എഴുതി തയ്യാറാക്കുകയുണ്ടായി. ജില്ലാ റിസോഴ്സ് പേഴ്സൺസിന്റെയും പഞ്ചായത്ത് അംഗങ്ങളുടെയും നേതൃത്വത്തിൽ വിവരശേഖരണം നടത്തി. പഠനയാത്രകൾ നടത്തി. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള പ്രായമായ ആളുകളെ കണ്ട് ചരിത്രവിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. വിഭവഭൂപടങ്ങൾ തയ്യാറാക്കി. ഇത്രയും മുന്നൊരുക്കങ്ങളോട് കൂടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ രൂപീകരണത്തിൽ നമ്മുടെ ഗ്രാമസഭകൾ സജീവമായ ചർച്ചകൾ നടത്തുകയും പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിരിക്കുകയുമാണല്ലോ. ജനതയുടെ ആശയാഭിലാഷങ്ങൾ ഉൾക്കൊള്ളുന്ന പുതിയ ഒമ്പതാം പഞ്ചവത്സര പദ്ധതി നമ്മുടെ നാടിന്റെ നാനാമുഖമായ വളർച്ചയ്ക്ക് ഉതകുമെന്നും കക്ഷിരാഷ്ട്രീയമോ മതഭേദമോ കൂടാതെ നമ്മുടെ ഗ്രാമീണ ജനത അവരുടെ കർമ്മപദ്ധതിയായി ഇത് ഏറ്റെടുക്കുമെന്ന വിശ്വാസത്തോടെ ഈ വികസനരേഖ ഏവരുടെയും പരിഗണനയ്ക്കും പ്രായോഗികനിർദ്ദേശങ്ങൾക്കും വേണ്ടി സമർപ്പിക്കുന്നു.

# ചരിത്ര പശ്ചാത്തലം

തിരുവനന്തപുരം ജില്ലയുടെ വടക്കറ്റത്ത് കൊല്ലം ജില്ലയെ തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന പള്ളിയ്ക്കൽ പഞ്ചായത്ത് 1979നു മുമ്പ് മടവൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. പള്ളിയ്ക്കൽ വില്ലേജിന്റെ ഒട്ടുമുക്കാലും മടവൂർ വില്ലേജിന്റെ ഒരു ഭാഗവും ചേർന്നതാണ് ഇന്നത്തെ പള്ളിയ്ക്കൽ പഞ്ചായത്ത്. കുറ്റിക്കാടുകളും കുന്നുകളും പാറക്കെട്ടുകളും വയലേലകളും ഇടകലർന്ന ഭൂപ്രകൃതി പഞ്ചായത്തിന്റെ ഒരു പ്രത്യേകത തന്നെ. നീരുറവകളും ചെറുതോടുകളും പഞ്ചായത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു.

ചേരസാമ്രാജ്യത്തിന്റെ ഏറ്റവും തെക്കറ്റത്ത് കൊല്ലം മുതൽ കന്യാകുമാരി വരെ വ്യാപിച്ചുകിടന്ന വേണാട് 15-ാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിൽ രണ്ടു ശാഖകളായി. തൃപ്പാപ്പൂരും കൊല്ലവും. ക്രമേണ തൃപ്പാപ്പൂർ സ്വരൂപം വേണാടെന്നും കൊല്ലം ദേശിംഗ നാടെന്നും അറിയപ്പെട്ടു. ആധുനിക തിരുവിതാംകൂറിനു അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ രൂപം കൊടുക്കുന്നതു വരെ പള്ളിയ്ക്കൽ വില്ലേജ് വേണാടിന്റെ ഏറ്റവും വടക്കറ്റത്തുള്ള പ്രദേശമായിരുന്നു. ഇത്തിക്കരയാർ വടക്കേ അതിർത്തിയായി വെളിനല്ലൂർ പഞ്ചായത്തിനെ വേർതിരിക്കുന്നു. (വെളിനല്ലൂർ പഴയ ഇളയിടത്തു സ്വരൂപത്തിന്റെ ഭാഗം) കല്ലുവാതുക്കൽ, നാവായ്ക്കുളം, മടവൂർ, ചടയമംഗലം എന്നീ പഞ്ചായത്തുകളാണ് മറ്റ് അതിർത്തികളിൽ സ്ഥിതിചെയ്യുന്നത്.

ദേശിംഗനാടും മാർത്താണ്ഡവർമ്മയും തമ്മിലുള്ള യുദ്ധത്തിൽ ഡച്ചുകാർ ഇടപെടുകയും വേണാടിനെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. കിളിമാനൂർ, വാമനപുരം, നഗരൂർ, തുടങ്ങിയ പ്രദേശങ്ങൾ അവർ ആക്രമിച്ചു. ഈ യുദ്ധത്തിൽ കിളിമാനൂരിലും പരിസരപ്രദേശങ്ങളിലും ഉള്ള നായർ തറവാടുകൾ മാർത്താണ്ഡവർമ്മയെ സൈനികരെ നൽകിയും ധനം കൊടുത്തും സഹായിച്ചു. അന്ന് സൈനിക പരിശീലനം നൽകുന്ന കളരികൾ നിലനിന്നിരുന്നു. ഈ കൂട്ടത്തിൽ പള്ളിയ്ക്കൽ പനപ്പള്ളി തറവാടും ഉൾപ്പെട്ടിരുന്നു. ഇതിനു പ്രതിഫലമായി കുറച്ചു പ്രദേശങ്ങളിലെ കരം പിരിക്കാനുള്ള അവകാശവും സ്ഥാനമാനങ്ങളും പനപ്പിള്ളിയ്ക്കു നൽകിയതായാണ് കേട്ടുകേൾവി. മരുമക്കത്തായം നിലവിലിരുന്ന അക്കാലത്ത് പനപ്പിള്ളി തറവാട്ടിലെ മുതിർന്ന കാരണവരെ വലിയത്താൻ എന്നുവിളിക്കുന്ന പതിവുണ്ടായിരുന്നു.

### ഭൂവുടമാരീതികൾ

പള്ളിയ്ക്കൽ ഗ്രാമത്തിന്റെ പൂർവ്വകാല ചരിത്രത്തെക്കുറിച്ച് ആധികാരികമായ രേഖകൾ ഒന്നും ലഭിക്കാനില്ല. സ്ഥലനാമങ്ങൾ കൊണ്ട് വളരെയൊന്നും വിശദീകരിക്കാനും കഴിയില്ല. വില്ലേജിൽ രണ്ട് കരകളാണ് പൂർവ്വകാലത്ത് ഉണ്ടായിരുന്നത്. പൈവേലിയും പള്ളിയ്ക്കലും. പള്ളിയ്ക്കൽ ഒരു പൂർവ്വ സംസ്കാരം നിലനിന്നിരുന്ന സ്ഥലമാണെന്ന് കണക്കാക്കാൻ പല തെളിവുകളുമുണ്ട്.

കെട്ടിടങ്ങൾ, കുളങ്ങൾ തുടങ്ങിയവയുടെ അവശിഷ്ടങ്ങൾ, കാവുകൾ ഇവ മേൽപ്പറഞ്ഞതിലേയ്ക്ക് വഴികാട്ടികളാണ്. സ്ഥലനാമം സൂചിപ്പിക്കുന്നത് ഇത് പഴയ കാലത്ത് ഒരു ബുദ്ധമത കേന്ദ്രമായിരുന്നു എന്നാണ്. പള്ളി ബുദ്ധമത വിഹാരങ്ങൾക്കുള്ള പേരാണ്. പള്ളിയ്ക്കൽ പുഴ ഈ പറഞ്ഞതിനാധാരമാണ്. ആനകുന്നം ദേവസ്വം ക്ഷേത്രം അതിനു സമീപമുള്ള ബുദ്ധവിഗ്രഹം തുടങ്ങിയവ തെളിവുകളായി സ്വീകരിക്കാം. വെളിനല്ലൂർ ക്ഷേത്രത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള ഉത്സവമേളയും കെട്ടുകാഴ്ചയും, പകൽക്കുറി ക്ഷേത്രത്തിലെ കാളയെടുപ്പ്, കൊടിമരത്തിൻ മൂട്ടിലെ കൊടി ഉയർത്തൽ എന്നിവ ബുദ്ധമത സംസ്കാരത്തിന്റെ ഭാഗമാണെന്ന് ഇളംകുളം ഉൾപ്പെടെയുള്ള ചരിത്ര ഗവേഷകർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിനു സമീപമുള്ള പള്ളിയ്ക്കൽ ഇതിന്റെയൊക്കെ സ്വാധീനം ഏറ്റുവാങ്ങിയിട്ടുണ്ട്.

### ഭൂവുടമാവ്യവസ്ഥകൾ

പനപ്പള്ളി തറവാടും പകൽക്കുറി ക്ഷേത്രവും കേന്ദ്രമാക്കിയാണ് പള്ളിയ്ക്കലും പരിസരത്തും ഭൂഉടമാ സമ്പ്രദായം രൂപം കൊണ്ടത്. മാർത്താണ്ഡവർമ്മയുടെ കാലം മുതൽ പനപ്പള്ളി തറവാടിനു വസ്തുക്കരം പിരിക്കുന്നതിനും വസ്തുക്കൾക്ക് പട്ടയം നൽകുന്നതിനും അവകാശം ഉണ്ടായിരുന്നു. കൃഷിക്കാർ കിളച്ചുചേർക്കുന്ന ഭൂമി, വെട്ടിയുണ്ടാക്കുന്ന നിലം ഈ വിവരങ്ങൾ പനപ്പള്ളി തറവാട്ടിൽ അറിയിക്കുന്നതിനെ തുടർന്ന് പനപ്പള്ളി തറവാട്ടിന്റെ പേരിലുള്ള 148–ാം പട്ടയത്തിൽചേർത്ത് പതിക്കുകയും ഈ വസ്തു തന്നെ ഒറ്റി, പാട്ടം, പാതിവാരം എന്നീ വ്യവസ്ഥകളിൽ കൃഷിക്കുള്ള അവകാശം നൽകുകയും ചെയ്തിരുന്നു. ഇതുമൂലം പള്ളിയ്ക്കൽ വില്ലേജിലെ അധികം ഭൂമിയും പനപ്പള്ളി കുടുംബവകയായി തീർന്നു. നായർ ആക്ടിന്റെ ഫലമായി പനപ്പള്ളി കുടുംബവും ഭാഗിക്കപ്പെടുകയും അദ്ധ്വാനിച്ചുണ്ടാക്കിയ പാവപ്പെട്ടകർഷകരിൽ നിന്നും അവ ഒഴിപ്പിച്ചെടുക്കുകയും ചെയ്തു. ആ തറവാട്ടിൽ തന്നെ പാവപ്പെട്ടവർക്ക് കാര്യമായി ഒന്നും ലഭിച്ചില്ലെന്നുള്ളതും ഒരു വസ്തുതയാണ്.

### പകൽക്കുറി ദേവസ്വം

കർഷകർ വെട്ടിതെളിച്ച നിലങ്ങൾ സ്വമേധയാ ദേവസ്വത്തിന്റെ പേരിൽ പതിപ്പിച്ചതു മൂലം വളരെയധികം വസ്തുക്കൾ ദേവസ്വം വകയായി. 1975– ലെ കമ്മ്യൂണിസ്റ്റ് സർക്കാർ നടപ്പിലാക്കിയ ഭൂ പരിഷ്ക്കരണ നിയമത്തിന്റെ ഫലമായി ദേവസ്വം വസ്തുക്കളുടെ കൈവശക്കാർക്ക് പട്ടയം ലഭിച്ചു.

ദേശീയ സ്വാതന്ത്ര്യ സമരത്തിലും ഉത്തരവാദ ഭരണ പ്രക്ഷോഭത്തിലും മിച്ചഭൂമി സമരം തുടങ്ങിയ ജന്മിത്ത വിരുദ്ധസമരങ്ങളിലും ഈ പഞ്ചായത്ത് പ്രദേശത്തുള്ള ആളുകൾ അവരുടെതായ പങ്കു വഹിച്ചിട്ടുണ്ട്.

പള്ളിയ്ക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിരവധി രാഷ്ട്രീയ പ്രസ്ഥാനങ്ങളുണ്ട്. കോൺഗ്രസ്സും മാർക്സിസ്റ്റു പാർട്ടിയുമാണ് ഏതാണ്ട് തുല്യ ബലമുള്ള പ്രധാന പ്രസ്ഥാനങ്ങൾ. സി.പി.ഐ, മുസ്ളീം ലീഗ്, B.J.P, കോൺഗ്രസ്സ് (എസ്സ്), R.S.P, B.S.P. എന്നിവ മറ്റു പ്രസ്ഥാനങ്ങളാണ്. കർഷക സംഘം, ചുമട്ടുതൊഴിലാളി സംഘം, യുവജനസംഘടകളായ DYFI, യൂത്ത് കോൺഗ്രസ്സ് എന്നിവകൾ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാണിത്. രണ്ട് ഗവ. ഹൈസ്കൂളുകൾ, ഒരു വൊക്കേഷണൽ ഹയർ സെക്കന്റെറി, ഒരു പ്ളസ്ടു, നാല് പ്രൈമറി സ്കൂളുകൾ, മൂന്ന് മിഡിൽ സ്കൂളുകൾ, ഒരു ഗവ. നഴ്സറി സ്കൂൾ തുടങ്ങി ഒട്ടേറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഗ്രന്ഥശാലാ സംഘം അംഗീകരിച്ച 4 ഗ്രന്ഥശാലകൾ, രജിസ്ട്രേഷൻ ലഭിച്ച നാല് കലാസമിതികൾ, അംഗീകാരമുള്ള മൂന്ന് സ്പോർട്ട്സ് ക്ളബുകൾ, കലാഭാരതി കഥകളി അക്കാഡമി, മഹിളാ സമാജങ്ങൾ നാല്ചാരിറ്റബിൾ സൊസൈറ്റികൾ തുടങ്ങിയ സാംസ്കാരിക സംഘടനകൾ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

മത സൗഹാർദ്ദം ചരിത്രാതീത കാലം മുതൽ നിലനിൽക്കുന്ന ഒരു ഗ്രാമ പ്രദേശ മാണ് നമ്മുടെ പഞ്ചായത്ത്. പകൽക്കുറി വിഷ്ണുക്ഷേത്രം, ചാഴൂർശ്രീകൃഷ്ണ ക്ഷേത്രം, പുളിമാത്ത് ഭഗവതി ക്ഷേത്രം, കൊടി മരത്തിൻമൂട്, തേവരുമുകൾ തുടങ്ങിയ ആരാ ധനാകേന്ദ്രങ്ങൾ സർവ്വമത സൗഹാർദ്ദ കേന്ദ്ര ങ്ങളായി ഇന്നും വർത്തിക്കുന്നു. കാട്ടുപുതു ശ്ശേരിപള്ളി, പള്ളിയ്ക്കൽ ഠൗൺപള്ളി, വട ക്കേപള്ളി, കൊക്കോട്ടുകോണം പള്ളി, താഴെ ഭാഗംപള്ളി, കൊട്ടിയംമുക്ക് പള്ളി, തുടങ്ങിയ ഇസ്ലാംമത ആരാധനാ കേന്ദ്രങ്ങൾ സർവ്വമത സഹകരണത്തോടെ നിലനിൽക്കുന്നു. താഴെ ഭാഗം പള്ളിയും കടത്തും മാർത്താണ്ഡവർമ്മ യുടെ കാലത്തു ആരംഭിച്ചതാണ്. കടത്ത് നട ത്താനുള്ള അവകാശം ഒരു മുസ്ലിം കുടുംബ ത്തിനായിരുന്നു. പള്ളിയ്ക്കൽ ഠൗൺപള്ളി നിർമ്മിച്ചിരിക്കുന്നത് പള്ളിയ്ക്കൽ പുത്തൻവീ ട്ടിൽ ശ്രീ. ജ.ങ.കുഞ്ഞുരാമകുറുപ്പ് സംഭാവന ചെയ്ത സ്ഥലത്താണന്നുള്ളത് മത സൗഹാർദ്ദ ത്തിനുദാഹരണമാണ്. പുതിയ തലമുറയും ഈ സംസ്ക്കാരം ഉൾക്കൊണ്ടിട്ടുണ്ടന്നാണ് വിശ്വസിക്കുന്നത്.

നെൽകൃഷിയായിരുന്നു പഴയകാലം മുതൽ ഈ നാട്ടുകാരുടെ പ്രധാന തൊഴിലും വരു മാന മാർഗ്ഗവും. നായാട്ട് ഒരു ഉപതൊഴിൽ ആയിരുന്നു. കാലഘട്ടങ്ങൾ മാറിയ മുറയ്ക്ക് തൊഴിൽ മേഖലയിൽ വലിയ മാറ്റങ്ങൾ വന്നി ട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ എണ്ണം ഇന്ന് ചുരുങ്ങിവരുന്നു. കശുവണ്ടി, പാറ നിർമ്മാണം, ചുമട് (ലോഡിംഗ്) എന്നീ തുറ കളിലേക്ക് മാറികഴിഞ്ഞിരിക്കുന്നു. കൊല്ല പ്പണി, മരപ്പണി,മരം അറുപ്പ്, നെല്ല്കുത്ത്, ചെക്ക് ആട്ട്, മുണ്ടലക്ക് കുട്ട, വട്ടി നിർമ്മാണം തുടങ്ങിയ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. ജാതിപരമായി ചെയ്ത്കൊണ്ടിരുന്ന തൊഴിലുകൾ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. അഭ്യസ്തവിദ്യർ ധാരാളം ഉണ്ടെങ്കിലും ട്യൂട്ടോറിയലുകളോ പാരലൽ കോളേജുകളോ മാത്രം അവർക്ക് ആധാരമാകുന്നു. യുവതലമുറയുടെ വൈറ്റ് കോളർ ജോബ് സ്നേഹം നമ്മുടെ നാട്ടിൻപു റത്തിന്റെ സാമ്പത്തികപുരോഗതിക്ക് ഏറ്റവും വിലങ്ങ് തടിയായി തീർന്നിരിക്കുന്നു.

പഞ്ചായത്ത് വിഭജനകാലത്ത് മടവൂർ,പള ളിയ്ക്കൽ മടവൂർ പഞ്ചായത്തിന്റെ പ്രസിഡന്റ് ശ്രീ. M. ദേവദാസ് ആയിരുന്നു.വിഭജനത്തോ ടുകൂടി ഗവ:ൽ നിന്നും നോമിനേറ്റ് ചെയ്ത ശ്രീ:N.M.ബഷീർ പള്ളിക്കൽ പഞ്ചായത്തിന്റെ പ്രസിഡന്റായി അതിനുശേഷം ശ്രീ. V.N.വിജ യനുണ്ണിത്താനും ശ്രീ. M.അ.റഹീമും പ്രസി ഡന്റുമാരായി സേവനം അനുഷ്ഠിച്ചു.

**ജനസംഖ്യയുടെ വിവരം**

| ആകെ ജനസംഖ്യ | 14709 |
|---|---|
| പുരുഷൻ | 7010 |
| സ്ത്രീ | 7699 |
| SC | 1919 |
| SC പുരുഷൻ | 930 |
| SC സ്ത്രീ | 989 |
| ST. | – |
| ST പുരുഷൻ | – |
| ST സ്ത്രീ. | – |

**ജനസംഖ്യ**

| | വിസ്തീർണ്ണം Sq km | ജനസംഖ്യ | ജനസാന്ദ്രത per km² |
|---|---|---|---|
| പള്ളിക്കൽ | 16.36 | 14709 | |
| തിരുവനന്തപുരം | 2192 | 2946650 | 1344 |
| കേരളം | 29098518 | 38863 | 749 |

**സാക്ഷരത**

| ആകെ ജനസംഖ്യ | 14709 |
|---|---|
| പുരുഷൻ | 5636 |
| സ്ത്രികൾ | 5841 |

**കുഞ്ഞുങ്ങളുടെ എണ്ണം**

| 6 വയസ്സുള്ള കുട്ടികൾ | 1996 |
|---|---|
| ആൺകുട്ടികൾ | 1054 |
| പെൺകുട്ടികൾ | 942 |

## പള്ളിക്കൽ പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ

### വാർഡ് 1

1. കൃഷിഭവൻ.
2. S.N.V. U P S കാട്ടുപുതുശ്ശേരി.
3. ക്ഷീരോല്പാദകസഹകരണ സംഘം (അവ്കോഡ്)
4. സ്വകാര്യക്ഷീരവിപണന കേന്ദ്രം
5. സ്വകാര്യ വളക്കട

### വാർഡ് 2

1. പഞ്ചായത്ത് ആഫീസ്
2. പ്രൈമറി ഹെൽത്ത് സെന്റർ.
3. പള്ളിക്കൽ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്.
4. I C D S യൂണിറ്റ്.
5. ടെലഫോൺ എക്സേഞ്ച് ഓഫീസ്.
6. പള്ളിക്കൽ ഗവ: ഹൈസ്കൂളിന്റെ ഒരു ഭാഗം.
7. പഞ്ചായത്ത് സാംസ്ക്കാരിക കേന്ദ്രം.
8. കമ്യൂണിറ്റി ഹാൾ. (പ്രൈവറ്റ്)
9. സിമന്റ് കട്ട ഫാക്ടറി. (പ്രൈവറ്റ്)
10. കശുവണ്ടി ഫാക്ടറി. (പ്രൈവറ്റ്)
11. പള്ളിക്കൽ മഹിളാസമാജം.
12. S.B.T. ബ്രാഞ്ച്.
13. ഹൈന്ദവ ക്ഷേത്രങ്ങൾ 3.
14. മുസ്ലിംപള്ളി-1 (ഠൗൺ പള്ളി)
15. പഞ്ചയത്ത് പബ്ലിക് മാർക്കറ്റ്.
16. ജാസ് സ്പോർട്ട് ക്ലബ്ബ്.

### വാർഡ് 3

1. Govt: H.S. പള്ളിക്കൽ.
2. പോലീസ് സ്റ്റേഷൻ.
3. സ്വകാര്യ നഴ്സറി സ്കൂളുകൾ-2.
4. പോസ്റ്റാഫീസ്.
5. മൂതല ക്ഷീരോല്പാദക സഹകരണ സംഘം.
6. ശാന്തി സേവിനി മഹിളാസമാജം.
7. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്

### വാർഡ് 4

1. പോസ്റ്റാഫീസ്. (ബ്രാഞ്ച്)
2. മുസ്ലീം പള്ളികൾ (3).
3. മഹിളാസമാജം.

### വാർഡ് 5

1. മൂതല ഗവ: എൽ.പി.എസ്സ്.
2. ഗ്രാമോദ്ധാരണ വായനശാല.
3. മൂലഭാഗം ക്ഷേത്രം.
4. താഴെ ഭാഗം മുസ്ലിംപള്ളി.
5. വളക്കട (PFSCB)
6. സ്വകാര്യ ആശുപത്രികൾ 2.
7. മാർക്കറ്റ് (പ്രൈവറ്റ്).

### വാർഡ് 6

1. വില്ലേജ് ഓഫീസ്.
2. പോസ്റ്റ് ഓഫീസ്. ബ്രാഞ്ച്
3. മുസ്ലിംപള്ളി (വടക്കേപള്ളി)
4. കൊടിമരത്തിൻമുട് ക്ഷേത്രം.

### വാർഡ് 7

1. ദേവി വിലാസം എൽ.പി.എസ്സ്.
2. പാൽ സൊസൈറ്റി-ബ്രാഞ്ച്.
3. ക്ഷേത്രങ്ങൾ (3)

### വാർഡ് 8

1. ഗവ: ഹയർസെക്കന്ററി പകൻക്കുറി.
2. ഗവ: L.P.S. പകൻക്കുറി.
3. പോസ്റ്റാഫീസ് (ബ്രാഞ്ച്).
4. മാർക്കറ്റ് - പഞ്ചാത്ത്.
5. ഗവ: മൃഗാശുപത്രി.
6. സൗത്ത് ഇന്ത്യൻ ബാങ്ക്.
7. ഇലക്ട്രിസിറ്റി ഓർസികർ ഓഫീസ്
8. ക്ഷീരോല്പാദക സഹകരണ സംഘം.
9. P.A.S.C. വായനശാല
10. ഗാന്ധിസ്മാരക നിധി കേന്ദ്രം.
11. കലാഭാരതി കഥകളി വിദ്യാലയം.
12. M.K.K. നായർ സാംസ്ക്കാരിക മന്ദിരം.
13. ഗവ: പ്രീപ്രൈമറി സ്കൂൾ

14. സ്വകാര്യ ആശുപത്രികൾ– (3).
15. ഗ്രാമശ്രീ കൽച്ചറൽ സൊസൈറ്റി.
16. പ്രിയദർശിനി കൽച്ചറൽ സൊസൈറ്റി.
17. കല ആട്സ് കൊട്ടിയംമുക്ക്.
19. കൊട്ടിയമുക്ക് പള്ളി.
20. ക്ഷേത്രങ്ങൾ (3).
21. കേര സംരക്ഷണ സമിതി ഓഫീസ്.
22. പാരലൽ കോളേജുകൾ– 3.

വാർഡ് 9

1. കല്ലറക്കോണം U.P.S. (പ്രൈവറ്റ്)
2. ഗാന്ധിസ്മാരക വായനശാല.
3. ഹെൽത്ത് സെന്റർ.
4. കലാഭാരതി– ഒരു ഭാഗം.
5. ക്ഷേത്രങ്ങൾ– രണ്ട്.
6. പാൽ സൊസൈറ്റി– ബ്രാഞ്ച്.
7. സ്വകാര്യ വളക്കട

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക സമ്പദ്ഘടനയുടെ ഒരവിഭാജ്യ ഘടകമാണ് മൃഗസംരക്ഷണം. പള്ളിക്കൽ പഞ്ചായത്തിൽ പഴയകാലം മുതൽ കാർഷികവൃത്തിയോടൊപ്പം മൃഗപരിപാലനവും നിലവിൽ വന്നിരുന്നു. മുഖ്യമായും പശുക്കളെയും ഉഴവുമാടുകളെയുമാണു വളർത്തിയിറുന്നത്. പോത്ത്, എരുമ എന്നിവ നന്നേ കുറവായിരുന്നു. പാലിനും ഇറച്ചിക്കും വേണ്ടി ആടുകളെയും വളർത്തുക പതിവായിരുന്നു. പഞ്ചായത്തിൽ മേച്ചിൽസ്ഥലങ്ങളായി പലഭാഗങ്ങളും പണ്ടു മുതലേ ഒഴിച്ചിട്ടിരുന്നു. കന്നുകാലികളെ കൂട്ടമായി ഈ സ്ഥലങ്ങളിൽ കൊണ്ടുപോയി തീറ്റുന്ന സമ്പ്രദായം അടുത്ത കാലം വരെ നിലവിലിരുന്നു. കാലത്തിന്റെ മാറ്റത്തോടൊപ്പം ഈ മേച്ചിൽസ്ഥലം ജനങ്ങൾ കൈവശപ്പെടുത്തി പാർപ്പിടം നിർമ്മിക്കുകയും കൃഷിചെയ്യുകയും ചെയ്തു തുടങ്ങി. അതോടെ കന്നുകാലിവളർത്തൽ രീതിയിലും മാറ്റം വരുകയും വീടും പറമ്പും മാത്രം കന്നുകാലി വളർത്തൽ കേന്ദ്രങ്ങളായി മാറുകയും ചെയ്തു. കന്നുകാലികളുടെ എണ്ണത്തിലും ആനുപാതികമായ കുറവുണ്ടായി. നാടൻ കന്നുകാലി ഇനങ്ങളായിരുന്നു പ്രചാരത്തിലിരുന്നത്. ഇറച്ചിക്കുവേണ്ടി കന്നുകാലികളെ വളരെ കുറച്ചേ ഉപയോഗിച്ചിരുന്നുള്ളൂ. കോഴിവളർത്ത് വീടുകളിൽ ചുരുങ്ങിയ തോതിൽ നിലനിന്നിരുന്നു.

കഴിഞ്ഞ മൂന്നു ദശാബ്ദ കാലയളവിൽ നമ്മുടെ സംസ്ഥാനത്ത് ഉണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണ മേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധന മുടക്കിൽ കൂടുതൽ സാമ്പത്തിക നേട്ടത്തിനു ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണം. സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ നമ്മുടെ ഗ്രാമപ്രദേശത്തെ സമ്പദ് വ്യവസ്ഥയുടെ നെടും തൂണായി മാറിയിരിക്കുന്നു മൃഗസംരക്ഷണം. കന്നുകാലി ഉടമകളിൽ കൂടുതലും ചെറുകിട കർഷകരും കർഷക തൊഴിലാളികളും ഉൾപ്പെടുന്ന സാമ്പത്തിക പശ്ചാത്തലത്തിൽ ഉള്ളവരോ, ഇടത്തരക്കാരോ ആണ്. വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതൊരു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സംപുഷ്ടമാക്കുക തന്നെ ചെയ്യും.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടിനുള്ളിൽ മൃഗസംരക്ഷണ രംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മാ വർദ്ധനവും ഉത്പാദന ക്ഷമതയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ പകൽക്കുറിയിൽ ഒരു മൃഗാശുപത്രിയും മൂതല കേന്ദ്രമാക്കി ഒരു ബീജസങ്കലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ ക്ഷീരോത്പാദകർക്ക് വിപണന സഹായിയായും മാർഗ്ഗനിർദ്ദേശിയായും മൂന്ന്

ക്ഷിരോത്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ പകൽക്കുറി കേന്ദ്രമാക്കി പ്രവർത്തിക്കുന്നത് പരമ്പരാഗത സംഘവും മൂതലയും കാട്ടുപുതുശ്ശേരിയിലും പ്രവർത്തിക്കുന്ന സംഘങ്ങൾ APCOS മാതൃകയിലുള്ളതുമാണ്. മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ കർഷകരെ സഹായിക്കുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഈ സംഘങ്ങളിൽ മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജൻമാരുടെയും മിൽമയിലെ വെറ്ററിനറി ഓഫീസർമാരുടെയും ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെയും സേവനം ലഭ്യമാണെങ്കിലും പര്യാപ്തമല്ല.

### സാധ്യതകൾ

മൃഗസംരക്ഷണ മേഖലയുടെ സാധ്യതകൾ പലപ്പോഴും പാലുൽപാദനത്തെ മാത്രം കേന്ദ്രീകരിച്ചാകും ചർച്ചാവിഷയമാകുക. എന്നാൽ ക്ഷീരോല്പാദന പ്രവർത്തനങ്ങൾക്ക് ഉപരിയായി പോഷക പ്രധാനങ്ങളായ മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ മൃഗസംരക്ഷണ വിഭാഗം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. ഇന്ന് കേരളത്തിൽ ഉപയോഗിക്കുന്ന മുട്ടയും മാംസവും ഏറിയകൂറും അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവയാണ്. മാംസോത്പന്നത്തിന്റെ ഉപോത്പന്നങ്ങളായ തുകൽ, എല്ല്, ജലാറ്റിൻ, കൊഴുപ്പ് എന്നിവ പല വ്യവസായങ്ങൾക്കും അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നവയാണ്. ഔഷധ നിർമ്മാണത്തിന് ആവശ്യമായ ഹോർമോണുകൾ, വാക്സിൻ, എൻസൈമുകൾ മുതലായവയുടെ ഉത്പാദനത്തിനും മൃഗസമ്പത്ത് അത്യന്താപേക്ഷിതമാണ്.

കാർഷിക മേഖലയിൽ മൃഗസമ്പത്തിന്റെ സംഭാവനകൾ ഏറെയാണ്. ഇതിൽ പ്രധാനം കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം തന്നെയാണ്. ഗ്രാമപ്രദേശങ്ങളിൽ നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനും ഉപയോഗിക്കുന്ന മൃഗശക്തി ഒട്ടും തന്നെ അപ്രധാനമല്ല. ഒരു ഊർജ്ജസ്രോതസ് എന്ന നിലയിൽ മൃഗസമ്പത്തിന് കാര്യമായ ശ്രദ്ധ ലഭിച്ചിട്ടില്ല. പെട്രോളിയം പാചക വാതകത്തിന്റെ ദൗർലഭ്യവും, അധികവിലയും വിറകിന്റെ ക്ഷാമവും ജൈവവാതകത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ ഇത് വളരെ ഫലപ്രദമായി ഉപയോഗിക്കാമെന്ന് നമ്മുടെ പരിസരങ്ങളിൽ വർഷങ്ങളായി ഉപയോഗിക്കുന്ന ജൈവവാതക പ്ലാന്റ് ഉടമകളിൽ നിന്നും മനസിലാക്കാവുന്നതാണ്. മൃഗസംരക്ഷണ വിഭാഗത്തിന്റെ മറ്റൊരു പ്രധാന പ്രവർത്തന മേഖലയാണ് പൊതു ജനാരോഗ്യ സംബന്ധമായ സേവനങ്ങൾ. ഇതിൽ പ്രധാനപ്പെട്ടവ പേയ് വിഷബാധ നിർമ്മാർജ്ജന പ്രവർത്തനങ്ങളും പേയ് വിഷബാധയ്ക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുമാണ്. കേരളത്തിലെ ചില പഞ്ചായത്തുകൾ ഇതിനോടകംതന്നെ പേയ് വിഷബാധ നിർമ്മാർജ്ജിത [Rabies free] പഞ്ചായത്തുകളായി പ്രഖ്യാപിച്ചു കഴിഞ്ഞു. കൂട്ടായ പ്രവർത്തനത്തിലൂടെ ഭാവിയിൽ നമുക്കീ ഭീകര രോഗത്തെ എന്നെന്നേക്കുമായി നാടുകടത്തേണ്ടിയിരിക്കുന്നു.

പൊതുജനാരോഗ്യ സേവനങ്ങളിൽ ഇനി എടുത്തുപറയാനുള്ളത് മാംസ ഉത്പാദനവും മാംസ പരിശോധനയുമാണ്. മാംസം വഴി മനുഷ്യന് പകരാവുന്ന രോഗങ്ങൾ അനവധിയാണെന്നിരിക്കെ മാംസോപഭോക്താക്കളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശുദ്ധമായ മാംസലഭ്യത ജനങ്ങളുടെ ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു. വൃത്തിഹീനമായ സ്ഥലത്തുവച്ചുള്ള മാംസ വ്യാപാരം ഒരു പരിധിവരെ നമ്മുടെ നാടിന്റെ തീരാശാപമാണ്. ഇതിനൊരു കടിഞ്ഞാണിടാൻ വേണ്ടിയാണ് പഞ്ചായത്തു തലത്തിലോ ബ്ലോക്കു തലത്തിലോ അറവു ശാലകളും [Slaughter houses] അവയിലൂടെ രൂപപ്പെടുത്തിയെടുക്കുന്ന മാംസത്തിന് വേണ്ട ഗുണനിലവാരം ഉറപ്പു വരുത്താൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യമാക്കുന്നത്.

പൊതുജനാരോഗ്യം പോലെ ജനങ്ങൾക്ക് ഒരു തൊഴിൽ മേഖല എന്ന രീതിയിലും മൃഗ

സംരക്ഷണ മേഖല ഇന്ന് ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു. ഇതിനുദാഹരണമാണ് ഒരു ലക്ഷം യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിൽ കൂടുതൽ പേരും തെരെഞ്ഞെടുക്കുന്നത് മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടവയെന്നത്. പ്രധാന തൊഴിൽ എന്നതിലുപരി ഒരു ഉപതൊഴിലായും ഈ മേഖലയെ കാണാവുന്നതാണ്. വനിതകൾക്ക് കുടുംബ വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്നതിനുവേണ്ടി ഉപതൊഴിൽ മേഖലയായി വർത്തിക്കുന്നു. ആയതിനാൽ തന്നെ ഈ മേഖലയിലെ 60% അദ്ധ്വാനവും സ്ത്രീകൾ നിർവഹിക്കുന്നതും. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമ പ്രദേശങ്ങളിലെ നാമമാത്ര കർഷകരിൽ ഒതുങ്ങി നിൽക്കുന്നതുകൊണ്ട് ഈ മേഖലയിലുള്ള സമഗ്രമായ ഏതൊരു വികസനവും ഗ്രമീണ സമ്പദ്‌വ്യവസ്ഥയെ ശക്തമാക്കും എന്നതിൽ യാതൊരു സംശയുമില്ല.

### പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ മൃഗസംരക്ഷണ മേഖല

നാമമാത്രകർഷകരും ഇടത്തട്ടുകാരും സമ്പന്നരും മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. കർഷകരും ഇടത്തട്ടുകാരും മൃഗസംരക്ഷണം ഒരു ഉപജീവനമാർഗ്ഗമായോ ഉപതൊഴിലായോ കാണുമ്പോൾ മറ്റുള്ളവർ വീട്ടാവശ്യത്തിന് മാത്രമുള്ള പാലിനും മുട്ടയ്ക്കും വേണ്ടിയാണ് മൃഗസമ്പത്തിനെ ഉപയോഗിക്കുന്നത്. അടിയ്ക്കടിയുള്ള അസുഖങ്ങൾ, തീറ്റയുടെ ക്രമാതീതമായ വില വർദ്ധന, മൃഗസംരക്ഷണപ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

1996 ലെ കന്നുകാലി സെൻസസ് പ്രകാരം ഒൻപതു വാർഡുകളുള്ള പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ ഏകദേശം 2,817 പശുക്കളും 10 എരുമകളും 1,434 ആടുകളും 1,021 പട്ടികളും 11,203 കോഴികളും 263 താറാവുകളും ഉണ്ട്. ഇതിൽ നിന്നും ജനങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത് പശുവളർത്തൽ, ആടുവളർത്തൽ കോഴിവളർത്തൽ എന്നിവയിലാണെന്നും മനസ്സിലാക്കാം.

അനുബന്ധങ്ങൾ ചുവടെ

**അനുബന്ധം 1**

**ജനന രജിസ്റ്റർ**

| ഇനം | ജനിച്ച കുട്ടികളുടെ എണ്ണം | |
|---|---|---|
| | ആൺ | പെൺ |
| പശു | 191 | 170 |
| എരുമ | – | – |

ഈ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയുടെ പ്രവർത്തനങ്ങൾക്ക് ഒരു സഹായിയായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് പള്ളിക്കൽ പഞ്ചായത്തിലെ പകൽക്കുറി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൃഗാശുപത്രി. ഈ ഗവൺമെന്റ് മൃഗാശുപത്രി 1980 ആഗസ്റ്റ് മാസം 20-ാം തീയതി സ്ഥാപിതമായി. ഒരു വെറ്ററിനറി സർജനും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അറ്റന്ററും ഒരു പാർട്ട് ടൈം സ്വീപ്പറും ഈ സ്ഥാപനത്തിൽ പ്രവർത്തി ചെയ്യുന്നു. ഇത് 1980 മുതൽ 1989 വരെ വാടകകെട്ടിടത്തിലും 1989ന് ശേഷം സർക്കാർവക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഈ ആശുപത്രിയിൽ ആവശ്യത്തിനുള്ള മരുന്നിന്റെ അഭാവം പലപ്പോഴും പാവപ്പെട്ട കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. പകൽക്കുറി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലേയ്ക്ക് ചികിത്സക്കായി വരുന്ന കർഷകന് പലപ്പോഴും ഓയൂരോ, പള്ളിക്കലോ, പാരിപ്പള്ളിയിലോ മരുന്നിനു വേണ്ടി പരക്കംപായേണ്ടി വരുന്നു. പകൽക്കുറി കേന്ദ്രമാക്കി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ സ്റ്റോറിന്റെ അഭാവമാണ് ഇതിനു കാരണം. ആശുപത്രി സംരക്ഷണ സമിതിയോ സഹകരണ സംഘങ്ങൾക്കോ ആവശ്യമരുന്നുകളുടെ ഒരു കൗണ്ടർ തുടങ്ങി ഈ ബുദ്ധിമുട്ട് ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്. എന്നു മാത്രമല്ല മിതമായ വിലയ്ക്ക് കർഷകന് ലഭിക്കുകയും ചെയ്യും.

സ്വന്തം കാര്യങ്ങൾ സമയാസമയം ചെയ്തു തീർക്കാൻ കഴിയാതെ തിരക്കിൽപ്പെട്ടു കഴിയുന്ന ഉടമയ്ക്ക് കൂടുതൽ സമയം മൃഗചികിത്സക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി ചെലവഴിക്കാൻ സാധിക്കുന്നില്ല. ഇത് പലപ്പോഴും മൃഗങ്ങളിൽ അസുഖം മൂർഛിക്കുന്നതുവരെ ഉടമസ്ഥനെ മൃഗാശുപത്രിയിൽ നിന്നും അകന്നു നിൽക്കാൻ കാരണമാകുന്നു. എന്നു മാത്രമല്ല വൈകി എത്തുന്ന ചികിത്സ പല രീതിയിൽ കർഷകന് നഷ്ടം ഉണ്ടാക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആശുപത്രിയിൽ ടെലിഫോൺ സൗകര്യം ഉണ്ടെങ്കിൽ പെട്ടെന്നു തന്നെ ബന്ധപ്പെടാനും വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കാനും ഉടമയ്ക്ക് കഴിയും.

ആശുപത്രിയിൽ ഒരു വാഹനം ലഭ്യമാക്കുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. പലപ്പോഴും ചികിത്സ ഉടമസ്ഥന്റെ വീട്ടുപടിക്കൽ എത്തേണ്ടിവരുന്നതിനാൽ യാത്രക്കായി ഒരു വൻതുക കർഷകന് ചിലവാകുന്നു. ഈ സാഹചര്യങ്ങളിൽ ആശുപത്രിയിൽ ഒരു ടെലഫോൺ കണക്ഷനും വാഹനവും ഉണ്ടെങ്കിൽ കർഷകന് പതിന്മടങ്ങ് ഉത്സാഹത്തോടുകൂടി ഈ മേഖലയിലേയ്ക്ക് ആകർഷിക്കപ്പെടും.

മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്തുന്നതിനായി ബ്ലോക്കുതലത്തിൽ ലബോറട്ടറികളുടെ പ്രവർത്തനം ലഭ്യമാക്കുന്നതോടൊപ്പം ആശുപത്രികളിൽ പ്രൈമറി തലത്തിലുള്ള രോഗം കണ്ടുപിടിക്കുന്നതിന് വേണ്ട രീതിയിൽ ഒരു ലബോറട്ടറിയും ആവശ്യമാണ്. മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള കർഷകർ ഏറെയുള്ള ഈ പ്രദേശത്ത് കൃത്രിമബീജസങ്കലന പ്രവർത്തനങ്ങളിൽ ഇന്നു ലഭ്യമാകുന്ന സുപ്പീരിയർ സുനന്ദിനി വർഗത്തിൽപ്പെട്ടവയ്ക്ക് വേണ്ടിയുള്ള ബീജസങ്കലന സൗകര്യം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.

ഉടമസ്ഥൻ ഉള്ളതും ഇല്ലാത്തതുമായ ധാരാളം നായ്ക്കൾ പഞ്ചായത്തിൽ പലപ്പോഴായ് പേയ് വിഷബാധാ ഭീഷണി ഉയർത്തുന്നു. ഉടമസ്ഥനില്ലാത്ത നായ്ക്കളുടെ പൂർണ്ണ നശീകരണം, സമ്പൂർണ്ണ പേയ് വിഷബാധാ പ്രതിരോധ കുത്തിവയ്പ്, ബോധവൽക്കരണം എന്നിവ കൊണ്ടു മാത്രമേ ഈ ഭീകരരോഗത്തെ ഇല്ലായ്മ ചെയ്യുവാൻ കഴിയൂ.

പള്ളിക്കൽ പഞ്ചായത്തിൽ മൃഗാശുപത്രിക്കു പുറമേ മൂതല കേന്ദ്രമാക്കി ഒരു കൃത്രിമ ബീജസങ്കലന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനം വഴി നാട്ടിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും ബീജസങ്കലനവും നടന്നു വരുന്നു. ഇവിടെ നിന്നും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ സേവനം ജനങ്ങൾക്ക് ലഭിക്കുന്നു. ഈ സൗകര്യങ്ങൾ ഒക്കെയും പ്രവൃത്തി സമയത്തിനുശേഷം ലഭ്യമാകാത്തത് ഒരു ചോദ്യചിഹ്നമായി കർഷകരിൽ നിലനിൽക്കുന്നു. "ഇതിനുശേഷം ഞങ്ങൾക്ക് എവിടെ നിന്നും സഹായം ലഭ്യമാകും?" ഈ പ്രവണത പലപ്പോഴും നാട്ടുവൈദ്യൻ മാരുടെയും യോഗ്യത ഇല്ലാത്തവരുടെയും നുഴഞ്ഞു കയറ്റത്തിന് ഈ മേഖല സൗകര്യമുള്ളതായി തീരുന്നു. ഇത് പലപ്പോഴും മൃഗസമ്പത്തിന് ഭീഷണിയായിതീരാറുണ്ട്. ഇതിനു പരിഹാരമായി ബ്ലോക്കു തലത്തിൽ ഏതെങ്കിലും ഒരാശുപത്രി 12 മണിക്കൂർ പ്രവർത്തിക്കത്തക്ക തരത്തിൽ സജ്ജമാക്കേണ്ടിയിരിക്കുന്നു. ഈ ബ്ലോക്കിലെ തന്നെ മറ്റെല്ലാ പഞ്ചായത്തിലെ ജനങ്ങൾക്ക് എത്തിച്ചേരുന്നതിനു സൗകര്യമുള്ള തരത്തിൽ ആശുപത്രി കണ്ടെത്തുക.

### പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പാക്കിയ പദ്ധതികൾ

ഈ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് പല തരത്തിലുള്ള പദ്ധതികളും നടപ്പിലാക്കുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

1. Special Livestock Breeding Programme [SLBP]

മൃഗസംരക്ഷണ വകുപ്പിന്റെ ഒരു പ്രധാന പദ്ധതിയാണിത്. പകൽക്കുറി ക്ഷീരോദ്പാദക സഹകരണ സംഘവുമായി സഹകരിച്ചാണ്

ഇത് നടപ്പിലാക്കി വരുന്നത്. ഇതിനായി 4 മാസം മുതൽ 9 മാസം വരെ പ്രായമുള്ള പെൺകിടാവുകളെ തെരഞ്ഞെടുക്കുകയും അവയ്ക്ക് പകുതി വിലയ്ക്ക് കാലിത്തീറ്റ വിതരണം ചെയ്യുകയും ചെയ്യുന്നു. ഇവയ്ക്ക് 32 മാസം പ്രായമെത്തുകയോ പ്രസവിക്കുകയോ ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ ഈ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നു. ഇതിലുപരിയായി സൗജന്യ പരിശോധനാ സൗകര്യങ്ങളും ഇൻഷ്വറൻസ് കവറേജും ലഭ്യമാണ്. ഈ സൗകര്യം ഇതുവരെ വളരെ കുറച്ചു കർഷകർക്കു മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇത് ഇനിയും വികസിപ്പിക്കേണ്ടതും കന്നുകാലി വളർത്തുന്ന എല്ലാപേർക്കും ഈ സൗകര്യം ലഭ്യമാക്കേണ്ടതും ആവശ്യമാണ്.

SCP, TSP എന്നീ പദ്ധതികൾ മുഖേന 6 കുടുംബങ്ങൾക്ക് രണ്ട് കറവ പശുക്കൾ വീതവും 12 കുടുംബങ്ങൾക്ക് രണ്ട് കറവ ആടുകൾ വീതവും 1993–94 കാലയളവിൽ ലഭ്യമാക്കുകയുണ്ടായി. കൂടാതെ 10 കുടുംബങ്ങൾക്ക് 15 മുട്ടക്കോഴിയും കൂടും സൗജന്യമായി നൽകുകയുണ്ടായി.

MLPP പദ്ധതി പ്രകാരം പള്ളിക്കൽ പഞ്ചായത്തിൽ 1994–95 കാലയളവിൽ 3000 മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയുണ്ടായി. ഇതിനുപരിയായി പേയ് വിഷബാധാ നിർമ്മാർജ്ജനപരിപാടിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകളും സൗജന്യ നിരക്കിൽ പ്രതിരോധ കുത്തിവയ്പും കർഷകർക്ക് ലഭ്യമാക്കി.

### പാലുത്പാദനം സംബന്ധിച്ച വിവരങ്ങൾ

പള്ളിക്കൽ പഞ്ചായത്തിൽ പാൽ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി പകൽക്കുറി കേന്ദ്രമാക്കി ഒരു പരമ്പരാഗത സഹകരണ സംഘവും മുതലവും കാട്ടപുതുലശ്ശേരിയിലും ഒരോ Apcos മാതൃകാ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. ഈ കേന്ദ്രങ്ങളിൽ എല്ലാം കൂടി പ്രതിവർഷം ഏകദേശം 6,50,000 ലിറ്റർ പാൽ സമാഹരിക്കുകയും ഏകദേശം 4,50,000 ലിറ്റർ പാൽ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുകയും ചെയ്യുന്നു. ശേഷിച്ച പാൽ Apcos സഹകരണസംഘങ്ങൾ വഴി മേഖലാ ഡയറിയിലേയ്ക്ക് അയയ്ക്കുന്നു. ഇതു കൂടാതെ പഞ്ചായത്തു നിവാസികൾ മറ്റു പഞ്ചായത്തുകളിലെ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാൽ ഏകദേശം 1,50,000 ലിറ്റർ എങ്കിലും വരും എന്നു കണക്കാക്കുന്നു. പഞ്ചായത്തിലെ തന്നെ വീടുകളിലും ഹോട്ടലുകളിലുമായി നേരിട്ട് ഉത്പാദകർ ഏകദേശം 4,00,000 ലിറ്റർ പാൽ പ്രതിവർഷം വിതരണം നടത്തുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമേ ഉത്പാദകർ സ്വന്തം ആവശ്യത്തിനായി ഏകദേശം 1,00,000 ലിറ്റർ പാൽ പ്രതിവർഷം ഉപയോഗിക്കുന്നു എന്നു കണക്കാക്കിയാൽ പഞ്ചായത്തിൽ പ്രതിവർഷം 11 ലക്ഷം ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നു എന്നു മനസ്സിലാക്കാം. പഞ്ചായത്തിൽ പ്രതിവർഷം ഉണ്ടാക്കുന്ന മൂല്യം 11,00,000 Lpt x Rs 11.00 Rs 1,21,00,000 വരുന്നു എന്ന് മനസ്സിലാക്കാം. തീർച്ചയായും ഈ തുക പഞ്ചായത്തിന്റെ സമ്പദ്ഘടനയുടെ ഒഴിച്ചു കൂടാനാകാത്ത ഒരു ഭാഗമാണ്.

### മാംസോത്പാദനം സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ സ്വന്തമായ ഒരു അറവ് ശാലയുടെ അഭാവം ശുദ്ധമാംസത്തിന്റെ ലഭ്യത കുറയ്ക്കുന്നു എന്നതുപോലെ തന്നെ ഇതിന് ഒരു വ്യക്തമായ കണക്കെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്നു. പഞ്ചായത്തു മാർക്കറ്റുകളിൽ ഇറച്ചി വെട്ടുന്നതിനുള്ള അനുവാദം പള്ളിക്കൽ, തോളൂർ എന്നീ മാർക്കറ്റുകളിൽ ഉണ്ടെങ്കിലും അവ ഇറച്ചി വില്പന കേന്ദ്രം മാത്രമായാണ് ഉപയോഗിക്കുന്നത്. ഇറച്ചി വെട്ടുന്നതിന് മറ്റു സ്ഥലങ്ങളാണ് ഉപയോഗിക്കുന്നത്. ഈ കാരണങ്ങളാൽ മാംസപരിശോധനയോ മാംസത്തിനുപയോഗിക്കുന്ന മൃഗങ്ങളുടെ പരിശോധനയോ സാധ്യമാകുന്നില്ല. ഇത് തീർച്ചയായും ഒരു പൊതുജനാരോഗ്യ പ്രശ്നം തന്നെയാണ്. ഇതിന് പരിഹാരമായി പഞ്ചായത്തിൽ തന്നെ ഒരു അറവുശാലയും അവിടെ മാംസ പരിശോധനാ സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ മാത്രമേ ശുദ്ധ

മായ മാംസം ലഭ്യമാകുകയുള്ളൂ. ഏകദേശം കണക്കുകൾ നൽകുന്ന വിവരം, പള്ളിക്കൽ പഞ്ചായത്തിൽ ഉപയോഗിക്കുന്ന മാംസത്തിന്റെ അളവും മൂല്യവും താഴെ പറയുന്നു.

| | |
|---|---|
| ആട്ടിറച്ചി | 38,325 kgs |
| കാള/പശു/എരുമ/പോത്ത് | 1,82,500 kgs |
| ആകെ | 2,20,825 kgs |
| മാംസത്തിന്റെ മൂല്യം | 1,29,57,500 രൂപ |

ഈ മാംസത്തിന്റെ ഭൂരിഭാഗവും മറ്റുസ്ഥലങ്ങളിൽ അറവു നടത്തികൊണ്ടു വരുന്നവയാണ് എന്നു മാത്രമല്ല യാതൊരു വിധ പരിശോധനയും നടത്താത്തതുമാണ്. ഇത്രയും മാംസം ഇവിടെ ഉപയോഗിക്കുന്നുണ്ടെങ്കിലും ഈ മൃഗങ്ങളിൽ 90% അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. ഇതു മൂലം വലിയൊരു തുക പഞ്ചായത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ഇതിന് പരിഹാരമായി മാംസോത്പാദനത്തിന് മുൻ തൂക്കം നൽകി ആടു വളർത്തൽ, മൂരിക്കുട്ടികളെയും പോത്ത് തുടങ്ങിയവയെയും വളർത്തുന്നത് നന്നായിരിക്കും. ഇത്തരത്തിൽ വളർത്തി ഉപയോഗിക്കുകയാണെങ്കിൽ മാംസോത്പാദനത്തിനുള്ള സ്വയം പര്യാപ്ത മാത്രമല്ല സമ്പദ്ഘടനയിൽ ഗണ്യമായ മാറ്റവും പ്രതീക്ഷിക്കാവുന്നതാണ്

മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ഉരുക്കളുടെ പ്രവാഹം തടയുന്നതു വഴി പല മാരക-രോഗങ്ങളുടെയും പകർച്ച തടയാവുന്നതാണ്. ഇതിനെല്ലാം ഉപരിയായി ശാസ്ത്രീയമായ സംസ്കരണവും വിപണനവും സാധ്യമാക്കേണ്ടതുമാണ്. ഇത് സാധ്യമായാൽ ഇന്ന് ഈ മേഖലയിലേയ്ക്ക് കടന്നു വരുന്നതിന് അറച്ചു നിൽക്കുന്ന യുവാക്കൾക്ക് ഒരു പ്രചോദനമായി തീരുകയും ചെയ്യും.

### ആടു വളർത്തൽ

ആടു വളർത്തൽ ഉണ്ടെങ്കിൽ തന്നെയും അത് ഒരു വരുമാന മാർഗ്ഗമായി കാണത്തക്ക വിധത്തിൽ വിപുലമായ തോതിൽ കണ്ടു വരുന്നില്ല. ഒരു വീട്ടിൽ ഒരു ആടും കുട്ടികളും എന്ന തോതിൽ മാത്രമേ ഇത് വളർത്തുന്ന വീടുകളിൽ കാണുന്നുള്ളൂ. ഇതു തന്നെയും അശാസ്ത്രീയമായ പരിചരണ രീതിയിലാണ് വളർത്തി വരുന്നത്. ആടിന് കൂടു കെട്ടിയുള്ള പരിചരണം ഇവിടെ എങ്ങും തന്നെ കണ്ടു വരുന്നില്ല. ഈ കാരണങ്ങളാൽ പ്രതിരോധ ശക്തി കുറഞ്ഞ ഈ മൃഗത്തിന് കൂടുതൽ അസുഖങ്ങൾ ഉണ്ടാകുന്നതിനു കാരണമാകുന്നു. ധാരാളം പച്ചിലകളും മറ്റും ലഭ്യമായ ഈ പഞ്ചായത്തിൽ ആടു വളർത്തലിന് അനുയോജ്യമായ സാഹചര്യമാണ്. കൂടുതൽ താത്പര്യമുള്ള കർഷകരെ കണ്ടെത്തി അവരെ വേണ്ട പ്രോത്സാഹനങ്ങൾ നൽകി ഇതിലേക്ക് കൊണ്ടു വരേണ്ടതുണ്ട്. പാലിനേക്കാളുപരി ആട്ടിറച്ചി വളരെ വിലപിടിപ്പുള്ളതും കിട്ടാനില്ലാത്തതുമായ ഒരു വസ്തുവായി മാറിയിരിക്കുന്നു. ശാസ്ത്രീയമായ രീതിയിലുള്ള പദ്ധതികളിലൂടെ ആടുവളർത്തൽ ഈ ഭൂപ്രദേശത്ത് പ്രാവർത്തികമാക്കിയാൽ വളരെ പെട്ടെന്നു തന്നെ ഈ മേഖലയിൽ പുരോഗതി സാധ്യമാക്കാം.

### പന്നി വളർത്തൽ

താത്പര്യമുള്ള കർഷകരുടെ കുറവും വിപണന മേഖലയിൽ ഈ പ്രദേശത്തുള്ള സാമൂഹിക വിലക്കുകളും ഇവിടെ പന്നി വളർത്തലിന് അനുയോജ്യമല്ലാതാക്കുന്നു. വർദ്ധിച്ചു വരുന്ന ശാസ്ത്രീയ അവബോധവും ബോധവൽക്കരണവും കൊണ്ട് സമീപ ഭാവിയിൽ ഈ മേഖല പുരോഗതി പ്രാപിക്കുമെന്നു കരുതാം.

### മൂരിക്കുട്ടി/പോത്തിൻ കുട്ടികളെ വളർത്തൽ

ആൺകുട്ടി ആണെങ്കിൽ അവയ്ക്ക് വേണ്ട രീതിയിൽ ആഹാരവും പാലും നൽകാത്തതും സമയാസമയങ്ങളിലുള്ള ചികിൽസ നടത്താത്തതും മൂരിക്കുട്ടികൾ ശോഷിച്ച് ഇല്ലാതാകുന്നതിനു കാരണമാകുന്നു. ഇവയ്ക്ക് ശാസ്ത്രീയ പരിചരണം നൽകിയാൽ ഒരു വയസു പ്രായമുള്ള കുട്ടികൾ നല്ല മാംസം നൽകുമാറ് വലിപ്പം വയ്ക്കുന്നവയാണ്. ഇതിനു വേണ്ടിയുള്ള ഒരു സമീപനം ജന

ങ്ങൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. ബ്രോയിലർ ഫാം പോലെ തന്നെ ഇറച്ചിക്കുവേണ്ടി മുരിക്കുട്ടികളെ നൽകാൻ പ്രാപ്തമായ രീതിയിൽ അവയെ സംഘടിപ്പിച്ച് വളർത്തുകയും ആവശ്യാനുസരണം വിൽക്കുകയും ചെയ്യുന്നതിനുള്ള ഒരു പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാവുന്നതാണ്.

### ബ്രോയിലർ കോഴിയിറച്ചി ഉത്പാദനം

ചെറിയ രീതിയിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ഫാമുകൾ ഉണ്ടെങ്കിലും ഇനിയും ഈ മേഖലയിൽ ഏറെ സാധ്യതകളുണ്ട്. ശാസ്ത്രീയമായി ഇവയുടെ വളർത്തു രീതിയും മറ്റും പഠിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തു തലത്തിൽ നൽകുകയും വിപണനത്തിനായി സഹകരണ മേഖലയുണ്ടാക്കുകയും ഇവയ്ക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ നൽകുകയും ചെയ്താൽ ഈ മേഖല പുഷ്ടിപ്രാപിക്കും.

### മുട്ടയുത്പാദനം

മുട്ടക്കോഴി വളർത്തൽ വിപുലമായ തോതിൽ ഇവിടെ നടക്കുന്നില്ല. ഓരോ വീട്ടിനും ആവശ്യമായ മുട്ട ഉത്പാദിപ്പിക്കത്തക്ക തരത്തിലുള്ള നാടൻ കോഴികളെ വളർത്തുന്ന രീതിയാണിന്നുള്ളത്. വീട്ടുവളപ്പിലെ കോഴികൃഷി എന്ന രീതി ഒഴിവാക്കി കൂടുകളിൽ വളർത്തുന്ന രീതി ആവിഷ്കരിച്ചാൽ കൃഷിനാശം ഭയന്നും കുറച്ചുമാത്രം ഭൂമിയുള്ള കർഷകനും ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടും. ഇപ്രകാരം നാം മുട്ട ഉത്പാദനം വർദ്ധിപ്പിച്ചാൽ മുട്ടയ്ക്കുവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിൽ നിന്നു മോചനവും സാമ്പത്തിക ലാഭവും ഉറപ്പുവരുത്താം. താറാവ് വളർത്തലിനും അനുയോജ്യമായ പ്രദേശമാണിത്. ഈ മേഖലയിലേക്കും ശ്രദ്ധ തിരിയേണ്ടതാണ്.

### കാലിത്തീറ്റ സംബന്ധിച്ച വിവരങ്ങൾ

കന്നുകാലികൾക്ക് ആവശ്യമായ പുൽവർഗങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനം കർഷകർക്ക് നൽകുകയും പുൽക്കൃഷി വ്യാപകമാക്കുകയും ചെയ്യുക വഴി കാലിത്തീറ്റയുടെ ഉപഭോഗം ഗണ്യമായ രീതിയിൽ കുറയ്ക്കാവുന്നതാണ്. കന്നുകാലികൾക്ക് ആവശ്യം പുൽവർഗ ആഹാരമാണ്. അതിന്റെ ദൗർലഭ്യമാണ് അവയ്ക്ക് കാലിത്തീറ്റ നൽകാൻ നിർബന്ധിക്കുന്ന ഘടകം. വർധിച്ചുവരുന്ന കാലിത്തീറ്റയുടെ വിലയും കാലിത്തീറ്റയെ മാത്രം ആശ്രയിച്ചുള്ള കാലിവളർത്തലും ഈ മേഖലയെ തളർത്തുന്നു. കർഷകരുടെ സ്വന്തം കൃഷി ഭൂമിയുടെ കുറവും പുൽവളർത്തലിന് ഒരു വിഘാതമാകുന്നു. ഈ സാഹചര്യത്തിലാണ് പഞ്ചായത്തിന്റെ തരിശു ഭൂമികൾ കണ്ടെത്തലും അവയിൽ പുൽകൃഷി ചെയ്യുന്നതിനുള്ള പ്രാധാന്യവും പ്രോത്സാഹനവും, കൂട്ടായ്മയിലൂടെയുള്ള തീറ്റപ്പുൽ കൃഷി സമ്പ്രദായവും പരീക്ഷിച്ചു നോക്കാവുന്നതേയുള്ളൂ എന്നിരിക്കിലും കാലിത്തീറ്റയുടെ വിലവർധന ഇന്ന് ഈ മേഖല നേരിടുന്ന ഒരു വൻ ഭീഷണി തന്നെയാണ്. കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക ഈ മേഖലയുടെ തന്നെ നിലനില്പിന് ആവശ്യമാണ്. ഇതിനായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയോ ടഘആ പോലുള്ള പദ്ധതികൾ വഴി എല്ലാ ക്ഷീര കർഷകനും ലഭ്യമാക്കുകയോ ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

### കാട, ടർക്കി വളർത്തൽ

ഔഷധ ഗുണ മേന്മയുള്ള കാട, ടർക്കി എന്നി പക്ഷികളെ വളർത്തുന്നത് ഇന്നിവിടെ പ്രചാരത്തിലില്ല. എങ്കിലും അവയുടെ വളർത്തലും മുട്ടയുടെ വിപണനവും സാധ്യമാക്കാവുന്നതാണ്. കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയും പ്രവർത്തന മേഖലയുടെ നേട്ടങ്ങളും മനസ്സിലാക്കിയാൽ ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ കർഷകർ സന്നദ്ധരാകും.

### കർഷക പരിശീലനം

റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഈ മേഖലയിൽ ഏറെ

പ്രയോജനം ചെയ്യുന്നുണ്ട്. ഇതിലുപരിയായി കർഷകർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി ബ്ലോക്കുതലത്തിൽ ഒരു ടാസ്ക് ഫോർസിനെ രൂപീകരിക്കുകയും ഇതിൽ മൃഗസംരക്ഷണ വകുപ്പു പോലെ തന്നെ ഈ മേഖലയുമായി ബന്ധപ്പെട്ടുള്ള ഡയറി വകുപ്പിന്റെയും മിൽമയുടെയും കൃഷിവകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തുകയും ആവശ്യാനുസരണം ബ്ലോക്കിന്റെ എല്ലാ പ്രദേശങ്ങളിലും അവരുടെ പ്രവർത്തനം ലഭ്യമാക്കാൻ അതതു പഞ്ചായത്തിലെ അധികാരികളും പഞ്ചായത്തിലെ മൃഗസംരക്ഷണ ആഫീസുകളും ശ്രമിക്കുക വഴി ശാസ്ത്രീയമായ കാഴ്ചപ്പാട് കൃഷിക്കാരിൽ ഊട്ടിയുറപ്പിക്കാനും കർഷകർക്ക് വേണ്ട നിർദേശവും സഹായവും വേണ്ട സമയത്ത് ലഭിക്കുക വഴി ഈ മേഖലയിലെ കർഷകന് അവരുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ ധൈര്യവും ഉത്സാഹവും ഉണ്ടാകുകയും ചെയ്യും. അതിനാൽ ശാസ്ത്രീയമായ കാഴ്ചപ്പാട് ഈ മേഖലയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

### പേയ് വിഷബാധ നിർമാർജ്ജനം

പൊതുജനാരോഗ്യമേഖലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഏറ്റവും ശ്രദ്ധേയമായ ഒരു പ്രവർത്തനമാണ് പേയ് വിഷബാധ നിർമാർജ്ജന പരിപാടി. കഴിഞ്ഞ വർഷാവസാനത്തിലും ഈ വർഷം ആരംഭത്തിലും മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പേയ് വിഷ നിർമാർജന പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ പഞ്ചായത്തുകളിൽ പേയ് വിഷബാധ സംബന്ധിച്ച ബോധവൽക്കരണ സെമിനാറുകളും ചർച്ചാ ക്ലാസുകളും സംഘടിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് മാസ് വാക്സിനേഷൻ പദ്ധതി സംഘടിപ്പിക്കുകയും ചെയ്തു. ഏകദേശം 1021-നായ്ക്കൾ ഉണ്ടെന്നു കണക്കാക്കിയിട്ടുള്ള പള്ളിക്കൽ പഞ്ചായത്തിൽ ഇതിന്റെ ഭാഗമായി 391 നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകുകയുണ്ടായി. കുറഞ്ഞ വിലയ്ക്ക് വാക്സിൻ ലഭ്യമായി എന്നതായിരുന്നു ഏറ്റവും ആകർഷകമായ വസ്തുത. ഇനിയും ഇത്തരം പ്രവർത്തനങ്ങളിലൂടെ മുഴുവൻ വളർത്തുനായ്ക്കളെയും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കേണ്ടതും അവയുടെ കൃത്യമായ ലൈസൻസിംഗ് സമ്പ്രദായം നടപ്പാക്കുന്നതും ഈ രോഗബാധ തടയാൻ സഹായിക്കും. ഇതു കൂടാതെ പഞ്ചായത്തു തലത്തിൽ ഉടമസ്ഥനില്ലാത്ത നായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. പ്രാദേശികമായി നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കുന്നതിനും മെച്ചപ്പെട്ട ചികിത്സാരീതികൾ അവലംബിക്കുന്നതിനും വേണ്ടി ജനങ്ങളെ ബോധവൽക്കരിക്കുക. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ കൊണ്ട് നമ്മുടെ ലക്ഷ്യം കൈവരിക്കാനാകും.

### മൃഗസംരക്ഷണ മേഖലയിൽ അംഗീകാരം

മറ്റു കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകനെപ്പോലെ മൃഗസംരക്ഷണ മേഖലയിലുള്ള കർഷകനെയും ആദരിക്കേണ്ടതുണ്ട്. അത് ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രചോദനവും പ്രോത്സാഹനവും മാനസിക തയാറെടുപ്പിനും സർവോപരി തന്റെ തൊഴിലിലുള്ള മാന്യതയും കർഷകൻ മനസ്സിലാക്കും. സംസ്ഥാനതല അവാർഡുകൾ പഞ്ചായത്തു തലത്തിലും ജില്ലാതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നതും അതുവഴി മേഖലയുടെ വിപുലത തെളിയിക്കുകയും ചെയ്യേണ്ടതാണ്.

### മൃഗസംരക്ഷണം പ്രശ്നങ്ങൾ

1. മൃഗാശുപത്രിയുടെ സേവനങ്ങൾ എല്ലാ വാർഡുകളിലും വേണ്ടത്ര ലഭിക്കുന്നില്ല.
2. കേജ് സമ്പ്രദായത്തിലുള്ള കോഴി വളർത്തൽ സൗകര്യം പഞ്ചായത്തിൽ ഇല്ല. കോഴിവളർത്തൽ കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമല്ല.
3. ആവശ്യമുള്ള എല്ലാവർക്കും പശുവളത്തിനുള്ള സഹായങ്ങൾ ലഭ്യമാകുന്നില്ല.
4. ആടുവളർത്തിനുള്ള സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

5. പാൽ സംഭരണ വിതരണ സൗകര്യങ്ങൾ പഞ്ചായത്തിലെ എല്ലാ വാർഡിലും ലഭ്യമല്ല.
6. കാലിത്തീറ്റയുടെ വർധിച്ച വില കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു.
7. മൃഗങ്ങൾക്കും പക്ഷികൾക്കും രോഗപ്രതിരോധകുത്തിവയ്പ് ഫലപ്രദമായി ലഭിക്കുന്നില്ല.
8. അലഞ്ഞുതിരിയുന്ന നായ്ശല്യം പരിഹരിക്കുന്നതിനുള്ള പരിപാടികളുടെ അഭാവം.
9. വളർത്തുനായകൾക്കു ലൈസൻസ് ഏർപ്പെടുത്തുന്ന സംവിധാനം ഇനിയും നടപ്പിലാക്കിയിട്ടില്ല.
10. ഉല്പാദനശേഷി നശിച്ച പശുക്കളെ വളർത്തുന്നത് കൃഷിക്കാരനു വലിയ സാമ്പത്തിക ബാധ്യത വരുത്തുന്നു.
11. കന്നുകാലി ഇൻഷ്വറൻസ് സൗകര്യങ്ങളുടെ അപര്യാപ്തത.
12. താറാവു വളർത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തികസഹായവും ലഭ്യമാകുന്നില്ല.
13. പഞ്ചായത്തിൽ ലഭിക്കുന്ന മാംസം രോഗ പരിശോധന നടത്തിയതോ ആരോഗ്യകരമായ സാഹചര്യത്തിൽ തയ്യാറാക്കിയതോ അല്ല.
14. മുയൽ വളർത്തുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.
15. മൃഗസംരക്ഷണവിഷയത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത.
16. തേനീച്ച വളർത്തലിന് മാർഗനിർദ്ദേശമോ സാമ്പത്തിക സഹായമോ ലഭിക്കുന്നില്ല.
17. പന്നിവളർത്തലിനു സൗകര്യങ്ങൾ ഇല്ല.
18. കാടവളർത്തൽ, ടർക്കി കോഴി തുടങ്ങിയവ വളർത്തുന്നതിനു പ്രോത്സാഹനം ലഭിക്കുന്നില്ല.
19. നല്ലരീതിയിൽ പ്രവർത്തിക്കുന്ന കർഷകർക്കു പ്രോത്സാഹനം നൽകുന്ന രീതി ഈ പഞ്ചായത്തിലില്ല.
20. മൃഗാശുപത്രിയിൽ ഫോണോ വാഹനസൗകര്യമോ ഇല്ല.

**പരിഹാരനിർദ്ദേശങ്ങൾ**

1. പഞ്ചായത്തിൽ പ്രധാന കേന്ദ്രങ്ങളിൽ മൃഗാശുപത്രിയുടെ സബ്സെന്ററുകൾ സ്ഥാപിക്കുക.
2. കേജ് സമ്പ്രദായത്തിലൂള്ള കോഴിവളർത്തൽ പഞ്ചായത്തിൽ സാർവത്രികമാക്കുക. ഒരു സഹകരണ സംഘം രൂപീകരിച്ച് കോഴിവളർത്തൽ ശാസ്ത്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും വിപണസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
3. പശുവളർത്തലിനുള്ള സാമ്പത്തികസഹായങ്ങൾ ആവശ്യമുള്ള എല്ലാവർക്കും ലഭ്യമാക്കുകയും കൂടുതൽ ഉദാരമാക്കുകയും ചെയ്യുക.
4. ആടുവളർത്തൽ ശാസ്ത്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ഉയർന്ന ജനുസ്സുകളെ ലഭ്യമാക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
5. പാൽ സംഭരണ വിതരണ സൗകര്യങ്ങൾ എല്ലാ വാർഡുകളിലും ഏർപ്പെടുത്തുക.
6. കാലിത്തീറ്റ വിലകുറച്ചു ലഭ്യമാക്കാനുള്ള നടപടികൾ ആവശ്യമാണ്.
7. മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള രോഗപ്രതിരോധകുത്തിവയ്പ് ഫലപ്രദമാക്കുക. കൃഷിക്കാർക്ക് സ്വയം അവ ചെയ്യുന്നതിനുള്ള പരിശീലനം നൽകുക.
8. അലഞ്ഞുതിരിയുന്ന നായ്ക്കളെ പൂർണ്ണമായും നശിപ്പിക്കുകയും പേപ്പട്ടി വിഷബാധയെക്കുറിച്ചുള്ള ബോധവൽക്കരണം സജീവമാക്കുകയും ചെയ്യുന്നു. ഈ രംഗത്തെ അനധികൃത ചികിത്സകന്മാരെ നിയമപരമായ ശിക്ഷകൾ നൽകി ഇത്തരം അശാസ്ത്രീയമായുള്ള പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുക.
9. വളർത്തുനായകൾക്ക് ലൈസൻസ് നിർബന്ധമായും നൽകുക.
10. ഉല്പാദനശേഷി നശിച്ച കന്നുകാലികൾക്ക്

നഷ്ടപരിഹാരം നൽകി കൃഷിക്കാർക്ക് ആശ്വാസം നൽകുക.

11. താറാവു വളർത്തലിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാമ്പത്തികസഹായം നൽകുകയും ചെയ്യുക.
12. ശാസ്ത്രീയമായ അറവുശാലകൾ പഞ്ചായത്തിൽ ഏർപ്പെടുത്തുകയും കർശനമായ രോഗപരിശോധനകൾ നിർബന്ധമാക്കുകയും ചെയ്യുക.
13. മുയൽ വളർത്തൽ ശാസ്ത്രീയമായി നടപ്പിലാക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യുക.
14. മൃഗസംരക്ഷണത്തെക്കുറിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുന്നതിനുള്ള സ്ഥിരമായ പദ്ധതികൾ ഏർപ്പെടുത്തണം.
15. തേനീച്ചവളർത്തൽ പ്രചരിപ്പിക്കുകയും ആവശ്യമായ കൂട്, മറ്റുപകരണങ്ങൾ എന്നിവ ഖാദിബോഡുമായി സഹകരിച്ച് ലഭ്യമാക്കുകയും ചെയ്യുക.
16. പന്നിവളർത്തലിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.
17. കാട, ടർക്കികോഴി ഇവയെ വളർത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാമ്പത്തികസഹായങ്ങൾ നൽകുകയും ചെയ്യുക.
18. നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന കർഷകരെ ആദരിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ ഓരോ വാർഡിലും ഏർപ്പെടുത്തുകയും ചെയ്യുക.
19. മൃഗാശുപത്രിയുടെ സേവനം അനായാസം ലഭ്യമാക്കുവാൻ ആശുപത്രിയിൽ ഒരു ടെലിഫോണും. ഒരു വാഹനവും ലഭ്യമാക്കുക.

**മത്സ്യബന്ധനം**

കടലോ കായലോ മത്സ്യബന്ധനം നടത്താനുള്ള മറ്റു സൗകര്യങ്ങളൊ നമ്മുടെ പഞ്ചായത്തിൽ ഇല്ല. പഞ്ചായത്തുവക കുളങ്ങളിലും വ്യക്തികളുടെ കുളങ്ങളിലും ചെമ്മീൻകൃഷി നടത്താവുന്നതാണ്. അതുപോലെതന്നെ മറ്റു മത്സ്യ ഇനങ്ങളെയും വളർത്താനുള്ള സൗകര്യം ഉണ്ട്. പഞ്ചായത്ത് നേരിട്ടു നടത്തുകയോ മറ്റു വ്യക്തികൾക്കു വളർത്താനുള്ള അവകാശം നൽകിയോ ഈ പരിപാടി നടപ്പിലാക്കാവുന്നതാണ്.

മത്സ്യവിപണനത്തിൽ ധാരാളം തൊഴിലാളികൾ ഏർപ്പെട്ടുവരുന്നു. അഴുകി ചീത്തയായ മത്സ്യം ആണ് ഇപ്പോൾ ലഭിക്കുന്നത്. ഇത് പരിശോധിച്ച് ഉപയോഗയോഗ്യമല്ലാത്തതിന്റെ വില്പന നിരോധിക്കാനുമുള്ള സംവിധാനം ഉണ്ടാകണം. അതുപോലെതന്നെ ശീതീകരണികൾ ലഭ്യമാക്കി ഇവ കേടാകാതെ സൂക്ഷിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. തൊഴിലാളികൾക്ക് വാഹനങ്ങളും മറ്റും സൗജന്യമായി നൽകുകയും അവരെ ബോധവാന്മാരാക്കുകയും വേണം.

# വ്യവസായം

പള്ളിക്കൽ പഞ്ചായത്ത് വ്യാവസായിക മായി വളരെ പിന്നോക്കം ആണ്. പരമ്പരാഗ തമായി കാര്യമായ രീതിയിൽ വ്യവസായങ്ങ ളൊന്നും ഉണ്ടായിരുന്നതായി അവകാശപ്പെടാ നില്ല. നെയ്ത്ത് ഏതാനും കുടുംബങ്ങളിൽ നിലനിന്നിരുന്നു. കുട്ട, വട്ടി, പരമ്പ് തുടങ്ങിയ ഈറകൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ പഴ യകാലത്ത് ഉണ്ടായിരുന്നു. ഓട്ടുപാത്ര നിർമാണം, കല്ലിൽ ശില്പങ്ങൾ നിർമിക്കുക. കല്പണി എന്നിവ അപൂർവം കുടുംബങ്ങൾ ചെയ്തിരുന്നു. മരപ്പണിയും കൊല്ലപ്പണിയും ചെയ്യുന്ന കുടുംബങ്ങൾ ഉണ്ടായിരുന്നു. കലപ്പ, നുകം, മരം (വയൽ നിരപ്പാക്കുന്ന ഉപകരണം) ഇവ ആശാരിമാർ നിർമിച്ചു നല്കിയിരുന്നു.

നമ്മുടെ പഞ്ചായത്തിനെ വ്യവസായ വൽക്കരിക്കുക എന്നുള്ളതാണ് ഇന്നത്തെ പ്രധാന ആവശ്യം. കാർഷികഉല്പന്നങ്ങളു മായി വ്യവസായവൽക്കരണത്തെ ബന്ധപ്പെ ടുത്തേണ്ടതാണ്. നാളികേരം, റബർ, നെല്ല്, പഴ വർഗങ്ങൾ ഇവയാണ് ഈ പഞ്ചായത്തിലെ പ്രധാന കാർഷികോല്പന്നങ്ങൾ.

നാളികേരം അടിസ്ഥാനമാക്കിയിട്ടുള്ള ഒരു വ്യവസായ ശൃംഖലയ്ക്കുള്ള സാധ്യത ഏറെ യാണ്. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉല്പാ ദിപ്പിക്കാനുള്ള സാങ്കേതിക വിദ്യ ഇന്നു ലഭ്യ മാണ്. ചകിരിയിൽ നിന്ന് കയർ കയറ്റുപായ തുടങ്ങിയവ ഉല്പാദിപ്പിക്കാവുന്നതാണ്. തൊണ്ടിന്റെ ചോറും വളമായി സംസ്ക രിക്കാം. ചിരട്ടക്കരി വ്യാവസായിക പ്രാധാന്യ മുള്ള ഉല്പന്നം. ചിരട്ടയിൽ നിന്നും വേർതി രിക്കാവുന്ന തൈലം വളരെ പ്രാധാന്യം ഉള്ള താണ്. കൊപ്ര, വെളിച്ചെണ്ണ ഇവ നിർമിക്കുന്ന വ്യസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിയും. പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ സംസ്കരണ വ്യവസായം ആരംഭിക്കാവുന്ന താണ്.

റബർ കൃഷി വ്യാപകമാകുന്നതുകൊണ്ട് റബർ അടിസ്ഥാന വ്യവസായങ്ങൾക്ക് സാധ്യത ഏറെയുണ്ട്. ചെരുപ്പ് നിർമാണം, ബലൂൺ നിർമാണം, ഫോം റബർ കിടക്ക കൾ, തലയിണകൾ തുടങ്ങിയവ നിർമിക്കുന്ന തിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്. കശു വണ്ടി വ്യവസായം വികസനസാധ്യതയുള്ള മറ്റൊരു രംഗമാണ്. ഇന്നുള്ളവ കൂടുതൽ ദിവ സങ്ങൾ പ്രവർത്തിപ്പിക്കുകയും പുതിയ ഒന്നോ രണ്ടോ യൂണിറ്റുകൾ മുതല, ആറയിൽ ഭാഗങ്ങളിൽ സ്ഥാപിക്കുകയും ചെയ്യാവുന്ന താണ്. ഈ രംഗത്ത് തൊഴിലാളികളുടെ ലഭ്യത കൂടുതലാണ്. വിശേഷിച്ചും സ്ത്രീ തൊഴിലാളികൾ.

നിലവിലിരിക്കുന്ന വൻകിടവ്യവസായങ്ങൾ കശുവണ്ടി ഫാക്ടറികൾ മാത്രമാണ്. കാട്ടു പുതുശ്ശേരിയിലും പള്ളിക്കലും ഓരോ വ്യവ സായശാലകൾ പ്രവർത്തിക്കുന്നു.

ഗാന്ധി സ്മാരകനിധി നടത്തുന്ന പകൽക്കുറിയിൽ പ്രവർത്തിക്കുന്ന ഖാദിവ്യ വസായകേന്ദ്രമാണ് മറ്റൊരു തൊഴിൽസ്ഥാ പനം. 40 പേരോളം ഇവിടെ പണി എടുക്കു ന്നുണ്ട്. സ്ത്രീ തൊഴിലാളികളാണ് എല്ലാം.

ഇഷ്ടികനിർമാണം മറ്റൊരു മേഖലയാണ്. പകൽക്കുറി, മൂലഭാഗം, മൂതലപാലം എന്നിവിടങ്ങളിൽ സാധാരണ ഇഷ്ടികനിർമിക്കുന്ന കേന്ദ്രങ്ങളുണ്ട്. പള്ളിക്കൽ ഹാളോ സിമന്റ് ബ്രിക്സും കാട്ടുപുതുശ്ശേരിയിൽ വയർകട്ട് ബ്രിക്സും നിർമിക്കുന്ന കേന്ദ്രങ്ങൾ നടന്നു വരുന്നു. പള്ളിക്കൽ ഒരു തടിഅറുപ്പ് മിൽ ഉണ്ട്. ഗാർമെന്റ് നിർമിക്കുന്ന യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും അവ പ്രവർത്തിക്കുന്നില്ല. എണ്ണയാട്ടു നെല്ലുകുത്തു പൊടിപ്പ് ആട്ട് ഇവ നടത്തുന്ന യൂണിറ്റുകൾ പകൽക്കുറിയിൽ രണ്ടും ആറയിൽ ഒന്നും മൂതല ഒന്നും, കൊക്കോട്ടുകോണത്തു ഒന്നും പ്രവർത്തിക്കുന്നുണ്ട്.

ഗൾഫ്മേഖലകളിൽ ജോലിചെയ്യുന്ന ധാരാളം ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഉല്പാദനക്ഷമമായ മേഖലകളിലേയ്ക്കു അവരുടെ സമ്പാദ്യത്തെ ആകർഷിക്കുകയും പഞ്ചായത്തിന്റെ വ്യവസായവൽക്കരണ സംരംഭങ്ങളിലേക്ക് അവരുടെ സഹകരണം തേടാവുന്നതുമാണ്.

പ്രശ്നങ്ങൾ

1. നാളികേരാടിസ്ഥാനമാക്കിയ വ്യവസായങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.
2. റബർ വേണ്ടത്രലഭ്യമാണെങ്കിലും അവ അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ഇല്ല.
3. നെല്ല് പ്രധാന ഉല്പന്നമാണ്. പക്ഷേ അത് അടിസ്ഥാനമാക്കിയുള്ള വ്യവസായയൂണിറ്റുകളില്ല.
4. കശുവണ്ടി വ്യവസായം കൂടുതൽ തൊഴിൽദിനങ്ങൾ നൽകുന്ന വ്യവസായമല്ല.
5. ആറയിൽ മൂതല തുടങ്ങിയ പ്രദേശങ്ങളിൽ തൊഴിൽ ലഭ്യത കൂടുതലാണ്. അതു ഉപയോഗപ്പെടുത്തുന്നില്ല.
6. പഴവർഗങ്ങൾ സീസണിൽ വേണ്ടത്ര ലഭ്യമാണെങ്കിലും അവ സംസ്കരിക്കുന്ന യൂണിറ്റുകൾ പഞ്ചായത്തിലില്ല.
7. തയ്യൽ തൊഴിലാളികൾ വിശേഷിച്ചും സ്ത്രീകൾ പഞ്ചായത്തിൽ ധാരാളമുണ്ട്. എങ്കിലും ഗാർമെന്റ് വ്യവാസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.
8. പോളിത്തീൻ പൈപ്പുകളുടെ ഉപയോഗം വർധിച്ചിരിക്കുന്നുവെങ്കിലും അവ ഉല്പാദിക്കുന്ന യൂണിറ്റുകളില്ല.
9. അച്ചാറുകൾ, പൊടികൾ, കറിക്കൂട്ടുകൾ ഇവയെല്ലാം വാങ്ങുന്നവരാണധികവും എങ്കിൽ പഞ്ചായത്തിൽ ഇവ നിർമിക്കുന്ന യൂണിറ്റുകളില്ല.
10. പാറ, പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങളിൽ പ്രധാനമാണ്. ഇവ ഉപയോഗിച്ചു വിവിധതരം വ്യവസായങ്ങൾക്കു സാധ്യതയുണ്ടെങ്കിലും അവ ആരംഭിച്ചിട്ടില്ല.
11. ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി തുടങ്ങിയവ ഉല്പാദിപ്പിക്കുവാനുള്ള ഖാദി ബോർഡിന്റെ പദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.
12. അലൂമിനിയം അടിസ്ഥാനമാക്കി നിരവധി വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്. താല്പര്യമുള്ളവരെ ഈ രംഗത്ത് പരിശീലനം നൽകാനുള്ള യാതൊരു പദ്ധതിയും ഗവൺമെന്റിനില്ല.
13. കെട്ടിടനിർമാണം പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണ്. വൈദഗ്ധ്യം നേടാത്തവരാണ് അധികവും രംഗത്തുള്ളത്. ഇവർക്ക് വേണ്ട അറിവും പരിശീലനവും നൽകാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.
14. പാരമ്പര്യമായി കൊല്ലപ്പണി, മരപ്പണി തുടങ്ങിയ രംഗത്ത് ഏർപ്പെട്ടിരിക്കുന്നവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുവാനും സാമ്പത്തികസഹായങ്ങൾ നല്കുവാനും ഉള്ള പദ്ധതികൾ ഇല്ല.
15. ഇന്ന് പ്രവർത്തിക്കുന്ന ഗാന്ധിസ്മാരക നിധി വക നെയ്ത്ത് ശാല വികസനം ഇല്ലാതെ നിലനില്ക്കുകയാണ്. തൊഴിലാളികൾക്കു നാമമാത്രമായ വേതനമാണ് ലഭിക്കുന്നത്. ഈ സ്ഥിതി മാറ്റി കൂടുതൽ

ഉല്പാദനക്ഷമമാക്കുന്നതിനുള്ള ശ്രമം നടന്നിട്ടില്ല.

16. നെയ്ത്തു വ്യവസായത്തിൽ താല്പര്യമുള്ള തൊഴിലാളികൾ ഈ നാട്ടിലുണ്ട്. യന്ത്രത്തറികൾ ഉപയോഗിച്ചുള്ള നെയ്ത്തു വ്യവസായശാല ആരംഭിക്കുവാൻ ഉള്ള സാഹചര്യം ഉപയോഗപ്പെടുത്തണം.

17. പട്ടുവസ്ത്രങ്ങൾ നിർമിക്കുന്നതിനുള്ള ഒരു വ്യവസായ ശാലയ്ക്കുള്ള സാധ്യത ഉപയോഗപ്പെടുത്തിയിട്ടില്ല.

18. കെൽട്രോണിന്റെ ഒരു സബ് യൂണിറ്റ് ആരംഭിക്കുവാനുള്ള സാധ്യതയുള്ളത് ഉപയോഗപ്പെടുത്തിയിട്ടില്ല.

19. സോപ്പു നിർമാണത്തിനുള്ള സൗകര്യങ്ങൾ വേണ്ടത്രയുണ്ടെങ്കിലും വ്യവസായസംരംഭങ്ങൾ ഉണ്ടായിട്ടില്ല.

20. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിത്യേന വൻതോതിൽ നാം വാങ്ങിക്കൂട്ടുന്നു. വളരെ ലളിതമായി അധികം മുതൽമുടക്കില്ലാതെ നിർമിക്കാവുന്നതാണ് ഇത്. ഇതിനുള്ള സംരംഭം തുടങ്ങിയിട്ടില്ല. 21. കുടനിർമാണം വീടുകളിലിരുന്നു സ്ത്രീ തൊഴിലാളികൾക്കു ചെയ്യാവുന്നതാണ്. ലാഭകരമായ ഈ തൊഴിൽ നമ്മുടെ പഞ്ചായത്തിൽ വിപുലമായി നടത്താവുന്നതാണെങ്കിലും അതിനെക്കുറിച്ചു നാം ചിന്തിച്ചു തുടങ്ങിയിട്ടില്ല.

22. അച്ചടിയും നോട്ടുബുക്കുനിർമാണവും തൊഴിൽ സാധ്യത ഏറെയുള്ള രംഗങ്ങളാണ്. സഹകരണമേഖലയിൽ ഈ സംരംഭം തുടങ്ങാനുള്ളതിനെക്കുറിച്ചു ആരും ആലോചിച്ചിട്ടില്ല.

23. ടൂറിസം വളരെപ്പെട്ടെന്നു വികസിച്ചുവരുന്നു. നമ്മുടെ പഞ്ചായത്തിന്റേതായ സംഭാവനകളൊന്നും ഈ രംഗത്തുണ്ടായിട്ടില്ല.

24. ഇന്ന് ഫാസ്റ്റ്ഫുഡും ബേക്കറി ഉല്പന്നങ്ങളും ധാരാളം ആളുകൾ ഉപയോഗപ്പെടുത്തുന്നു. ഇവ പഞ്ചായത്തിൽ സ്വന്തമായി നിർമിക്കുന്ന പദ്ധതികളില്ല.

25. പഞ്ചായത്തിൽ ധാന്യസംഭരണശാല ഇല്ല.

പരിഹാര നിർദേശങ്ങൾ

1. പച്ചതൊണ്ടിൽ നിന്നും ചകിരി ഉല്പാദിപ്പിക്കുയും കയർ ഉല്പന്നങ്ങൾ നിർമിക്കുകയും ചെയ്യുന്ന വ്യവസായം ആരംഭിക്കേണ്ടതാണ്. തൊണ്ടിന്റെ ചോറ് വളമായി മാറ്റുന്ന വ്യവസായം ആരംഭിക്കാവുന്നതാണ്. കൊപ്ര ആട്ടി വെളിച്ചെണ്ണ നിർമിക്കുക, വെളിച്ചെണ്ണ ഉപയോഗിച്ചുള്ള മറ്റ് വ്യവസായങ്ങൾ ആരംഭിക്കുക. പിണ്ണാക്ക് ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമിക്കാനുള്ള വ്യവസായം ആരംഭിക്കുക. ചിരട്ട, ചിരട്ടക്കരി എന്നിവ ഉപയോഗിച്ചുള്ള വ്യവസായം ആരംഭിക്കുക.

2. ചെരുപ്പ് നിർമാണം, ബലൂൺ നിർമാണം, ഫോംറബർ കിടക്കകൾ, തലയിണകൾ തുടങ്ങിയവ നിർമിക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

3. നെല്ല്, ഗോതമ്പ് എന്നിവ പൊടിച്ച് പാക്ക് ചെയ്തുകൊടുക്കുന്ന യൂണിറ്റ്.

4. കശുവണ്ടി സംഭരണവും ഇറക്കുമതിയും ഊർജിതപ്പെടുത്തി വർഷം മുഴുവൻ തൊഴിൽ ലഭിക്കുന്ന ഫാക്ടറികളായി കശുവണ്ടി ഫാക്ടറികളെ മാറ്റുക.

5. ആറയിൽ, മൂതല തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ കശുവണ്ടി ഫാക്ടറികൾ സ്ഥാപിക്കുക.

6. പൈനാപ്പിൾ, പറങ്കിമാങ്ങ, മാങ്ങ, ചക്കപ്പഴം തുടങ്ങിയ പഴവർഗങ്ങൾ സംസ്കരിക്കുന്നതിനുള്ള വ്യവസായങ്ങൽ ആരംഭിക്കുക.

7. മേൽത്തരം റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമിക്കാനുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

8. പോളിത്തീൻ പൈപ്പുകൾ നിർമിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

9. അച്ചാറുകൾ, കറിപൗഡർ എന്നിവ നിർമിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

10. പഞ്ചായത്തിലെ ഒരു പ്രധാന വിഭവമായ പാറ ഉപയോഗിച്ച് മെറ്റൽ നിർമാണം മെറ്റൽ ചിപ്സ് നിർമാണം, പാറപ്പൊടി നിർമാണം, ആട്ടുകൽ, അരകൽ തുടങ്ങിയ

വീട്ടുപകരണങ്ങൾ, കൽത്തൂൺ നിർമാണം, ഫ്ളോറിംഗിന് ഉപയോഗിക്കുന്ന പാറഷീറ്റുകൾ നിർമാണം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.

11. ചന്ദനത്തിരി, തീപ്പെട്ടി, മെഴുകുതിരി നിർമിക്കുന്ന യൂണിറ്റുകൾ ഖാദി ബോർഡിന്റെ സഹായത്താൽ സഹകരണ അടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

12. അലൂമിനിയം അടിസ്ഥാനമാക്കി വ്യവസായത്തിനുള്ള പരിശീലനം നല്കുകയും വ്യവസായം ആരംഭിക്കുകയും വേണം.

13. കെട്ടിടനിർമാണ രംഗത്ത് വിദഗ്ധതൊഴിലാളികൾക്ക് സാങ്കേതിക വിദ്യയെക്കുറിച്ചുള്ള പരിശീലനം നൽകി ആധുനിക നിർമാണവിദ്യ പ്രചരിപ്പിക്കുകയും ചെയ്യുക.

11. കൊല്ലപ്പണി, മരപ്പണി തുടങ്ങിയ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ശാസ്ത്രീയമായ് പരിശീലനം നൽകുന്നതിനും സാമ്പത്തികസഹായം നൽകുകയും ചെയ്യുക.

15. പകൽക്കുറിയിൽ പ്രവർത്തിക്കുന്ന ഗാന്ധിസ്മാരകനിധി കുറഞ്ഞത് 100 തൊഴിലാളിക്ക് തൊഴിൽ കൊടുക്കുവാനുള്ള യൂണിറ്റായി വികസിപ്പിക്കുകയും ഇന്നുള്ള ചർക്കകളും തറികളും മാറ്റി പുതിയവ സ്ഥാപിക്കുക. തൊഴിലാളികൾക്ക് കൂടുതൽ വേതനം ലഭിക്കത്തക്ക നിലയിൽ ഉല്പാദനം വർധിപ്പിക്കുക.

16. യന്ത്രത്തറികൾ ഉപയോഗിച്ചുള്ള നെയ്ത്തുശാലകൾ സ്ഥാപിക്കുക.

17. പട്ട് വസ്ത്രങ്ങൾ നെയ്യുന്ന വ്യവസായശാലകൾ സ്ഥാപിക്കുക.

18. കെൽട്രോൺ-ന്റെ ഒരു സബ് യൂണിറ്റ് പള്ളിക്കൽ പഞ്ചായത്തിൽ ആരഭിക്കുക.

19. സോപ്പുനിർമാണ യൂണിറ്റ് ആരംഭിക്കുക.

20. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

21. കുടനിർമാണ യൂണിറ്റുകൾ ആരംഭിക്കുക.

22. അച്ചടിയും നോട്ടുബുക്ക് നിർമാണവും സഹകരണമേഖലയിൽ ആരംഭിക്കുക.

23. ഇത്തിക്കര ആറ്റിനോട് ചേർത്ത് വെളിനല്ലൂർ പാലത്തിനു സമീപം 9- ാം വാർഡിൽ ചിൽഡ്രൻസ് പാർക്കും മിനിസൂവും അതിനോടനുബന്ധിച്ച് റസ്റ്റാറന്റും താമസസൗകര്യത്തിനുള്ള കെട്ടിടങ്ങളും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർമിക്കുക. പകൽക്കുറി ക്ഷേത്രത്തിന് സമീപം കലാഭാരതിയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കി അവിടെ താമസിക്കുന്നതിനും കഥകളിപഠിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

24. ബേക്കറി ഉല്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റ് ആരംഭിക്കുക.

25. ഒരു ധാന്യസംഭരണശാല പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

# ഭൂപ്രകൃതിയും വിഭവങ്ങളും

ഇത്തിക്കര ആറ് പള്ളിക്കൽ പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ ഒഴുകുന്നു. പൊതുവെ പഞ്ചായത്ത് പ്രദേശങ്ങൾ വടക്കോട്ടു ചരിഞ്ഞ് സ്ഥിതിചെയ്യുന്നു. 35'/2 കി.മീറ്റർ നീളത്തിലുള്ള തോടുകൾ പഞ്ചായത്തിലുണ്ട്. ഇവ എല്ലാം പല സ്ഥലങ്ങളിലായി ഇത്തിക്കര ആറ്റിൽ എത്തിച്ചേരുന്നു. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ചെറിയ കുന്നുകളാണ്. കുന്നുകളുടെ താഴ്വരകളിലാണ് നിലങ്ങൾ. ഈ നിലങ്ങൾ പൊതുവെ വിതി കുറവാണ്. കുന്നുകളിൽ പാറകെട്ടുകൾ ധാരാളമായുണ്ട്. മണ്ണ് പൊതുവെ ഫലഭൂയിഷ്ടിയുള്ളതല്ല. കൂടുതൽ പ്രദേശങ്ങളും ചെങ്കൽ മണ്ണാണ്. ഏലാകൾ മണൽ കലർന്ന ചെളിമണ്ണാണ്. പാറകെട്ടുകളുള്ള കുന്നുകളിൽ കറുത്ത മണ്ണ് കാണപ്പെടുന്നു. ആറ്റുതീര പ്രദേശങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണുണ്ട്.

പഴയകാലത്ത് വനപ്രദേശമായിരുന്ന പഞ്ചായത്തിൽ ഇന്ന് ഒട്ടും തന്നെ വനങ്ങൾ ഇല്ല. വെട്ടിത്തെളിച്ച മൊട്ടകുന്നുകളാണ് എങ്ങും. അങ്ങിങ്ങു പഴമക്കാർ വച്ചുപിടിപ്പിച്ചിരുന്ന കാവുകളും ശുഷ്കമാവുകയാണ്. ധാരാളം മൃഗങ്ങൾ ഒരു കാലത്ത് നമ്മുടെ വനപ്രദേശങ്ങളിലുണ്ടായിരുന്നെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. നായാട്ട് ഒരു മുഖ്യ ഉപതൊഴിലായിരുന്നു.

കേരളത്തെ പതിമൂന്നു കാർഷികമേഖലകളായി തിരിച്ചിട്ടുള്ളതിൽ 'തെക്കൻ ഇടനാട്' എന്ന മേഖലയിൽപെട്ടതാണ് പള്ളിക്കൽ പഞ്ചായത്ത്. ഭൂപ്രകൃതി അനുസരിച്ച് പള്ളിക്കൽ പഞ്ചായത്തിനെ നാലായി തരംതിരിക്കാം.

1. താഴ്വര (ഏലാകൾ) 502 ഏക്കർ 14 സെന്റ്
2. ചരിവുകൾ
3. ആറ്റുതീരം 3496 ഏക്കർ 21 സെന്റ്
4. പാറകുന്നുകൾ

താഴ്വര

താഴ്ന്ന പ്രദേശങ്ങൾ വെട്ടി നെൽപ്പാടങ്ങളാക്കിയിട്ടുള്ള ഭാഗങ്ങളാണിത്. മണൽ കലർന്ന ചെളിമണ്ണാണ്. നിലങ്ങൾ തട്ടുകളായി സ്ഥിതിചെയ്യുന്നു. അവ ഒരുമിച്ച് ചേർത്ത് കൂട്ടുകൃഷി നടപ്പിലാക്കുവാൻ സാധ്യമല്ല. ഏറെയും തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇരുപ്പൂകൃഷിയാണ് ഭൂരിഭാഗവും. അപൂർവം സ്ഥലങ്ങളിൽ പയർ, ഉഴുന്ന്, വാഴ, മരച്ചീനി, തുടങ്ങിയ ഇടവിളകൾ കൃഷിചെയ്യുന്നുണ്ട്. ജൈവവളപ്രയോഗം പരിമിതമാണ്. രാസവളങ്ങൾ സാർവത്രികമായി ഉപയോഗിക്കുന്നു.

യന്ത്രകലപ്പകൾ കൊണ്ടു നിലമൊരുക്കുന്നത് പുരോഗമിച്ചിട്ടുണ്ടെങ്കിലും നാടൻ കലപ്പകൾ കൊണ്ടുള്ള നിലമൊരുക്കു അപൂർവം അല്ല. നിലങ്ങളുടെ നിമ്നോന്നതി യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഒരു വിലങ്ങുതടിയാണ്. മഴകുറവുള്ള വർഷങ്ങളിൽ രണ്ടാം വിളയ്ക്കു ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ചെറുതും വലുതുമായി 35 ഏലാകളിലായിട്ടാണ് നെൽകൃഷി വ്യാപിച്ചുകിടക്കുന്നത്. 15% നിലം നികത്തി കഴിഞ്ഞിട്ടുണ്ട്.

ചരിവുകൾ

ചരിവുകൾ ഭൂരിഭാഗവും കരഭൂമിയാണ്. അധികവും ചെങ്കൽ മണ്ണാണ്. ചരിവുകളിൽ മണ്ണൊലിപ്പ് കൂടുതലായതുകൊണ്ട് മേൽ മണ്ണ് ഫലപുയിഷ്ടിയുള്ളതല്ല. തെങ്ങു വ്യാപകമായി കൃഷിചെയ്യപ്പെടുന്നു. പൊതുവായ ജലസേചനസൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. ഇത്തിക്കരയാറ് സമീപത്ത് കൂടി ഒഴുകുന്നുണ്ടെങ്കിലും ജലസമ്പത്തു ചൂഷണം ചെയ്യാനുള്ള സംവിധാനങ്ങളില്ല: തെങ്ങിനു പുറമെ റബ്ബർ കൃഷി ഇപ്പോൾ വ്യാപകമായി നടന്നു വരുന്നു. കുരുമുളക്, കമുക്, വാഴ, മരച്ചീനി, കശുമാവ്, മാവ്, പ്ലാവ്, മറ്റു കിഴങ്ങുവർഗങ്ങൾ എന്നിവ വൻ തോതിൽ അല്ലെങ്കിലും കൃഷി ചെയ്തു വരുന്നുണ്ട്. കൃഷിയോഗ്യമായ മുഴുവൻ ഭൂമിയും ഇപ്പോൾ കൃഷിക്കു വിനിയോഗിച്ചിട്ടില്ല. അവ കണ്ടുപിടിച്ചു അവിടെ കൃഷി ചെയ്യാനുള്ള പദ്ധികൾ ആസൂത്രണം ചെയ്യണം.

കരകൃഷികൾക്കുള്ള വളപ്രയോഗം നാമമാത്രമായേ ഉള്ളൂ. ഈ പോരായ്മയെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും ശാസ്ത്രീയമായ വളപ്രയോഗം എങ്ങനെ എന്നതു കർഷകരെ പഠിപ്പിക്കുകയും വേണം.

ആറ്റു തീരം

ഏതാണ്ട് 6 കി.മീ. നീളത്തിലുള്ള ആറ്റു തീരം പഞ്ചായത്തിലുണ്ട്. വീതികുറഞ്ഞ ഒരു എക്കൽമണ്ണുപ്രദേശം ആണിത്. ഇവിടെ മണൽ കലർന്ന എക്കലാണ്. തെങ്ങ് കൃഷിക്ക് ഈ പ്രദേശം വളരെ അനുയോജ്യമാണ്. തെങ്ങുമാത്രമാണ് ഇപ്പോൾ കൃഷി ചെയ്യുന്നത്. അനധികൃതവും, അശാസ്ത്രീയവുമായ വ്യാപകമായ മണലൂറ്റ് നദികളുടെ ആഴം വർദ്ധിക്കുന്നതിനും സമീപപ്രദേശങ്ങളിലെ നീരുറവകളും, കിണറും, കുളവും, വറ്റുന്നതിനും കാരണമാകുന്നു. മാത്രമല്ല, കരകൾ ഇടിഞ്ഞു നശിക്കുന്നതിനും, മണ്ണൊലിപ്പിനും. മരങ്ങൾ കടപുഴകിവീഴുന്നതിനും കാരണമാകുന്നു. തടയണകൾ നിർമ്മിക്കുക, വശങ്ങൾ കെട്ടുക, മണലൂറ്റൽ ഫലപ്രദമായി നിരോധിക്കുക തുടങ്ങിയ പരിഹാരമാർഗ്ഗങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതാണ്.

പാറക്കുന്നുകൾ

പള്ളിക്കൽ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ തെക്കുവടക്ക് നാലു കി.മീ. കൂടുതൽ നീളത്തിൽ ശരാശരി 400 മീറ്റർ വീതിയിൽ പാറകുന്നുകളുടെ ശൃംഖല സ്ഥിതിചെയ്യുന്നു. ഈ കുന്നുകളിൽ പാറയ്ക്കിടയിൽ കരിമണ്ണു കാണുന്നു. ഏറിയഭാഗവും കൃഷിയോഗ്യമല്ല. അങ്ങിങ്ങു റബ്ബറും മറ്റും കൃഷി ചെയ്യുന്നുണ്ട്. ഇവിടെ ധാരാളം പാറ ക്വാറികളുമുണ്ട്. ഈ പഞ്ചായത്തിന്റെ ഏറ്റവും വലിയ സമ്പത്തായ ഈ പാറകൾ മറ്റുള്ളവർ അപഹരിച്ചുകൊണ്ടു പോകുന്ന സമ്പ്രദായം ഉടനടി അവസാനിപ്പിക്കാനുള്ള പദ്ധതികൾ ഉണ്ടാകണം. പഞ്ചായത്തിന്റെ മറ്റു ചില പ്രദേശങ്ങളിലും പാറകുന്നുകൾ കാണപ്പെടുന്നു.

കാലാവസ്ഥ

കേരളത്തിന്റെ തെക്കൻ ജില്ലയായ തിരുവനന്തപുരത്തിന്റെ കാലാവസ്ഥാരീതിയിൽ തന്നെ ഏറെക്കുറെ പള്ളിക്കൽ പഞ്ചായത്തിലും. ശൈത്യകാലം ഡിസംബർ മുതൽ ജനുവരി അവസാനം വരെ, വേനൽക്കാലം ഫെബ്രുവരി മുതൽ മേയ് വരെ, മഴക്കാലം (ഇടവപ്പാതി) ജൂൺ മുതൽ സെപ്റ്റംബർ വരെ, തുലാവർഷം ഒക്ടോബർ മുതൽ നവംബർ വരെ. കേരളത്തിൽ ഏറ്റവും കുറവു വർഷപാതം തിരു: ജില്ലയിലാണ്. 181 സെന്റീമീറ്റർ. താപനില വേനൽക്കാലത്ത് 37°C വരെ ഉയരാറുണ്ട്. കുറഞ്ഞത് 19°C. നവംബർ ഡിസംബർ മാസങ്ങളിൽ ആര്യങ്കാവ് ചുരം കടന്നു വരുന്ന വരണ്ട വൃശ്ചിക കാറ്റ് സസ്യങ്ങൾക്കു ഗുണകരമാണെങ്കിലും മനുഷ്യർക്ക് അസഹ്യമാണ്. മഴയെമാത്രം ആശ്രയിച്ചു കഴിയുന്ന കൃഷിക്കാർ കാലാവസ്ഥയിൽ പലപ്പോഴും ഉണ്ടാകുന്ന മാറ്റങ്ങൾ മൂലം ബുദ്ധിമുട്ടനുഭവിക്കുന്നു. അധികമായ വരൾച്ചയും അതുപോലെ തന്നെ പ്രതീക്ഷിക്കാത്ത ജലപ്രളയവും കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നമാണ്.

**ജലലഭ്യത**

മഴയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ്. ഇടവപ്പാതിയും തുലാവർഷവും ഉൾപ്പെടുന്ന ജൂൺ മുതൽ നവംബർ വരെയുള്ള മാസങ്ങൾ ജലദൗർലഭ്യം സാധാരണ അനുഭവപ്പെടാറില്ല. ഡിസംബർ മുതൽ മേയ് വരെ വേണ്ടത്ര ജലം ലഭിക്കുന്നില്ല. മറ്റു ജലസ്രോതസ്സുകൾ നദി, കുളങ്ങൾ, തോടുകൾ, ഉറവകൾ തുടങ്ങിയവയാണ്.

**തോടുകൾ**

1. മുതിയക്കോണം ഏലാതോട്.
2. തനിയിൽ ഏലാത്തോട്
3. കാട്ടുപുതുശ്ശേരി ഏലാത്തോട്
4. തോളൂർ ആനകുന്നം ഏലാത്തോട്
5. തോയിത്തല ഏലാത്തോട്
6. പള്ളിക്കൽ പള്ളിക്കപ്പുഴത്തോട്
7. ഈഴക്കോട് പനപ്പിള്ളിതോട്
8. മുളംപള്ളി- പനപ്പിള്ളിതോട്
9. ചേങ്കോട്ട് ഏലാത്തോട്
10. ഉളവക്കോട് പനപ്പിള്ളിതോട്
11. കുപ്പോട് ഏലാത്തോട്
12. ഏറ്റൂട്ടുകോണം ഏലാത്തോട്
13. കുളക്കുടി പള്ളിയ്ക്കൽപ്പുഴത്തോട്
14. വടവൂർക്കോണം കുഴിയറത്തോട്
15. മരുതംകോട് ഏലാത്തോട്
16. ഞാലൂർ ഏലാത്തോട്
17. പാലൂർക്കോണം-പകൽക്കുറിപുഴത്തോട്
18. മേൽക്കുറുന്നൂർ ഏലാത്തോട്
19. പാലോട്ടുകോണം ഏലാത്തോട്
20. കുഴിയൻ വയൽ ഏലാത്തോട്
21. മൈലോട്ടുകോണം ഏലാത്തോട്
22. ഇലവൂർക്കോണം ഏലാത്തോട്
23. കരിമ്പിച്ചിപുഴി ഏലാത്തോട്
24. മമ്പഴ ഏലാത്തോട്
25. ഏറത്തു ഏലാത്തോട്
26. ചെമ്മരത്ത് ഏലാത്തോട്
27. ഇരമാഞ്ചിരം ഏലാത്തോട്
28. കിഴക്കുപുറം ഏലാത്തോട്
29. പുതൂർ ഏലാത്തോട്
30. പേരകത്ത് ഏലാത്തോട്
31. വിളക്കുവട്ടം ഏലാത്തോട്
32. വെള്ളൂർ ഏലാത്തോട്
33. കല്ലറക്കോണം ഏലാത്തോട്.
34. ആറയിൽ കുഴിഞ്ഞാലിൽ തോട്
35. മണ്ഡപത്ത് ഏലാത്തോട്
36. ഒഴുകുപാറ ഈരാറ്റിൽ തോട്
37. ഇടമുടുമ്പ് ഏലാത്തോട്
38. മൂർത്തിക്കോണം തനിയിൽ ഏലാത്തോട്.

**കുളങ്ങൾ**

1. പള്ളിക്കൽ ഏലാതലക്കുളം
2. ചാഴൂർക്കുളം
3. കുളക്കുടി തലക്കുളം
4. ഏറ്റൂട്ടുകോണം ഏലാതലക്കുളം
5. ഒഴികുപാറക്കുളം
6. കുഴിയറക്കാവ് കുളം

**ഭൂവിനിയോഗം**

പള്ളിയ്ക്കൽ പഞ്ചായത്തിന്റെ ഭൂവിസ്തൃതി 3998 ഏക്കർ 37 സെന്റ് പുരയിടം 2634 ഏക്കർ 39 സെന്റ് പതിവ്. പുറമ്പോക്ക് 793 ഏക്കർ 18 സെന്റ്, തരിശ് 68 ഏക്കർ 64 സെന്റ് നിലം 502 ഏക്കർ 14 സെന്റ്. കരഭൂമിയിൽ ഭൂരിഭാഗവും കൃഷി ഇറക്കുന്നു.

| | |
|---|---|
| 1. നെൽകൃഷി | 190 ഹെക്ടർ |
| 2. തെങ്ങ് | 762 ഹെക്ടർ |
| 3. കമുക് | 32 ഹെക്ടർ |
| 4. കുരുമുളക് | 42 ഹെക്ടർ |
| 5. മരിച്ചീനി | 550 ഹെക്ടർ |

| | |
|---|---|
| 6. വാഴ | 252 ഹെക്റ്റർ |
| 7. പച്ചക്കറികൾ | 28 ഹെക്റ്റർ |
| 8. റബർ | 350 ഹെക്റ്റർ |
| 9. കശുമാവ് | 23 ഹെക്റ്റർ |
| 10. ഗ്രാമ്പു | 5 ഹെക്റ്റർ |
| 11. ജാതി | 12 ഹെക്റ്റർ |
| 12. ഇഞ്ചി | 12 ഹെക്റ്റർ |
| 13. പയർവർഗ്ഗങ്ങൾ | 45 ഹെക്റ്റർ |

### ഉല്പാദനം

| | | |
|---|---|---|
| 1. തെങ്ങ് | ഹെക്റ്ററിന് ഒരു വർഷം | 7000 എണ്ണം |
| 2. കുരുമുളക് | ഹെക്റ്ററിന് ഒരു വർഷം | 400 കിലോ. |
| 3. മരച്ചീനി | ഹെക്റ്ററിന് ഒരു വർഷം | 22 മെട്രിക്ടൺ |
| 4. വാഴ | ഹെക്റ്ററിന് ഒരു വർഷം | 8500 കിലോ. |
| 5. നെല്ല് ഒന്നാംവിള | ഹെക്റ്ററിന് ഒരു വർഷം | 1860 കിലോ. |
| 6. നെല്ല് രണ്ടാംവിള | ഹെക്റ്ററിന് ഒരു വർഷം | 2010 കിലോ. |

### ജൈവസമ്പത്ത്

1. കാള, പശു, എരുമ, പോത്ത്, ആട്, പട്ടി, കോഴി, താറാവ്, പൂച്ച തുടങ്ങിയവ വളർത്തപ്പെടുന്നു.

2. വന്യജന്തുക്കൾ. മുയൽ, കുറുക്കൻ, കാട്ടുപൂച്ച, വെരു, മരപ്പട്ടി, അണ്ണാൻ, ഉടുമ്പ്, കീരി, എലി, പെരുച്ചാഴി എന്നിവ അപൂർവമായിട്ടുണ്ട്.

3. തവിഴാമ, കൈതോന്നി, കുറുന്തോട്ടി, നീലഅമരി തുടങ്ങിയവ അപൂർവമായി പഞ്ചായത്തിലുണ്ട്.

4. കാക്ക, പ്രാവ്, പരുന്ത്, ഉപ്പൻ, കരിയിലക്കിളി, വവ്വാൽ, നരച്ചിൽ, കുളക്കോഴി, മരംകൊത്തി, കുയിൽ, നത്ത്, ഓലഞ്ഞാരിക്കിളി, മൈന, കുരുവി, പുള്ള്, കൊക്ക്, കുട്ടത്തിപ്രാവ്, തത്ത, പച്ചക്കിളി, പൊൻമാൻ, കാഡ തുടങ്ങിയ പക്ഷികൾ പഞ്ചാത്തിൽ സാധാരണമാണ്.

### മനുഷ്യവിഭവം

പള്ളിക്കൽ പഞ്ചായത്തിലെ ജനസംഖ്യാ വിവരങ്ങൾ

(1991-ലെ സെൻസസ്)

| | |
|---|---|
| ആകെ ജനസംഖ്യ. | 14709 |
| പുരുഷൻ | 7010 |
| സ്ത്രീ | 7699 |
| ആറുവയസ്സിനു താഴെ പ്രായമുള്ളവർ | 1996 |
| പുരുഷൻ | 1054 |
| സ്ത്രീ | 942 |

**പട്ടികജാതി**

| | |
|---|---|
| ആകെ | 1919 |
| പുരുഷൻ | 930 |
| സ്ത്രീ | 989 |

**സാക്ഷരത**

| | |
|---|---|
| ആകെ | 11477 |
| സാക്ഷരർ പുരുഷൻ | 5636 |
| സ്ത്രീ | 5841 |

**തൊഴിലെടുക്കുന്നവർ**

| | |
|---|---|
| പുരുഷന്മാർ | 2707 |
| സ്ത്രീകൾ | 832 |
| കർഷകർ | |
| പുരു: | 838 |
| സ്ത്രീ: | 76 |

**കർഷകതൊഴിലാളികൾ**

| | |
|---|---|
| പുരു: | 784 |
| സ്ത്രീ: | 254 |
| ആകെ | 1038 |
| ക്വാറി – ആകെ | 938 |
| പുരു: | 510 |
| സ്ത്രീ: | 428 |

**നിർമ്മാണതൊഴിലാളികൾ**

| | |
|---|---|
| ആകെ | 312 |
| പുരുഷൻ | 257 |
| സ്ത്രീ | 55 |

ചുമട്ടു തൊഴിലാളികൾ

| | |
|---|---|
| ആകെ | 125 |
| പുരുഷൻ | 120 |
| സ്ത്രീ | 5 |

കശുവണ്ടി ചുടുകട്ട വ്യവസായ തൊഴിലാളികൾ

| | |
|---|---|
| ആകെ | 425 |
| പുരുഷൻ | 53 |
| സ്ത്രീ | 372 |

പഞ്ചായത്തിലെ മുഖ്യതൊഴിൽ കൃഷിപ്പണിയാണെങ്കിലും കർഷക തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കാർഷിക തൊഴിലാളികൾ കശുവണ്ടി, പാറക്വാറികൾ, ചുടുകട്ട നിർമ്മാണരംഗം, റബർ ടാപ്പിംഗ് തുടങ്ങിയ വിഭാഗങ്ങളിലേയ്ക്ക് മാറികൊണ്ടിരിക്കുന്നു. ഗവ: ഉദ്യോഗങ്ങൾ തുലോം കുറവാണ്. മറ്റു ഭാഗികമായ തൊഴിൽ ചെയ്യുന്നവർ ഒരു കുറഞ്ഞ ശതമാനം വരും. സാമാന്യ വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും ഉള്ളവർ അധികവും തൊഴിലില്ലാത്തവരാണ്.

# വികസന മേഖലകൾ

വികസന മേഖലകളെ മൂന്നായി തരം തിരിക്കാം. 1. പ്രാഥമിക മേഖല. കൃഷി, ജല സേചനം, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ പഞ്ചായ ത്തിൽ കടലോ കായലോ മത്സ്യബന്ധന സൗകര്യമുള്ള ജലാശയങ്ങളോ ഇല്ല. അതു കൊണ്ട് മത്സ്യ ബന്ധനത്തിനു പകരം മത്സ്യ കൃഷിയും വിപണനവും എന്ന് മാറ്റാവുന്ന താണ്. 2. ദ്വിതീയ മേഖല:-വ്യവസായം, ഊർജ്ജം, ഗതാഗതം, പാർപ്പിടം, സാമൂഹ്യ ക്ഷേമം എന്നിവ ഇതിൽ ഉൾപ്പെടുന്നു. 3. ത്രിതീയ മേഖല:-ഇതിൽ ആരോഗ്യം, കുടി വെള്ളം, വിദ്യാഭ്യാസം, സംസ്കാരം, പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം, വനിത സഹകര ണമേഖല വിഭവ സമാഹരണം എന്നിവ ഉൾപ്പെടുന്നു.

### 1. കൃഷിയും ജലസേചനവും

സംസ്ഥാനത്തെ മറ്റു പല പ്രദേശങ്ങളെയും പോലെ നമ്മുടെ പഞ്ചായത്തിലും ജന്മി കുടി യാൻ വ്യവസ്ഥ നില നിന്നിരുന്നു. പകൽക്കുറി ക്ഷേത്രംവക ഭൂമി, പനപ്പള്ളി കുടുംബവക മറ്റ് ഇടത്തരം ജന്മികളുടെ ഭൂമി ഇവ പാട്ടം, പാതിവാരം, ഒറ്റി എന്നീ വ്യവസ്ഥ കളിൽ കൃഷിക്കാർ കൈവശം വച്ചു കൃഷി ചെയ്തു പോന്നിരുന്നതാണ് ഏറെഭാഗവും. 1957 ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ കാലത്ത് ഉണ്ടായ നിയമ നിർമ്മാണങ്ങൾ മൂലം ഏറെ കൃഷിക്കാരും കൃഷിഭൂമിയുടെ ഉടമസ്ഥരായി.

ഈ പഞ്ചായത്ത് പ്രദേശത്ത് നെല്ലും തെങ്ങുമായിരുന്നു പ്രധാനമായും കൃഷി ചെയ്തിരുന്നത്. എല്ലാ മേഖലകളിലും നെൽകൃഷി നിലനിന്നിരുന്നു. ആറ്റിന്റെ തീര പ്രദേശങ്ങൾ മറ്റു താഴ്ന്ന പ്രദേശങ്ങൾ എന്നി വിടങ്ങളിൽ മുഖ്യകൃഷി തെങ്ങായിരുന്നു. ഉയർന്ന പ്രദേശങ്ങൾ കുറ്റിക്കാടുകളായിരുന്നു. കുറച്ച് അധികം ഭാഗങ്ങൾ കാലി മേച്ചിലിനു വേണ്ടി നീക്കി വച്ചിരുന്നു. കൊല്ലവർഷം 1100 ലെ നായർ ആക്റ്റിനുശേഷം മക്കത്തായം നില വിൽ വരുകയും കുടുംബങ്ങൾ ഭാഗിക്കപ്പെടു കയും ചെയ്തു. ജനസംഖ്യാ വർദ്ധനവുണ്ടാ യപ്പോൾ ഭൂമി തുണ്ടു തുണ്ടുകളായി ഭാഗിക്ക പ്പെട്ടു. ഓരോ തുണ്ടു ഭൂമിയിലും ഓരോ പാർപ്പിടങ്ങൾ നിർമ്മിക്കപ്പെട്ടു. ഈ തുണ്ടു ഭൂമിയിലും ഓരോ പാർപ്പിടങ്ങൾ നിർമ്മിക്ക പ്പെട്ടു. ഈ തുണ്ടു ഭൂമികളാണ് നമ്മുടെ പഞ്ചാ യത്തിലെ കൃഷിസ്ഥലങ്ങൾ.

മുൻകാലങ്ങളിൽ മറ്റു കൃഷികൾ മരച്ചീനി, പയർ, മുതിര, കാച്ചിൽ, കൂരവ്, എള്ള്, ഉഴുന്ന്, ചേമ്പ്, ചേന, നനകിഴങ്ങ്, ചെറുവള്ളികിഴങ്ങ് മുതലായ ചെറുകൃഷികളും അടുക്കള മുറ്റ കൃഷികളായി വെണ്ട, പച്ചമുളക്, മത്തൻ, കുമ്പളം, വെള്ളരി, പാവൽ, വഴുതിന എന്നി വയും പറമ്പുകളിൽ അങ്ങിങ്ങായി പ്ലാവ്, മാവ്, പറിങ്കിമാവ്, കമുക്, വാഴ, പൈനാപ്പിൾ തുടങ്ങിയവ കൃഷി ചെയ്തിരുന്നു. തനതാവ ശ്യങ്ങൾക്കുവെണ്ടി ഉള്ള കൃഷികളല്ലാതെ വാണിജ്യാടിസ്ഥാനത്തിൽ ഇവ കൃഷി ചെയ്തിരുന്നില്ല. മേൽപ്പറഞ്ഞ വിളകളിൽ നെല്ല് ഒഴിച്ചുള്ള കൃഷികൾ ഓരോന്നായി അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. കിഴങ്ങു

വർഗ്ഗങ്ങളിൽ പലതും ഇന്ന് കൃഷിചെയ്യുന്നില്ല. മരച്ചീനി ഒരപൂർവ്വ കൃഷിയായി മാറിയിരിക്കുന്നു.

ബ്രിട്ടീഷ് ഭാരതത്തിൽ രണ്ടാം ലോക മഹായുദ്ധകാലത്ത് വ്യാപകമായി ഭക്ഷ്യോല്പന്നങ്ങളുടെ ലഭ്യത ബുദ്ധിമുട്ടിലായി. ജനങ്ങൾ പട്ടിണിയിലായി. നെല്ലരിക്കുപകരം ഇറക്കുമതി ചെയ്ത ബജറയും, പുല്ലരിയും റേഷൻ കടകളിൽ ചെന്ന് ക്യൂനിരയിൽ കാത്ത് നിന്നു വാങ്ങേണ്ട അവസ്ഥ സംജാതമായി. ഈ അനുഭവം ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യകത കർഷകർക്ക് ബോധ്യപ്പെട്ടു. ഇതേ തുടർന്നാണ് എല്ലുപൊടി രാസവളങ്ങൾ എന്നിവ വ്യാപകമായി ഉപയോഗിച്ചുതുടങ്ങിയത്. ഇതിന്റെ ഫലമായി നെല്ലുല്പാദനം ഇരട്ടിയിലേറെ വർദ്ധിച്ചു. ജൈവ വളങ്ങൾ– ചാണകം, തോൽ, ചാമ്പൽ തുടങ്ങിയവ– അവയുടെ ഉപയോഗങ്ങൾ ഇക്കാലത്ത് കുറച്ചിരുന്നില്ല.

കാലം മാറിയതോടുകൂടി കൃഷി രീതികളും മാറി, മരച്ചീനി, തെങ്ങ് തുടങ്ങിയവയുടെ സ്ഥാനത്ത് റബർ കൃഷി സ്ഥാനം പിടിച്ചു. നിലങ്ങൾ നികഴ്ത്തി തെങ്ങും കമുകും വാഴയും കൃഷിചെയ്യുകയും കെട്ടിടങ്ങൾ വയ്ക്കുകയും ചെയ്തു തുടങ്ങി. നെൽകൃഷി സ്ഥലങ്ങളുടെ വ്യാപ്തി നന്നേ കുറഞ്ഞുകൊണ്ടിരിക്കുന്നു. ജൈവവളങ്ങളുടെ ഉപയോഗ നിത്യേന കുറഞ്ഞുവരുന്നു. മരങ്ങൾ മുറിച്ചു മാറ്റുന്നതുകൊണ്ട് തോലിന്റെയും വിറകിന്റെയും ക്ഷാമം വർദ്ധിച്ചുവരികയാണ്. ഗവൺമെന്റ് പ്രചരണത്തിൽ കുടുങ്ങി കൊക്കോ, ഗ്രാമ്പ്, ജാതി തുടങ്ങിയവ കൃഷിചെയ്തവർ വഞ്ചിതരാകുകയും അവ മുറിച്ചു മാറ്റികൊണ്ടിരിക്കുന്ന അവസ്ഥയിലാണിപ്പോൾ. പുതിയ തലമുറയിലെ യുവാക്കൾ കൃഷി തൊഴിലിൽ വിമുഖരാണ്.

### പ്രധാനകൃഷികൾ

1. നെല്ല് :– നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി സ്ഥലങ്ങളുടെ വിസ്തീർണം 502 എക്കർ ആയിരുന്നു. ഇന്ന് 80 ഏക്കറോളം നികഴ്ത്തി മറ്റ് ആവശ്യങ്ങൾക്കു ഉപയോഗിക്കുന്നു. നെൽകൃഷിക്കു രണ്ടു വിളകളാണ്. ശരാശരി വാർഷിക, ഉല്പാദന ക്ഷമത ഒരു ഹെക്റ്ററിന് 1935Kg ആണ്. ഈ ഉല്പാദന ക്ഷമത ലക്ഷ്യത്തിന്റെ പകുതിയേ ആകുന്നുള്ളു. ഇതെങ്ങനെ ലക്ഷ്യത്തിലെത്തിക്കാമെന്നതാണ് മുഖ്യമായ പ്രശനം. മണ്ണിലെ ജൈവ സമ്പത്ത് നിലനിർത്തുകയും മിതമായ രാസവളപ്രയോഗം നടത്തുകയും മറ്റുശാസ്ത്രീയ കൃഷിരീതികൾ കർശനമായി പാലിക്കുകയും ചെയ്തുകൊണ്ട് ഇത് പരിഹരിക്കാവുന്നതാണ്. അതിനുള്ള ശാസ്ത്രീയ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. ഏലാ വികസന സമിതികൾ എല്ലാ ഏലാകൾക്കും ഉണ്ടാകുകയും അതിന്റെ പ്രവർത്തനം ഫലപ്രദമായി നടത്തുകയും വേണം.

2. തെങ്ങ്കൃഷി :– ഏതാണ്ട് 1905 ഏക്കർ സ്ഥലത്ത് തെങ്ങുകൃഷി നമ്മുടെ പഞ്ചായത്തിലുണ്ടെന്നാണ് കൃഷിഭവൻ നൽകുന്ന കണക്ക്. ഒരു ഏക്കറിൽ ആണ്ടിൽ ശരാശരി ഏഴുപത്തഞ്ച് തെങ്ങാണുള്ളത്. ഇതിൽ നിന്നും ഏക്കറിന് ഉല്പാദനശേശി 2800 തേങ്ങയാണ്. ശരാശരി ഒരു തെങ്ങിൽനിന്ന് 38 തേങ്ങ ലഭിക്കുന്നു. തെങ്ങിന് രോഗബാധ വർദ്ധിച്ചു വരികയാണ്. ഉല്പാദന ക്ഷമത കാരണം പ്രധാന കാരണം. വരൾച്ച കാലത്ത ജലസേചന സൗകര്യമില്ലായ്മയാണ്. നമ്മുടെ പഞ്ചായത്തിലെ എല്ലാ തെങ്ങുകൾക്കും ആവശ്യനുസരണം ജലം ലഭ്യമാക്കിയാൽ തന്നെ ഉല്പാദന ശേഷി ഇരട്ടിപ്പിക്കുവാൻ കഴിയും. ജൈവ രാസവളങ്ങൾ ആവശ്യാനുസരണം നൽകുക കൂടി ചെയ്താൽ ഉല്പാദനം അതിലും കൂടുതൽ വർദ്ധിപ്പിക്കുവാൻ കഴിയും.

നാടൻ ഇനത്തിലുള്ള തെങ്ങുകളാണ് പാരമ്പര്യമായി കൃഷിചെയ്തു പോന്നിരുന്നത്. വളരെകുറഞ്ഞ തോതിൽ മാത്രം ഉല്പാദനശേഷി കൂടുതലുള്ള തെങ്ങുകൾ കൃഷി ചെയ്യുന്നുള്ളൂ. ഉല്പാദന ശേഷി തീരെകുറഞ്ഞവയും രോഗബാധയുള്ള തെങ്ങുകളും കണ്ടുപിടിച്ചു നിർബന്ധമായും മുറിച്ചുമാറ്റി പുതിയ തെങ്ങുകൾ വച്ചു പിടിപ്പിക്കുവാനുമുള്ള ഒരു സമഗ്ര പരിപാടിക്ക് പഞ്ചായത്ത് രൂപം നൽകേണ്ടതാണ്.

3. വാഴ :- നമ്മുടെ പഞ്ചായത്തിൽ 282 ഹെക്റ്റർ സ്ഥലത്ത് വാഴകൃഷിയുണ്ടെന്നാണ് കൃഷിഭവൻ കണക്കാക്കുന്നത്. ഒരേക്കറിന് 1000 വാഴയാണ് കൃഷി. പഴയരീതിയിലുള്ള കൃഷിയാണ് ഇപ്പോഴും ഏത്തൻ, പാളയങ്കോടൻ, ഞാണിപ്പൂവൻ, പൂവൻതോടൻ, അണ്ണാൻ, റോബെസ്റ്റാ, കദളി, കപ്പ ചുവന്നതും വെള്ളയും തുടങ്ങിയവയാണ് ഇനങ്ങൾ. ഒരു ശാസ്ത്രീയ കൃഷി രീതി സ്വീകരിച്ചിട്ടുള്ളവർ അപൂർവമാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവർ അപൂർവമാണ്. അപൂർവമായി നിലങ്ങളിലും വാഴ കൃഷിചെയ്യുന്നു. ലാഭകരമായി കൃഷി ചെയ്യാവുന്നത് ഏത്തൻ, പൂവൻ, റോബസ്റ്റാ തുടങ്ങിയ ഇനങ്ങളാണ് വാണിജ്യാടിസ്ഥാനത്തിൽ വാഴകൃഷി നടത്തുന്നതിനുള്ള ബൃഹത്തായ പദ്ധതികൾക്കു നമുക്കു രൂപം നൽകുവാൻ കഴിയണം.

4. കുരുമുളക് :- കുരുമുളക് 42 ഹെക്ററർ സ്ഥലത്ത് കൃഷിചെയ്യുന്നു. ഒരു ഹെക്റ്ററിൽ 100 മൂട് കൃഷി എന്നാണ് കണക്കാക്കുന്നത് മിക്കവാറും എല്ലാപറമ്പുകളിലും ചെറിയ തോതിൽ പഴയ കാലം മുതൽ കൃഷി ചെയ്തുവരുന്നുണ്ട്. നാടൻ ഇനങ്ങളാണധികം. പന്നിയൂർ 1-കരിമുണ്ട എന്നീ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ കുറഞ്ഞ തോതിൽ കൃഷി ചെയ്തുവരുന്നു. അത്യുല്പാദന ശേഷിയുള്ള ആധുനിക വിത്തിനങ്ങൾ ഈ പഞ്ചായത്തിൽ ഇന്നു ലഭ്യമല്ല. അവ ലഭ്യമാക്കി കുരുമുളകു കൃഷി ശാസ്ത്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

5. റബർ:- ഏതാണ്ട് 350 ഹെക്റ്റർ സ്ഥലത്തു റബർ കൃഷി ചെയ്യുന്നു. റബർ കൃഷി ഈ പഞ്ചായത്തിൽ 35 കൊല്ലത്തിനു മുമ്പാണു തുടങ്ങിയത്. ആദ്യകാലങ്ങളിൽ നാടൻ ഇനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത്. ഇന്ന് ആധുനിക ഇനങ്ങൾ കൃഷി ചെയ്യുന്നുണ്ട്. ശാസ്ത്രീയ കൃഷിരീതിയിൽ കർഷകർക്ക് വളരെ പരിചയമില്ല. കൃഷിരീതി, ടാപിംഗ്, പാൽ സംഭരണം ഷീറ്റ് നിർമ്മാണം ഷീറ്റ് ഉണക്കിയെടുക്കൽ എന്നിവ കൃഷിക്കാരെ പരിശീലിപ്പിക്കേണ്ടതുണ്ട്. വിലകൂടിയ ഒന്നാംതരം റബർ ഷീറ്റുകൾ നിർമ്മിക്കാൻ കഴിയുമെന്നിരിക്കെ ഏറ്റവും വിലകുറഞ്ഞ തരം തിരിക്കാത്ത റബറാണ് നമ്മുടെ കർഷകർ ഉല്പാദിപ്പിക്കുന്നത്. മണ്ണു പരിശോധിച്ചുള്ള വളപ്രയോഗം നടത്തുന്നില്ല. ഇന്നുള്ളതിന്റെ ഇരട്ടി ആദായം ലഭ്യമാക്കുവാൻ ഇന്നുള്ള മരങ്ങളിൽ നിന്നും തന്നെ കഴിയും.

6. കശുമാവ്:- 23 ഹെക്റ്റർ സ്ഥലത്താണ് ഇന്നു പഞ്ചായത്തിൽ കൃഷിചെയ്യുന്നത്. മുൻകാലങ്ങളിൽ വ്യാപകമായ രീതിയിൽ ഈ പഞ്ചായത്തിൽ കശുമാവു കൃഷി ചെയ്തിരുന്നു. ഇന്ന് അവ വളരെ പരിമിതമായ തോതിലെ ഉള്ളു. ലോക കമ്പോളത്തിൽ ഏറ്റവും കൂടുതൽ ഡിമാന്റുള്ള വസ്തുവാണ് കശുവണ്ടിപ്പരിപ്പ്. കശുമാവു കൃഷി നമ്മുടെ നാട്ടിൽ മെച്ചപ്പെടുത്തുന്നതുകൊണ്ട് രണ്ടു കാര്യങ്ങൾ സാധിക്കുന്നു. കൃഷിക്കാർക്ക് വലിയ ആദായവും കശുവണ്ടി തൊഴിലാളികൾക്കു കൂടുതൽ തൊഴിൽ സാധ്യതയും. അദ്ധ്വാനവും ചെലവും നാമമാത്രമായിട്ടുള്ള ഈ കൃഷിക്കു വികസന സാദ്ധ്യതകൾ ഏറെയുണ്ട്. നല്ലയിനത്തിലുള്ള വിത്തുകൾ ലഭ്യമാക്കുകയും തേയില കൊതു തുടങ്ങിയ കീടങ്ങളെ നശിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ഉല്പാദനം വളരെയധികം വർദ്ധിപ്പിക്കാവുന്നതാണ്.

7.പച്ചക്കറി :- പച്ചക്കറി കൃഷി 28 ഹെക്റ്റർ സ്ഥലത്തുണ്ടെന്നാണ് കണക്ക്. നമ്മുടെ സംസ്ഥാനത്ത് ഇന്നു ആവശ്യമുള്ളതിന്റെ 2/3 ഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നു വാങ്ങുന്നത്. ഏതാണ്ട് 500 കോടി രൂപയാണ് ഇതിലേക്കു നാം മുടക്കുന്നത്.

ഇന്നു നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന ഇനങ്ങൾ വെണ്ട, വഴുതണ, പച്ചമുളക്, പടവൽ, പാവൽ, വെള്ളരി, കുമ്പളം, പയർ തുടങ്ങിയവയാണ്.

പച്ചക്കറി കൃഷി ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റിക്കൊണ്ട് ഓരോ വീടും സ്വയം പര്യാപ്തമാക്കുകയും കുറച്ചധികം കൃഷിക്കാർക്കെങ്കിലും ഒരു വരുമാന മാർഗ്ഗമാക്കു

കയും ചെയ്യുവാൻ നമുക്കു നിഷ്പ്രയാസം സാധിക്കുന്നതാണ്. ഇതിലെക്ക് ഓരോ വാർഡിലും പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ ഉണ്ടാകണം ആവശ്യമായ വിത്തും വളവും സൗജന്യമായി നൽകേണ്ടതാണ്. പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തപ്പെടണം.

8. പയർ വർഗ്ഗങ്ങൾ:- പയർ വർഗ്ഗങ്ങൾ ഇന്നു വേണ്ടത്ര കൃഷി ചെയ്യുന്നില്ല. മുതിര, ഉഴുന്നു, എള്ള്, തുടങ്ങിയവയുടെ കൃഷി നിലച്ചിരിക്കുന്നു ഇത് പുനരുജ്ജീവിപ്പിക്കുകയും കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യാവുന്നതാണ്.

9. വെറ്റില കൃഷി :- വെറ്റിലകൃഷി ആദായകരമൊന്നാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇന്ന് നന്നേ കുറവാണ്. ജലസേചനസൗകര്യമുള്ള ചോലയില്ലാത്ത പുരയിടങ്ങളിലെല്ലാം ഈ കൃഷി നടത്താവുന്നതാണ്. ഇത് പുനരുജ്ജീവിപ്പികുന്നതിനുള്ള പരിപാടികൾ തയ്യാറാക്കണം.

10. കവുങ്ങ് :- തെങ്ങിനെക്കാൾ തന്നെ ആദായകരമെന്നു പറയാവുന്നവയാണ് കവുങ്ങു കൃഷി. മുമ്പ് നമ്മുടെ പഞ്ചായത്തിൽ തോട്ടുവരമ്പുകളിലും വയൽ വരമ്പുകളിലും ഈ കൃഷി നടത്തിയിരുന്നു. ജലസേചന സൗകര്യമുള്ള എല്ലാ സ്ഥലത്തും കവുങ്ങു നട്ടു വളർത്താവുന്നതാണ്. പുതിയ ഇനം വിത്തിനങ്ങൾ കർഷകർക്കു പദ്യമാക്കുകയും വേണ്ട പ്രോത്സാഹനം ചെയ്യുകയും ചെയ്താൽ വളരെയധികം വികസനസാധ്യതയുള്ള ഒന്നാണ് കവുങ്ങ് കൃഷി.

11. കിഴങ്ങുവർഗ്ഗങ്ങൾ:- മരച്ചീനി, ചേമ്പ്, കാച്ചിൽ, ചേന, കൂവ തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി ശുഷ്കിച്ചു വരുകയാണ്. ഇവ വിപുലീകരിക്കുകയും ശാസ്ത്രീയാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും വേണം. കിഴങ്ങു ഗവേഷണ കേന്ദ്രവുമായി ബന്ധപ്പെട്ടു പുതിയ ഇനം വിത്തിനങ്ങൾ കർഷകർക്കു ലഭ്യമാക്കുവാൻ വേണ്ട പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

12. മുരിങ്ങ :- വളരെയധികം പോഷക പ്രധാനവും അനായസേന നട്ടുവളർത്താവുന്നതുമായ ഒന്നാണ് മുരിങ്ങ. വേലികളിൽ നട്ടു കുരുമുളകു വള്ളി പടർത്താവുന്നതുമായ ഈ വിളയ്ക്ക് വാണിജ്യ പ്രാധാന്യവുമുണ്ട്. പുതിയ ഇനം വിത്തിനങ്ങൾ ലഭ്യമാക്കുകയും കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കണം.

13. മരങ്ങൾ വച്ചുപിടിപ്പിക്കൽ :- തേക്ക്, മാഞ്ചിയം, മഹാഗണി, ആഞ്ഞിലി തുടങ്ങിയ മരങ്ങൾ വീട്ടുപറമ്പുകളിൽ വച്ചുപിടിപ്പിക്കുന്ന പരിപാടിക്കു പ്രോത്സാഹനം നൽകണം. മറ്റു കൃഷികൾക്കു യോഗ്യമല്ലാത്ത ധാരാളം സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. അവിടെയും ഇതു നട്ടുവളർത്താവുന്നതാണ്. ഇത് കർഷകർക്ക് വലിയ ആദായമർഗ്ഗമാണ്. ഇന്നു പല നിർമ്മാണ പ്രവർത്തനങ്ങൾക്കും തടിയുടെ ലഭ്യതകുറവാണ്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കുവാൻ ഈ പരിപാടിക്കു കഴിയും.

### കൃഷിഭവൻ

പള്ളിക്കൽ വില്ലേജിലെ കാർഷിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രം കൃഷിഭവൻ ആണെന്നാണ് ഉദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ചില സബ്സിഡികളുടെ വിതരണം, വിത്തിനങ്ങളുടെയും ചെടികളുടെയും വിതരണം, ദുരുതാശ്വാസ ഫണ്ടുകൾ വിതരണം തുടങ്ങിയ വിരലിലെണ്ണാവുന്ന പരിപാടികൾക്കു മാത്രമേ കൃഷിഭവൻ മുൻ കൈയ്യെടുത്തു കാണാറുള്ളൂ.

നടീൽ സീസൺ അവസാനിക്കുമ്പോഴായിരിക്കും നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നത്. വിതരണം ചെയ്യുക'എന്നല്ലാതെ ഇത് കൃഷിക്കാർക്കു പ്രയോജനപ്പെടണമെന്നു കൃഷിഭവനു നിർബന്ധമില്ല. കൃഷിക്കാർക്ക് ആവശ്യമായ തൈകൾ എത്തിക്കുന്നതിന് കൃഷിഭവൻ മുൻകൈയ്യെടുക്കാറില്ല. വാഴത്തൈകൾ ആവശ്യപ്പെടുന്നവർക്ക് തെങ്ങും തൈകൾ നൽകാമെന്നു പറയുന്നതു പതിവാണ്. കാർഷിക വിളകളുടെ കൃഷിവിസ്തൃതി വസ്തുനിഷ്ടമാണെന്നു പറയാൻ കഴിയുകയില്ല. അവ ഒരു പുനപരിശോധന ഇക്കാര്യത്തിൽ ആവശ്യമാണ്. സമഗ്രമായ അഴിച്ചുപണി കൃഷിഭവന്റെ

പ്രവർത്തന രീതിയിൽ വരുത്തേണ്ടതിന് കുറിച്ചു ഇതിനെ കൂടി വികസന സമിതി ഗൗരവ പൂർണമായ ചർച്ചകൾ ചെയ്യേണ്ട താണ്.

ജലസേചനം.

പരമ്പരാഗത ജലസ്രോതസ്സ്കളെന്ന നില യിൽ 35'/2 കിലോ മീറ്റർ നീളത്തിലുള്ള തോടു കളാണ് ഈ പഞ്ചായത്തിലുള്ളത്. ഇത്തിക്കര ആർ വടക്കു അതിർത്തിയിൽ കൂടി കടന്നു പോകുന്നങ്കിലും ഈ പഞ്ചായത്തിൽ ഉൾപ്പെ ട്ടതല്ല. ജലസേചന സംവിധാനങ്ങളെന്ന നില യിൽ വളരെ പരിമിതമായ പദ്ധതി പ്രവർത്ത നങ്ങളാണ് ഇവിടെ നടന്നിട്ടുള്ളത്. 17 കിണ റുകൾ 9 കുഴൽക്കിണറുകൾ 6 കുളങ്ങൾ 7 ക്രോസ്സ്ബാറുകൾ മാത്രമാണ് ഇതുവരെ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഉപരിതല ജലസ്രോ തസ്സുകളിൽ നിന്നുള്ള ജല ലഭ്യത കുറവാണ്. വേനൽ കാലത്ത് തോടുകൾ, കുളങ്ങൾ, കിണ റുകൾ ഇവ വറ്റിപ്പോകുന്നു. മലയിടുക്കുകളിൽ ബണ്ടുകൾ നിർമിച്ചും തോടുകളിൽ തടയണ യിട്ടും എല്ലാ ഏലാകളുടെ തലയ്ക്കൽ വിസ്തൃ തിയും ആഴവും ഉള്ള തലക്കളങ്ങൾ നിർമ്മിച്ചും ആററിൽ നിന്ന് പമ്പുചെയ്തു ഈ തലക്കുളങ്ങൾ നിറച്ചും നെൽകൃഷിക്കു മുന്നാംവിള കൂടി നടപ്പിലാക്കാവുന്നതാണ്. ആറ്റിൽ നിന്നും പമ്പുചെയ്ത് ഉയരമുള്ള കര പ്രദേശത്ത് ടാങ്കുകൾ കെട്ടി അവ നിറച്ചാൽ തെങ്ങു തുടങ്ങിയ കരകൃഷിക്കും പ്രയോജന പ്രദമാകും. ആറ്റിൽ ചെക്കുഡാമുകൾ കെട്ടി ഭൂഗർഭ ജലത്തിന്റെ ജലനിരപ്പ് ഉയർത്താവു ന്നതാണ്.

നീർമറി പദ്ധതി

മുഖ്യമായും കൃഷിയിൽ ഊന്നി നിന്നു കൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശ ത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കുന്ന താണ് നീർമറി പദ്ധതി. ഏതെങ്കിലും ഒരു ഏലായേയോ തോടിനേയോ ആധാരമാക്കി മഴ പെയ്യുമ്പോൾ എവിടെ നിന്നൊക്കെ ആ തോട്ടി ലെയ്ക്കോ ഏലായിലേയ്ക്കോ വരുന്നുവോ ആ പ്രദേശം ഉൾക്കൊള്ളുന്നതാണ് ഒരു നീർമറി പ്രദേശം. ഈ പ്രദേശത്തെ ഒരു പ്രത്യേക യുണിറ്റാക്കി ഏടുത്ത് വികസനം സംഘടിപ്പിക്കയാണ് നീർമറി പദ്ധതി.

ഇന്നു നിലവിലുള്ള നീർമറി പദ്ധതി പള്ളി ക്കൽ പുഴ തോടിനെ കേന്ദ്രമാക്കിയുട്ടുള്ള താണ്. മുതിയക്കോണം ഏലാ, കാട്ടുപുതു ശ്ശേരി ഏലാ എന്നിവ ഉൾപ്പെടുന്ന ഒരു പദ്ധ തിയും, പുരൂർ പകൽക്കുറിക്ഷേത്രം കേന്ദ്രീ കരിച്ചുള്ള മൂന്നാമതൊന്നും, തോളൂർ മമ്പുഴ ത്തോട് എന്ന മറ്റോരു പദ്ധതിയും ചേർന്ന് നാലു നീർമറി പദ്ധതികളാണ് നമ്മുടെ പഞ്ചാ യത്തിൽ ആവിഷ്കരിക്കേണ്ടത്.

നീർമറി പദ്ധതി കൊണ്ടുദേശിക്കുന്നത് കര പ്പുരയിടങ്ങളിലുള്ള നീർവാർച്ച ഫലപ്രദമായി തടയുക, മണ്ണൊലിപ്പു തടയുക, നെൽകൃഷിക്ക് ഉപയുക്തമാക്കാൻ വേണ്ടി തോടുകളിൽ തട യണകെട്ടി വെള്ളം ശേഖരിക്കുക, എന്നി വയ്ക്കു പുറമേ വിവിധ ഇനങ്ങളിലുള്ള തൈകൾ വിതരണം ചെയ്യുക, ആടു, കോഴി എന്നിവകളെ വിതരണം ചെയ്യുക, കാലിത്തൊ ഴിത്തുകൾ നിർമ്മിച്ചുകൊടുക്കുക, ജീവാണു വള രാസവളകിറ്റുകൾ എന്നിവ നൽകുക എന്നിവയിൽ കൂടി ആ പ്രദേശത്തെ സമഗ്ര വികസനമാണ്.

കുന്നുകളും ചരിവുകളും താഴ്വരകളും ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ ആണ് നീർമറി പദ്ധതി നടപ്പിലാക്കുന്നത്. പള്ളിക്കൽ പഞ്ചായത്ത് പൂർണ്ണമായും ഇത്തരത്തിലുള്ള പ്രദേശമാണ്. അതുകൊണ്ട് പഞ്ചായത്തിനെ പൂർണ്ണമായും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

പള്ളിക്കൽ പഞ്ചായത്തിൽ കാർഷികോ ല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നന്നേ വിരളമാണ്. നെല്ല് പ്രധാന ഉല്പന്നമാണെങ്കിലും മധ്യവർത്തിക ളുടെ കച്ചവടതന്ത്രങ്ങൾ മൂലം ശരിയായ വില ലഭിക്കുന്നില്ല. കാർഷിക സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് ഒന്നും ചെയ്യുന്നില്ല.

രണ്ടാമത്തെ പ്രധാന ഉല്പന്നം നാളികേര മാണ്. പള്ളിക്കൽ സർവ്വീസ് സഹകരണ സംഘം മുൻകാലങ്ങളിൽ കൃഷിക്കാരിൽ

7. ഊർജിത കൃഷി പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ല.

8. ജൈവ വളങ്ങൾ ലഭ്യമല്ല.

9. വിളവ് ഇൻഷ്വർ ചെയ്യാനുള്ള സൗകര്യത്തിന്റെ അഭാവം.

10. ഊറ്റ് ഉറവകൾ പലഭാഗങ്ങളിലും ഉണ്ടെങ്കിലും അവ സംരക്ഷിക്കപ്പെട്ടിട്ടില്ല.

11. ഇന്നു നിലവിലിരിക്കുന്ന ഒറ്റയ്ക്ക് ഒറ്റയ്ക്കുള്ള കൃഷിരീതി കൂടുതൽ ചെലവുണ്ടാക്കുന്നു. കൂട്ടായ വാങ്ങൽ കീടനാശിനി തളിക്കൽ തുടങ്ങിയവ വിത, കൊയ്ത്ത് തുടങ്ങിയ തുറകളിൽ ഭീമമായ ചെലവുണ്ടാക്കുന്നു.

12. നെല്പാടങ്ങൾ നികഴ്ത്തുന്നതു മൂലം നെൽകൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണം കുറയുകയും ഉല്പാദനം ചുരുങ്ങുകയും ചെയ്യുന്നു.

13. വരൾച്ച, അതിവർഷം തുടങ്ങിയ കാരണങ്ങൾ മൂലം കൃഷനാശം സംഭവിക്കുന്നവർക്കു പെട്ടെന്നുള്ള നഷ്ടപരിഹാരം ലഭ്യമാകുന്നില്ല.

14. റബർ കൃഷി വ്യാപകമായി വരുന്നെങ്കിലും റബർ വ്യവസായ സംരഭങ്ങൾ ഉണ്ടാകുന്നില്ല.

15. വാസനയും വൈഭവവും ഉള്ള കർഷകർക്കു അർഹമായ പ്രോത്സാഹനം ലഭ്യമല്ല.

16. നൂതനമായ കാർഷികയന്ത്രങ്ങൾ നിലവിൽ വന്നിട്ടുണ്ടെങ്കിലും നമ്മുടെ കർഷകർക്കു അവ ഉപയോഗിക്കുവാൻ കഴിയുന്നില്ല.

17. അടുത്ത കാലത്ത് നടന്ന റീസർവേയിൽ വളരെയധികം അപാകതകൾ ഉണ്ട്. അവ പരിഹൃതമായിട്ടില്ല .

18. വയലോരങ്ങളിൽ മരങ്ങൾ വളർന്ന് ചോല ഉണ്ടായിട്ടുള്ളത് നെൽകൃഷിയെ പ്രതികൂലമിയി ബാധിക്കുന്നു.

19. നാലാം വാർഡിൽ കേരവികസന സമിതി പ്രവർത്തിക്കുന്നില്ല.

20.റബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ലോയും സബ്സിഡിയും അപര്യാപ്തമാണ്.

21. റബർ പാൽ സംഭരിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ല.

22. കൃഷിഭവൻ ഇപ്പോൾ പഞ്ചായത്തിന്റെ ഒരൊഴിഞ്ഞ കോണിൽ സ്ഥിതി ചെയ്യുന്നതു കൊണ്ട് കൃഷിക്കാർക്ക് ചെന്നെത്താൻ ബുദ്ധിമുട്ടുണ്ട്.

23. രാസവളങ്ങളുടെ വില വൻതോതിൽ വർദ്ധിച്ചിരുക്കുന്നതുമൂലം വളം ആവശ്യാനുസരണം ഉപയോഗിക്കാൻ പാവപ്പെട്ട കൃഷിക്കാർക്ക് കഴിയുന്നില്ല.

24. തുത്തിക്കര ആറ്റിൽ അനധികൃത മണൽ വാരൽ നടത്തുന്നതുകൊണ്ട് കരകൾ ഇടിയുകയും ജലനിരപ്പ് താഴുകയും ചെയ്യുന്നതു മൂലം പല പരിസ്ഥിതി പ്രശ്നങ്ങളും ഉയർന്നു വരുന്നു.

25. കശുമാവുകൃഷി ഇന്നു ഒട്ടും പ്രോത്സാഹനം ലഭിക്കുന്നില്ല.

26. കാർഷികമേളകൾ കർഷകർക്ക് പ്രയോജനം ചെയ്യുമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ ഇതുവരെ അവ സംഘടിപ്പിക്കപ്പെടുന്നില്ല.

27. ഉല്പാദന വർദ്ധനയെ പ്രോത്സാഹിപ്പിക്കുവാൻ തക്ക കാർഷിക സബ്സിഡികൾ ഇന്നു ലഭ്യമല്ല.

28. എലികൾ കൃഷിവസ്തുക്കളെ ധാരാളമായി നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

29. ജോലിചെയ്യാൻ കഴിയാത്ത പ്രായാധിക്യം വന്ന കർഷകർക്കു പെൻഷൻ സഹായം ലഭിക്കുന്നില്ല.

30. ആറയിൽ സഹകരണസംഘം വക വളം ഡിപ്പോ പ്രവർത്തിക്കുന്നില്ല.

31. കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ സഹായകമായ പലിശയില്ലാത്ത വായ്പകൾ ലഭ്യമാകുന്നില്ല.

32. സാധ്യതകൾ ഏറെയുള്ള കൈതചക്ക കൃഷിക്കു പ്രോത്സാഹനം ലഭിക്കുന്നില്ല.

33. തൊഴിലില്ലായ്മ രൂക്ഷമായ പഞ്ചായത്തിൽ ആറയിൽ ഭാഗത്ത് കശുവണ്ടി വ്യവസായത്തിനു സാദ്ധ്യത ഏറെ ഉണ്ടെങ്കിലും. ആരംഭിച്ചിട്ടില്ല.

34. പച്ചക്കറി കൃഷിക്കു പ്രോത്സാഹനം ലഭിക്കുന്നില്ല.

35. പഞ്ചായത്തിലെ അധികം ഏലാകൾക്കും തലക്കുളങ്ങൾ ഇല്ല.

36. നിലവിലുള്ള നൂറുകുളങ്ങൾ ജലസേചനത്തിനു പ്രയോജനപ്പെടുന്നില്ല.

37. പഞ്ചായത്തിലെ തോടുവരമ്പുകൾ ഇടിഞ്ഞും പൊട്ടിയും വിളനാശം സംഭവിക്കുന്നുണ്ട്.

38. പഞ്ചായത്തിലെ അധികം കരപ്രദേശങ്ങളും ചരിവുകളാണ്. അതു കൊണ്ട് മണ്ണൊലിപ്പു വൻ തോതിൽ നടക്കുന്നു. മേൽമണ്ണിലെ വളക്കൂറു നഷ്ടപ്പെടുന്നു. കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

39. പള്ളിക്കൽ പുഴയിൽ അണകെട്ടി ജലം പമ്പ് ചെയ്ത് തലക്കുളങ്ങൾ നിറച്ച് മൂന്നു പൂവു കൃഷിചെയ്യാനുള്ള പദ്ധതി നടപ്പിലായിട്ടില്ല.

40. കല്ലട, വാമനപുരം പദ്ധതികൾ സമീപത്താണെങ്കിലും നമ്മുടെ പഞ്ചായത്തിനു അവയുടെ പ്രയോജനം ലഭ്യമല്ല.

41. തെങ്ങു തുടങ്ങിയ കരകൃഷികൾക്കു ജലസേചന സൗകര്യം ഇല്ല.

42. ടില്ലർ ലഭിച്ചാൽ തന്നെ നമ്മുടെ എല്ലാ ഏലകളിലും കൊണ്ടെത്തിക്കാനുള്ള വഴി സൗകര്യം ഇല്ല.

43. ഇത്തിര ആറ്റിൽ തറ കെട്ടി കൃഷിയ്ക്കു പ്രയോജനപ്പെടുത്താനുള്ള സൗകര്യമുണ്ടെങ്കിലും അവ ആരംഭിച്ചിട്ടില്ല.

44. കരിമ്പിച്ചിമുഴിതോട്ടിൽ ബണ്ടില്ലാത്തതു കൊണ്ട് തോട്ടിലെ ജലം കൃഷിയ്ക്കു പ്രയോജനപ്പെടുന്നില്ല.

45. പള്ളിക്കാപ്പുഴത്തോട്ടിൽ ബണ്ട് ഇടിഞ്ഞതുകാരണം ജലസേചന സൗകര്യം ഇപ്പോൾ ലഭ്യമല്ല.

46. മണലൂറ്റൽ കൊണ്ട് വശങ്ങളിടിഞ്ഞ് ആറ്റുനിരപ്പ് താഴ്ചയിലായതു കൊണ്ട് പള്ളിക്കൽപ്പുഴയിൽ കന്നുകാലികളെ ഇറക്കി കുളിപ്പിക്കാനോ മനുഷ്യർക്കു കുളിക്കുവാനോ സൗകര്യമില്ല.

47. പകൽക്കുറി ക്ഷേത്രക്കടവു മുതൽ പൊട്ടിക്കിടന്ന ചെക്ക് ഡാം വരെ മണ്ണൊലിപ്പു മൂലം കര ഇടിഞ്ഞു പോകുന്നു.

48. ഇത്തിക്കര ആറ്റിൽ കര ഇടിഞ്ഞ് തെങ്ങുതോപ്പുകൾ നശിക്കുന്നു.

49. ഇത്തിക്കര ആറ്റിലെ ചെക്കുഡാം നിർമ്മിച്ചാൽ വെള്ളം സുലഭമാണെങ്കിലും ഈ സംരഭത്തിന് തുടക്കം കുറിച്ചില്ല.

50. കുഴിയറക്കാവിനു താഴെയുള്ള നിലങ്ങൾക്കു ജലസേചനസൗകര്യമില്ല.

51. പള്ളിക്കൽ മുതൽ പള്ളിക്കൽ പുഴവരെയുണ്ടായിരുന്ന തോട്ടു വരമ്പ് വളരെ വീതിയുള്ളതായിരുന്നു. ഇപ്പോൾ അതു നടന്നു പോകുവാൻ വളരെ വീതിയുള്ളതായിരുന്നു. ഇപ്പോൾ അതു നടന്നുപോകാൻ പോലും കഴിയാത്ത രീതിയിൽ കൃഷിക്കാർ വയലിനോടു വെട്ടിച്ചേർക്കുകയും തെങ്ങു ഉൾപ്പെടെയുള്ള കൃഷികൾ ചെയ്തിരിക്കുകയുമാണ്. ഇവിടെ ട്രാക്റ്ററുകൾ കൊണ്ടുപോകുന്നതിനുള്ള സൗകര്യം ഇല്ല.

52. കുരുമുളകു കൃഷി ആദായകരമല്ല. നാടൻ ഇനങ്ങളാണ് വളർത്താനുള്ള വൃക്ഷങ്ങൾ വേണ്ടത്ര ഉണ്ടെങ്കിലും കൃഷിപുരോഗതി പ്രാപിച്ചിട്ടില്ല.

53. ഭക്ഷ്യവിളയെന്ന നിലയിൽ വളരെ പ്രധാനപ്പെട്ടതാണെങ്കിലും മരച്ചീനികൃഷി ചുരുങ്ങി വരികയാണ്. മരച്ചീനി കൃഷിക്കു പ്രോത്സാഹനം ലഭിക്കുന്നില്ല.

54. മറ്റു കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിയും നശിച്ചു വരുന്നു.

55. കമുകു വളരെ ആദായകരമാണ് എങ്കിലും ഇത് നാശോന്മുഖമാണ്.

56. വാഴ ഭക്ഷ്യവസ്തു എന്ന നിലയിൽ പ്രധാനപ്പെട്ടതാണെങ്കിലും അന്യസംസ്ഥാനങ്ങളെ നാം ഇപ്പോഴും ആശ്രയിക്കുന്നു.

57. പോഷകപ്രധാന പയറുവർഗ്ഗങ്ങൾ എന്ത് എന്നിവയുടെ കൃഷി തുലോം ചുരുങ്ങി വരികയാണ്.

58. മാങ്ങയുടെ ഉല്പാദനം വളരെ കുറഞ്ഞിരിക്കുന്നു.

59. മഹാഗണി തുടങ്ങിയ നട്ടുവളർത്താനുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിലും കർഷകരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഇതുവരെ പതിഞ്ഞു കാണുന്നില്ല.

60. പലയിനം തൈകളും നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. ഉല്പാദനക്ഷമതയുള്ള എല്ലായിനം തൈകളും ലഭ്യമാക്കണം.

61. മുതിയക്കോണം തനിയിൽ ഏലായുടെ ഇരുവശവുമുള്ള തോട്ടിൽ നീരൊഴുക്കിനും നിലനിൽക്കുന്നു.

62. കൊച്ചുകോണം മുതൽ തനിയിൽ ഇരപ്പുവരെ തോടിനു സൈഡ് വാൾ ഇല്ല. വരമ്പ് വീതികുറഞ്ഞതാണ്.

63. കൊച്ചുകോണം, മൂർത്തിക്കോണം, കൊച്ചുപച്ച എന്നിവിടങ്ങളിൽ ജലസേചന സൗകര്യം ഇല്ല.

64. മൂർത്തിക്കോണം ഏലായ്ക്ക് തലക്കുളം ഇല്ല.

65. മൂർത്തിക്കോണം വെള്ളച്ചാലിൽ ഏലായുടെ തോടുവരമ്പ് കെട്ടിയിട്ടില്ല.

66. പള്ളിക്കൽ പഞ്ചായത്തിലെ മിക്ക ഏലാകൾക്കും തലക്കുളം ഇല്ല. ഉള്ളവ ആവശ്യത്തിനു പര്യാപ്തവുമല്ല.

67. തോളൂർ ഇടമുടമ്പ് ഏലായുടെ തോട്ടുവരമ്പ് കെട്ടിയിട്ടില്ല.

68. നിലവിലുള്ള തലക്കുളങ്ങൾ ഉപയോഗപ്രദമല്ല.

### പ്രശ്നപരിഹാരങ്ങൾ

1. ഗ്രൂപ്പു ഫാമിംഗ് ഏർപ്പെടുത്തുന്നു.

2. വിത്ത് വളം തൈകൾ കാർഷിക യന്ത്രങ്ങൾ എന്നിവ കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുക. പഞ്ചായത്ത് വകയായി വില കൂടിയ യന്ത്രങ്ങളും മറ്റും വാങ്ങി കർഷകർക്കും ലഭ്യമാക്കണം.

3. മണ്ണുപരിശോധന നടത്തി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന പൂർണ്ണമായും കൃഷിഭവൻ ഏറ്റെടുക്കണം.

4. കാർഷിക രംഗത്തുണ്ടാകുന്ന പുതിയ അറിവുകൾ കർഷകർക്കു ലഭ്യമാക്കുന്നതിന് കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ടാകണം.

5. നെല്ല്, നാളികേരം തുടങ്ങിയ വിളകൾക്കു താങ്ങുവില കാലാകാലങ്ങളിൽ തൂക്കി നിശ്ചയിക്കുകയും ഇവയുടെ സംഭരണവും വില്പനയും സഹകരണസംഘം ഏറ്റെടുക്കണം.

6. റബർ കർഷകരുടെ സഹകരണ സംഘവും ബോഡിന്റെ ഒരു ഫീൽഡ് ആഫീസും പഞ്ചായത്തിൽ സ്ഥാപിക്കുക.

7. ഉർജ്ജിത കൃഷിപദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തുക.

8. ഒരു ജൈവവള നിർമ്മാണശാല പഞ്ചായത്തിൽ ആരംഭിക്കും.

9. എല്ലാവിളകൾക്കും വിള ഇൻഷുറൻസ് സൗജന്യമായി നടപ്പിലാക്കുക.

10. സൊസൈറ്റിക്കു സമീപമുള്ള ഏലായിലുള്ള ഊറ്റുകുഴി ഉൾപ്പെടെ പള്ളിക്കൽ പഞ്ചായത്തിലെ നീരുറവകൾ വേണ്ടതരത്തിൽ സംരക്ഷിക്കും.

11. ഒരു ഏലായിൽ ഒരു ജാതി വിത്ത്, ഒരുമിച്ചുള്ള നടീൽ, ഒന്നിച്ചുള്ള മരുന്നു തളി തുടങ്ങിയ കൃഷിച്ചെലവുകുറയ്ക്കുകയും ആദായം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിനു വേണ്ടി ഗ്രൂപ്പു ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുക.

12. നിലം നികഴ്ത്തുന്നതും കുഴിക്കുന്നതും കർശനമായി നിരോധിക്കുക.

13. കൃഷി നാശം സംഭവിച്ചാൽ ഉടനടി തന്നെ നഷ്ടപരിഹാരം നൽകാനുള്ള സംവിധാനം ഉണ്ടാകണം.

14. റബർ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.

15. ഓരോ വർഷവും വാർഡടിസ്ഥാനത്തിൽ മാതൃകാകർഷകരെ തെരഞ്ഞെടുക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.

16. നെൽ കൃഷിക്ക് ആധുനിക കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുക.

17. റീ സർവേയിലെ അപാകതകൾ പരിഹരിക്കുക.

18. നിലങ്ങളിൽ ചാഞ്ഞുകിടക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റണം.

19. 4-ാം വാർഡിൽ കേരവികസന സമിതി ആഫീസ് സ്ഥാപിക്കണം.

20. റബർ കൃഷിക്കുള്ള ലോണും ഗ്രാന്റും പലിശ സബ്ഡിസിയും വർദ്ധിപ്പിക്കുകയും ചെയ്യുക.

21. റബർ പാൽ സംഭരണശാലകൾ സ്ഥാപിക്കണം.

22. കൃഷിഭവൻ എല്ലാകർഷകർക്കും സൗകര്യപ്രദമായ സ്ഥലത്ത് സ്വന്തം കെട്ടിടം നിർമ്മിച്ച് സ്ഥാപിക്കണം.

23. വളം വില വർദ്ധന തടയുക. സബ്സിഡി അനുവദിച്ച് കുറഞ്ഞ വിലയ്ക്ക് വളം ലഭ്യമാക്കുക.

24. ആറ്റിൽനിന്നും മണലൂറ്റ് കർശനമായി ത്തടയുക.

25. നല്ലയിനം തൈകൾ വിതരണം ചെയ്തു കൊണ്ട് കശുമാവുകൃഷി വ്യാപിപ്പിക്കുക.

26. പഞ്ചായത്ത്തല കാർഷിക മേളകൾ സംഘടിപ്പിക്കുക.

27. കർഷകർക്ക് ഗവ: വായ്പയും സബ്സിഡികളും വർദ്ധിപ്പിക്കുന്നു.

28. എലിനശീകരണം ഫലപ്രദമായി നടപ്പാക്കണം.

29. കർഷക പെൻഷൻ പദ്ധതി നടപ്പിലാക്കണം.

30. വളം ഡിപ്പോ ത്തുറയിൽ സ്ഥാപിക്കണം.

31. കർഷകർക്ക് പലിശ ഇല്ലാത്ത വായ്പ നൽകണം.

32. കൈതച്ചക്ക കൃഷി വ്യാപകമായി നടത്തണം.

33. തുറയിൽ ഒരു കശുവണ്ടി ഫാക്റ്ററി സ്ഥാപിക്കണം.

34. പച്ചക്കറി കൃഷിക്കുള്ള പ്രോത്സാഹനം നൽകണം.

35. എല്ലാ ഏലകൾക്കും തലക്കുളങ്ങൾ നിർമ്മിക്കുക (ലിസ്റ്റ് പ്രത്യേകം കൊടുത്തിട്ടുണ്ട്) പമ്പുസെറ്റുകളും സ്ഥാപിക്കുക.

36. നിലവിലുള്ള കുളങ്ങൾ വിപുലപ്പെടുത്തുക.

37. തോട്ടു വരമ്പുകൾ കെട്ടി ബലപ്പെടുത്തുക.

38. പഞ്ചായത്ത് പ്രദേശത്തു 4 നീർമറി പദ്ധതികൾ നടപ്പിലാക്കുക.

39. പള്ളിക്കൽ പുഴയിൽ അണകെട്ടി തലക്കുളങ്ങൾ നിറച്ച് മൂന്നു പൂവ് കൃഷിചെയ്യാനുള്ള പദ്ധതി നടപ്പിലാക്കണം.

40. കല്ലട, വാമനപുരം തുടങ്ങിയ വൻകിട ജലസേചന പദ്ധതിയുടെ പ്രയോജനം പള്ളിക്കൽ പഞ്ചായത്തിനും ലഭ്യമാക്കുക.

41. കരകൃഷികളുടെ ആവശ്യത്തിനു ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

42. നിലങ്ങളിൽ ട്രാക്റ്റർ തുടങ്ങിയ ഉപകരണങ്ങൾ ഇറക്കുന്നതിനുള്ള വഴി സൗകര്യങ്ങൾ എല്ലാ പാടങ്ങളിലും നിർമ്മിക്കുക.

43. ഇത്തിക്കര തുകിൽ ഒരു വൻകിട ജലസേചന പദ്ധതി സ്ഥാപിക്കുക.

44. കരിമ്പിച്ചിമൂഴി തോട്ടിൽ ബണ്ട് നിർമ്മിക്കണം.

45. പള്ളിക്കൽ പുഴഭാഗത്തെ തോട്ടിലെ അണക്കെട്ടു ശരിയാക്കുക.

46. പള്ളിക്കൽ പുഴക്കടവിൽ മനുഷ്യർക്കു കുളിക്കാനും കന്നുകാലികളെ കുളിപ്പിക്കാനും സൗകര്യം ഉണ്ടാക്കണം.

47. പകൽക്കുറി ക്ഷേത്രക്കടവു മുതൽ വെളിനല്ലൂർ കടവു വരെ ആറ്റിൽ സൈഡ് വാൾ നിർമ്മിക്കുക.

48. ഇത്തിക്കര ആറ്റിന്റെ തീരത്തു പഞ്ചായത്ത് ഭാഗം മുഴുവൻ സൈഡ് വാൾ നിർമ്മിക്കുക.

49. ഇത്തിക്കര ആറ്റിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം.

50. കുഴുയറക്കാവിൽ ഒരു കുളം നിർമ്മിക്കുക.

51. പള്ളിക്കൽ മുതൽ പള്ളിക്കൽപ്പുഴ വരെയുള്ള തോട്ടുവരമ്പ് കെട്ടി ട്രാക്റ്ററും ചെറു വാഹനങ്ങളും കൊണ്ടുപോകാൻ കഴിഞ്ഞു റോഡ് നിർമ്മിക്കുക.

52. അത്യുല്പാദനശേഷിയുള്ള കുരുമുളകു തൈകൾ വ്യാപകമായി വിതരണം ചെയ്യുന്ന

തിനും സബ്സിഡിയും സഹായവും നൽകി കൃഷി അഭിവൃദ്ധിപ്പെടുത്തുക.

53. മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കണം. നല്ലയിനം വിത്തുകമ്പുകളും ലഭ്യമാക്കണം.

54. കാച്ചിൽ ചേന ചേമ്പ് തുടങ്ങിയ കൃഷികളെ പ്രോത്സാഹിപ്പിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

55. ഏലായുടെ കരകളിലും ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിലും കമുകുവച്ചുപിടിപ്പിക്കാനുള്ള പ്രോത്സാഹനം നൽകണം.

56. വാഴപ്പഴം സാധാരണഭക്ഷ്യവസ്തുവാണ്. നല്ലയിനം വിത്തുകൾ യഥാസമയം ലഭ്യമാക്കുകയും വളവും മറ്റും സൗജന്യമായി വിതരണം ചെയ്യുകയും വേണം.

57. പയർവർഗ്ഗങ്ങളുടെ കൃഷി നാശോന്മുഖമാണ്. മൂന്നാം വിള നെൽകൃഷിയില്ലാത്ത പാടങ്ങൾ ഇവയ്ക്കായി ഉപയോഗപ്പെടുത്താം. നല്ലയിനം വിത്തുകളും മറ്റു പ്രോത്സാഹനങ്ങളും നൽകിയാൽ ഇതിന്റെ ഉല്പാദനം വളരെയധികം വർദ്ധിപ്പിക്കാൻ കഴിയും.

58. നല്ലയിനം ഒട്ടുമാവുകൾ വിതരണം ചെയ്ത് മാവുകൃഷി ഒരുകൃഷിയെന്ന തോതിൽ വളർത്തിയെടുക്കാൻ വളരെ സാധിക്കുന്നതാണ്.

59. തേക്കു മഹാഗണി തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള തൈകൾ ലഭ്യമാക്കണം.

60. അത്യുല്പാദനശേഷിയുള്ള റബർ തെങ്ങ് കുരുമുളക് പറങ്കിമാവു തുടങ്ങിയവ നഴ്സറികളിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം.

61. മുതിയക്കോണം തനിയിൽ ഏലായുടെ ഇരുവശത്തുമുള്ള തോടുകൾ വീതികൂട്ടുകയും നിരെഴുക്കു സുഗമമാക്കുകയും വേണം.

62. കൊച്ചുകോണം മുതൽ തനിയിൽ ഇരപ്പുവരെ തോടിനു സൈഡ് വാൾ നിർമ്മിക്കുകയും വരമ്പ് വീതികൂടുകയും ചെയ്യണം.

63. കൊച്ചുകോണം, മൂർത്തിക്കോണം, കൊച്ചുപച്ച ഇവിടങ്ങളിൽ ജലസേചനത്തിനുള്ള സൗകര്യം ഉണ്ടാക്കണം.

64. മൂർത്തിക്കോണം ഏലായിൽ ജലസേചന സൗകര്യം ഉണ്ടാക്കണം.

65. മൂർത്തിക്കോണം വെള്ളച്ചാലിൽ ഏലായിലെ തോട്ടുവരമ്പ് കെട്ടി ബലപ്പെടുത്തണം.

66. താഴെപ്പറയുന്ന ഏലാകൾക്കു തലക്കുളം നിർമ്മിക്കണം.

| | |
|---|---|
| 1. മുതിയക്കോണം | ഏലാ |
| 2. തനിയിൽ | " |
| 3. കാട്ടുപുതുശ്ശേരി | " |
| 4. തോളൂർ–ആനകുന്നം | " |
| 5. തോയിത്തല | " |
| 6. ഈഴക്കോട് പനപ്പള്ളി | " |
| 7. മുളമ്പള്ളി പനമ്പള്ളി | " |
| 8. ചേങ്കോട്ട് | " |
| 9. ഉളവക്കോട് പനപ്പള്ളി | " |
| 10. കുപ്പോട് | " |
| 11. വടവൂർക്കോണം–കുഴിയം | " |
| 12. മരുതംകോട് | " |
| 13. ഞാലൂർ | " |
| 14. പാലൂർക്കോണം | " |
| 15. മേൽകുറന്തുൾ | " |
| 16. പാലോട്ടുകോണം | " |
| 17. കുഴിയൻ വയൽ | " |
| 18. മൈലോട്ടുകോണം | " |
| 19. ഇലവൂർക്കോണം | " |
| 20. കരിമ്പച്ചിമൂഴി | " |
| 21. മമ്പഴ | " |
| 22. ഏറത്ത് | " |
| 23. ചെമ്മരത്ത് | " |
| 24. ഇരമാഞ്ചിരം | " |
| 25. കിഴക്കുംപുറം | " |
| 26. പുതൂർ | " |
| 27. പേരകത്ത് | " |
| 28. വിളക്കുവട്ടം | " |
| 29. വെള്ളൂർ | " |
| 30. കല്ലറക്കോണം | " |

31. ആറയിൽ-കുഴിഞ്ഞാലിൽ "

32. ഒഴുക്കുപാറ "

33. ഇടമുടുമ്പ് "

34. മൂർത്തിക്കോണം-തനിയിൽ "

67. തോളൂർ ഇടമുടമ്പ് ഏലായുടെ തോട്ടു വരമ്പു കെട്ടി ബലപ്പെടുത്തണം.

68. നിലവിലുള്ള താഴെ പറയുന്ന തലക്കുളങ്ങൾ വിസ്താരമാക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

1. പള്ളിക്കൽ ഏലാതലക്കുളം
2. ചാഴൂർക്കുളം
3. കുളക്കുടി തലക്കുളം
4. ഏറ്റൂട്ടുകോണം ഏലാതലക്കുളം
5. ഒഴുകുപാറകുളം
6. കുഴിയറക്കാവുകുളം.

# ഗതാഗതം

പഞ്ചായത്തിൽ റോഡുഗതാഗതം സ്വാതന്ത്ര്യ സമ്പദനത്തിനു ശേഷമാണ് കുറച്ചൊക്കെ വികാസം പ്രാപിച്ചത്. ആദ്യ കാലത്ത് പരവൂർ മടത്തറ റോഡിന്റെ ഭാഗമായി കാട്ടുപുതുശ്ശേരി മുതൽ ആനകുന്നം വരെയുള്ള ഗതാഗത സൗകര്യമാണുണ്ടായിരുന്നത്. ബാക്കി ഇന്നു കാണുന്ന റോഡുകളെല്ലാം വെറും നടപ്പാതകളായിരുന്നു. ഉദ്ദേശം ഇരുപതു കി: മീറ്ററോളം മാത്രമേ ടാർ ചെയ്ത റോഡുകൾ പഞ്ചായത്തിലുള്ളു. പഞ്ചായത്തിന്റെ വ്യാവസായികവും കാർഷികവുമായ പുരോഗതിക്ക് റോഡു ഗതാഗതം വികസിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ജലമാർഗ്ഗമോ റെയിൽവേ മൂലമോ ഉള്ള ഗതാഗതത്തിനു നമ്മുടെ പഞ്ചായത്തിൽ സാധ്യമല്ല. ഈ പരിതസ്ഥിതിയിൽ താഴെപ്പറയുന്ന പൊതു നിരത്തുകളുടെ വികസനം അടിയന്തിരമായി സാധ്യമാക്കേണ്ടതാണ്.

| റോഡുകൾ ചെയ്യേണ്ട | ജോലിയുടെ സ്വഭാവം |
|---|---|
| 1. കാട്ടുപുതുശ്ശേരി മുക്കംകോട് പ്ലാച്ചിവിള – കളക്കുടി | റോഡുനിർമ്മിച്ച് ടാർ ചെയ്യുക. |
| 2. പള്ളിക്കൽ – മുക്കംകോട് | ടാർ ചെയ്യുക. |
| 3. ഈഴക്കോട് – കലതിപ്പിച്ച | റോഡ് നിർമ്മിക്കുക. |
| 4. പള്ളിക്കൽ പുളിമാത്ത് കക്കോട്ടുറോഡിൽ ചേരുന്ന | റോഡ് വയൽ നികത്തി റോഡ് നിർമ്മിക്കുക. |
| 5. പള്ളിക്കൽ ഏരുത്തിലാക്കോട് നരിമാത്ത് | റോഡു നിർമ്മിക്കുക. |
| 6. ഏരുത്തിലാക്കോട് – ചേങ്കോടു പ്ലാച്ചിവിള | റോഡ് നിർമ്മിക്കുക. |
| 7. പള്ളിക്കൽ – ലക്ഷംവീട് | റോഡ് നിർമ്മിക്കുക. |
| 8. ചേങ്കോടു ചാഴൂർ – വടക്കേപള്ളി | നിർമ്മിക്കുക. |
| 9. പള്ളിക്കൽ – ചാരുവാരം | റോഡ് നിർമ്മിക്കുക. |
| 10. പേഴുവിള ലക്ഷംവീട് കോളനിയിൽ നിന്നും കലതിപ്പച്ച | റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക. |
| 11. പള്ളിക്കൽ പേഴുവിള കോളനി – അഞ്ചി ആഫീസ് മുക്കു | റോഡ് നിർമ്മിക്കുക. |
| 12. പള്ളിക്കൽ വെളിനല്ലൂർ | റോഡ് വീതികൂട്ടുക, റിട്ടാറിംഗ്. |
| 13. പള്ളിക്കൽ ആനകുന്നത്തു പുത്തൻവീട് | വീതികൂട്ടി ടാർ ചെയ്യുക. |
| 14. ഉളവക്കോട് – മൂതലപ്പാലം | മെറ്റൽ ചെയ്ത് ടാർ ചെയ്യുക. |
| 15. കുഴിവിളഭാഗം–കൊടിയിൽ – തോയിത്തല | റോഡ് നിർമ്മിക്കുക. |
| 16. മൂതല ട്രാൻസ്ഫോമറിനു തെക്കുഭാഗത്തുനിന്നും പടവാരം ഏലായിലിറങ്ങുന്ന ഭാഗത്ത് കലുങ്കു നിർമ്മിച്ച് മേൽക്കൂറുന്നൂർ ഇടവഴി നന്നാക്കി കക്കാട്ടുപടവാരം റോഡിൽ യോജിപ്പിക്കുക. | റോഡും കലുങ്കും നിർമ്മിക്കുക. |
| 17. പള്ളിക്കൽ ചടയമംഗലം റോഡ് കക്കാട് തുടങ്ങി പടവാരം ഏലായിൽ മണ്ണാവിൽ ക്ഷേത്രത്തിനു സമീപം കലുങ്കു കെട്ടി റോഡു ടാർ ചെയ്യണം | റോഡും കലുങ്കും. |
| 18. മൂതല കുറുമ്പൻ കോണം | റോഡ് ടാർ ചെയ്യുക. |
| 19. കുറമ്പം കോണത്തു നിന്നും ഏലായിലേക്കുള്ള വഴി | സഞ്ചാരയോഗ്യമാക്കുക. |
| 20. ചാമരുകുന്ന് – കുന്നുംപുറം ഉളവക്കോട് റോഡ് | സഞ്ചാരയോഗ്യമാക്കുക. |
| 21. ഈരാറ്റിൽ വല്ലകം കുന്നു കൊക്കോട്ടു കോണം റോഡു | ടാർ ചെയ്യുക. |
| 22. കെ.കെ. കോണം – മൂഴിയിൽ – കുറുമ്പം കോണം മൂതല റോഡ് | സഞ്ചാരയോഗ്യമാക്കണം. |

| | |
|---|---|
| 23. കെ.കെ. കോണം ഇലവൂർക്കോണം പള്ളി – വല്ലകം കുന്നു റോഡ് | നിർമ്മിക്കണം. |
| 24. പട്ടാഴിക്കോണം – തിരുമുറ്റം മടത്തപ്പച്ച റോഡ് | നിർമ്മിക്കുക. |
| 25. വല്ലകം കുന്ന് കല്ലടത്തണ്ണി റോഡ് | ഗതാഗതയോഗ്യമാക്കുക. |
| 26. കെ.കെ. കോണം – പടവാരം റോഡ് | സഞ്ചാരയോഗ്യമാക്കണം. |
| 27. മാരായിക്കോണം – ഈരാക് റോഡ് | സഞ്ചാരയോഗ്യമാക്കണം. |
| 28. ഈരാകിൽ ആക്കൽ റോഡ് നിർമ്മിക്കുക | ടാർ ചെയ്യുക. |
| 29. ഈരാകിൽ പാലത്തിൽ നിന്നും കിഴക്കോട്ട് വയലിനോട് ചേർന്ന് കെ.കെ. കോണത്തേക്കു | റോഡ് നിർമ്മിക്കുക. |
| 30. ഇലവുംമുട് മൈലോട്ടു കോണം റോഡ് | നിർമ്മിക്കുക. |
| 34. ഈച്ചരംവിള – ഇലവൂർ കോളം ഹരിജൻ കോളനി – തോടിനു കുറുകേ | നടപ്പാത. |
| 35. ഒഴുകുപാറ താഴെ മുക്കു ഇളമ്പറക്കോട് റോഡ് | ടാർ ചെയ്യുക |
| 36. കെ.കെ. കോണം വയലിലേക്കു വഴി | നിർമ്മിക്കുക. |
| 37. വല്ലവം – കുന്ന് – ഒഴുകുപാറ റോഡ് | ടാർ ചെയ്യുക. |
| 38. കെ.കെ. കോണം – മുഴിയിൽ | ടാർ ചെയ്യുക. |
| 39. കെ.കെ. കോണം – വാണിക്കുഴി | ടാർ ചെയ്യുക. |
| 40. കെ.കെ. കോണം – തുളമ്പക്കോട് | ടാർ ചെയ്യുക. |
| 41. മുതല – താഴെഭാഗം റോഡ് | ടാർ ചെയ്യുക. |
| 42. പള്ളിക്കൽ പുഴ ആറ്റിൽ പാലം | നിർമ്മിക്കുക. |
| 43. തേവരുമുകളിൽ നിന്നും – ക്ഷേത്രം റോഡ് | സഞ്ചാരയോഗ്യമാക്കുക. |
| 44. തേവരുമുകളിൽ അമ്പലം മുക്കിൽ നിന്ന് ആറ്റിലേക്കുള്ള വഴി | നന്നാക്കുക. |
| 45. കുറുമ്പം കോണം ചിറയിലേക്കുള്ള വഴി | നിർമ്മിക്കുക. |
| 46. താഴെഭാഗം – പകൽക്കുറി | നിർമ്മിക്കുക. |
| 47. വില്ലേജ് ആഫീസ് – ചെമ്മരം ഏലാ | നിർമ്മിക്കുക. |
| 48. താഴെഭാഗം – ചെമ്മരം റോഡ് | നിർമ്മിക്കുക. |
| 49. മൂലഭാഗം – പള്ളിമുക്കു – വച്ചീൻകയം | നിർമ്മിക്കുക |
| 50. മുതല കുഴൽക്കിണർ – മങ്ങാട്ടുകോണം – താഴെഭാഗം | നിർമ്മിക്കുക. |
| 51. പൈവേലി മരുതൻകോട് | നിർമ്മിക്കുക. |
| 52. ആരാമം പ്ലാച്ചിവിള | ടാർ ചെയ്യുക. |
| 53. പ്ലാച്ചിവിള – മരുതൻകോട് | നിർമ്മിക്കുക. |
| 54. പൈവേലി – തെങ്ങറ റോഡ് | നിർമ്മിക്കുക. |
| 55. പാറയിൽ – മരുതൻകോട് | നിർമ്മിക്കുക. |
| 56. ഈഴക്കോടു മേലതിൽ നിന്നും കലപ്പച്ച – വഴി | നന്നാക്കുക. |
| 57. പൈവേലിമുക്കു– തെങ്ങറ | നിർമ്മിക്കുക |
| 58. പൈവേലി–പനങ്ങോട്ടു ഇടവഴി | സഞ്ചാരയോഗ്യമാക്കുക |
| 59. അംബികയുടെ പുരയിടത്തിനു സമീപം കൂടി കിഴക്കിടത്തു ഏലായിൽ പോകുന്ന വഴി | നിർമ്മിക്കുക |
| 60. മാടൻ കാവിനു സമീപത്തു നിന്നു കിഴക്കിടത്തു വാതുക്കലേയ്ക്കുള്ള ഇടവഴി | വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക |
| 67. ഏറ്റുട്ടു വീടിനുസമീപം ഏറ്റുട്ടു കൊണം ഏലായിലേക്കുള്ള വഴി | വീതികൂട്ടി റോഡാക്കുക |
| 68 പകൽക്കുറി മൃഗാശുപത്രി കുഴിയററോഡ് | നിർമ്മിക്കുക |
| 69. കൊട്ടിയം മുക്കു–കുറ്റിക്കാട് | ടാർ ചെയ്യുക |
| 70. ഖാദിബോഡ്–പാലൂർക്കോണം ഏലാ | സഞ്ചാരയോഗ്യമാക്കുക |
| 71. പാലൂർക്കോണം തോട്ടിൽ | കലങ്കു നിർമ്മിക്കുക |
| 72. കല്ലറക്കോണം മാതൻകോട് | നിർമ്മിക്കുക |
| 73. പകൽക്കുറി കിഴക്കുപുറം വള്ളക്കടവ് | നിർമ്മിക്കുക നടപ്പാലം |
| 74. മിത്രാസ്– കിഴക്കുപുറം ഇടവഴി | സഞ്ചാരയോഗ്യമാക്കുക |
| 75. കിഴക്കും പുറത്തു–നിന്നും ഏലായിലേക്കുള്ള വഴി | നിർമ്മിക്കുക |
| 76. പകൽക്കുറി പഴയ ചന്തയിൽ നിന്നും പള്ളിക്കൽപ്പുഴ ഏലായിലേക്കുള്ള | വീതികൂട്ടി സഞ്ചാര ഇടവഴി യോഗ്യമാക്കുക |
| 77. പകൽക്കുറി– കുളക്കുടി റോഡ് | ഓട നിർമ്മിക്കുക |
| 78. കിഴക്കുപുറം കോടക്കയം റോഡ് | നിർമ്മിക്കുക |
| 79. പകൽക്കുറി ക്ഷേത്രകടവിൽ | നടപ്പാലം |
| 80. ഏലാകളിൽ ട്രാക്ടർ ഇറക്കാനുള്ള റോഡുകൾ | നിർമ്മിക്കുക |
| 81. വയലിൽക്കട ആറ്റുകടവ് | ടി |
| 82. കൊട്ടിയം മുക്ക്– കാവുങ്കര റോഡ് | ടി |
| 83 L.P.S ന്റെ തെക്കുവശത്തു റോഡ് | വീതികൂട്ടി ടാർ ചെയ്യുക |
| 84. കിഴക്കുപുറം–വില്ലുവിളാകം കടവ് | നിർമ്മിക്കുക |
| 85. കിഴക്കുപുറം–തെക്കേവിള കടവ് | ടി |
| 86. പകൽക്കുറി മാർക്കറ്റ്– | |

| | |
|---|---|
| നാഗരുകാവ് | ടി |
| 87. കൊട്ടിയം മുക്കു പുതൂർ ഏലാ | ടി സ്റ്റെപ്പ് കെട്ടുക |
| 88. ഖാദിബോഡ് പുതൂർ ഏലാ | ടി |
| 89. ഇടവേലിക്കൽ-ചെമ്പക ത്തിൻമൂട് പള്ളിക്കൽ പുഴ റോഡ് | ടാർ ചെയ്യുക |
| 90. മണ്ണാറയിൽ പൈവേലിമുക്കു | സഞ്ചാരയോഗ്യമാക്കുക |
| 91. കൊടിമരത്തിൽ മൂട് ചെമ്പര ത്തുകോണം | നിർമ്മിക്കുക |
| 92. വില്ലേജ് ആഫീസ്-കുപ്പോട്ടു ഏലാ | ടി |
| 93. ക്ടാവിത്തുവിള അറപ്പുര വാതുക്കൽ ഇടവഴി | സഞ്ചാരയോഗ്യം |
| 94. മോളിച്ചത്തപനപ്പള്ളി | നിർമ്മിക്കുക |
| 95 വടക്കേപള്ളി-പള്ളിക്കൽ പുത്തൻ വീട് | നിർമ്മിക്കുക |
| 96. പുന്നവിള-അറപ്പുരറോഡ് | ടി |
| 97. പച്ചക്കാട്ടിൽ-പുന്നവിള ഏലാ | ടി |
| 98. ഏറ്റുട്ടുവാതുക്കൽ ഏലാ-പാണേത്ത് റോഡ് | ടി |
| 99. പൈവേരി മുക്കു-പറവൂർക്കോണം ഏലാ | ടി |
| 100. പള്ളിക്കൽ പുഴകടവു മുതൽ പള്ളിക്കൽ ജംഗ്ഷൻവരെ നടമ്പുവരമ്പ് | റോഡായി നിർമ്മിക്കുക |
| 101. കൊട്ടിയം മുക്കു-കല്ലറക്കോണം | നിർമ്മിക്കുക |
| 102. കോഴിയോട് ചക്രംവിള റോഡ് | ടാർ |
| 103. ആയിരവല്ലി-കുറ്റിക്കാട് | നിർമ്മിക്കൽ |
| 104. അപ്പൂപ്പൻ നട- ആശാരി വിളാകം-കിളിത്തട്ടുമുകൾ | ടി |
| 105. കുറ്റിക്കാട് വെള്ളൂർ ഏലാ റോഡ് | ടി |
| 106. അപ്പൂപ്പൻ നട വെള്ളൂർ ഏലാ | ടി |
| 107. കല്ലറക്കോണം കോളനി റോഡ് | സ്റ്റെപ്പ് കെട്ടുക. |
| 108. കുറ്റിക്കാട് കോഴിയോട് റോഡ് | ടാർ |
| 109. കല്ലുമഠ-ആരയിൽ | നിർമ്മിക്കുക |
| 110. ആറയിൽ മണ്ഡപത്തുകാവ് | ടി |
| 111 പേരയ്കം-മണ്ഡപത്തുകാവ് കോളനി | ടി |
| 112 വടക്കേനട-ആറ്റുകടവ് | ടി |
| 113 ആയിരവല്ലി-വെള്ളൂർ | ടി |
| 114 ആറയിൽ-വെള്ളൂർ ഏലാ | ടി |
| 115 കാഞ്ഞിരത്തും മുകൾ പോകും ഇടവഴി | സഞ്ചാരയോഗ്യം |
| 116. ഊന്നാംകല്ല്-ചാവരുപച്ച കലതിപ്പച്ച-കുളക്കുടി | കലുങ്ക്-ടാർ |
| 117 മുട്ടമൂട് കൊച്ചുകോണം | നിർമ്മാണം |
| 118 മുട്ടമൂട്-തോളൂർ | ടി |
| 119 ഫായ്റ്ററി ഖച-ആശാൻപച്ച തോളൂർ | ടി |
| 120 കാട്ടുപുതുശ്ശേരി-നെട്ടയം | റി ടാർ |
| 121 തൈക്കാവ്-വെള്ളച്ചാൽ | നിർമ്മിക്കുക |
| 122 മുതിയക്കോണം-മുതിയ ക്കോണം ഏലാറോഡ് | ടി |
| 123 നെട്ടയം മുതിയക്കോണം | ടി |
| 124 മുതിയക്കോണം-ചാന്നാർ പൊയ്ക കലുങ്ക് | |
| 125 വടയ്ക്കാട്ടുപച്ച-ഉണ്ടപ്പാ | ടാർ |
| 126 കാട്ടുപുതുശ്ശേരി-പടിഞ്ഞാറെ മുക്കു മുതിയക്കോണം | ടി |
| 127 കാട്ടുപുതുശ്ശേരി-തോളൂർ | നിർമ്മിക്കണം |
| 128. ഊന്നാം കല്ല്- മുക്കം കോട് കലതിപച്ച | ടാർ |
| 129. മുട്ടമൂടു-വെള്ളച്ചാൽ | ടാർ |
| 130 കാട്ടുപുതുശ്ശേരി-നെട്ടയം റോഡിൽ നിന്നും വെള്ളച്ചാൽ റോഡ് | ടി |

റോഡുകളുടെ കുറവു വാഹനഗതാഗ തത്തെ പരിമിതപ്പെടുത്തിയിരിക്കുന്നു. ഗടഞാള ആരംഭിച്ച പല സർവീസുകളും ഇന്ന് നിലവിലില്ല. അവ പുനഃസ്ഥാപിക്കു കയും പുതിയ നിരവധി സർവ്വീസുകൾ ആരം ഭിക്കുകയും വേണം.

KSRTC ആരംഭിച്ചിട്ടു നിർത്തിയ സർവ്വീസുകൾ

| | |
|---|---|
| 1. കൊട്ടാരക്കര-പള്ളിക്കൽ-പാരിപ്പള്ളി | തിരുവനന്തപുരം |
| 2. പകൽക്കുറി-തിരുവനന്തപുരം | ഫാസ്റ്റുപാസഞ്ചർ |
| 3. തിരുവനന്തപുരം -കലാഭാരതി | |
| 4. കോട്ടയം-വർക്കല | ഫാസ്റ്റുപാസഞ്ചർ |
| 5. കിളിമാനൂർ- ഗുരുവായൂർ | ടി |
| 6. തിരുവനന്തപുരം-ചെറു പൊയ്ക | ടി |

പുതുതായി ആരംഭിക്കുവാൻ കഴിയുന്ന സർവ്വീസുകൾ

1. കാട്ടുപുകൃതുശ്ശേരി-നെട്ടയം-വേളമാനൂർ-കൊല്ലം
2. വേളമാനൂർ-ആറയിൽ-ഓയൂർ
3. ഓയൂർ-നിലമേൽ-കിളിമാനൂർ
4. ഓയൂർ-മൂതല-ഈരാറ്റിൽ- ഗഗ കോണം-നിലമേൽ
5. പള്ളിക്കൽ-മൂതല-ആറയിൽ-ശീമാട്ടി-SN കോളേജ് (ചാത്തനൂർ)- കൊട്ടിയം
6. ഓയൂർ-പള്ളിക്കൽ-നാവായ്കുളം-ആറ്റിങ്ങൽ
7. പള്ളിക്കൽ-മൂതല-പകൽക്കുറി-വേളമാനൂർ-കല്ലുവാതുക്കൽ- കൊല്ലം
8. ഓയൂർ-പള്ളിക്കൽ-നാവായ്കുളം-ആറ്റി ങ്ങൽ- തിരുവനന്തപുരം
9. കിളിമാനൂർ-പള്ളിക്കൽ-ആരാമം-പ്ലാച്ചിവിള

# വിദ്യാഭ്യാസം

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള (70%)സംസ്ഥാനമാണ് കേരളം. ഗുരുകുലവിദ്യാഭ്യാസം വളരെ പണ്ടു മുതൽക്കേ കേരളത്തിൽ നിലവിലിരുന്നു. പിന്നീട് വേദപാഠശാലകൾ ഉണ്ടായി. മൂഴിക്കുളംശാല, തിരുവല്ലാശാല, കാന്തളൂർശാല, പാർത്ഥിപപുരംശാല, ശ്രീവല്ലഭപെരുഞ്ചാല തുടങ്ങിയ ക്ഷേത്രകലാശാലകൾ കേരളത്തിൽ പ്രവർത്തിച്ചിരുന്ന പ്രമുഖ വിദ്യാകേന്ദ്രങ്ങളായിരുന്നു. പിന്നീട് കുടിപള്ളിക്കുടങ്ങളും കളരികളും പ്രചാരത്തിൽ വന്നു. മിഷനറിമാർ കേരളത്തിൽ എത്തിയതോടെ യൂറോപ്യൻ രീതി പ്രചാരത്തിൽ വന്നു. സ്വാതിതിരുനാൾ രാമവർമ്മ രാജാവ് ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിനു ഉത്തരവിട്ടു. 1816–ൽ കോട്ടയത്ത് CMS സ്കൂൾ സ്ഥാപിച്ചു. 1818–ൽ കൊച്ചിയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ മട്ടാഞ്ചേരിയിൽ സ്ഥാപിതമായി. സംസ്കൃതവും, അറബിപഠനവും ഇതിനിടെ പുരോഗതി പ്രാപിച്ചിരുന്നു. 1903ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിയതോടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടു. 1967–ൽ സെക്കണ്ടറിതലം വരെ വിദ്യാഭ്യാസം സൗജന്യമായി. ഇതിനിടെ നിരവധി കോളേജുകൾ സ്ഥാപിതമായി. കൃസ്ത്യൻ സമുദായ സംഘടനകളും N.S.S, SNDP, MES തുടങ്ങിയ സംഘടനകളും കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. 1937–ലാണ് കേരള സർവ്വകലാശാല രൂപം കൊണ്ടത്. ശ്രീനാരായണ ഗുരുവിന്റെ കാലത്തുണ്ടായ നവോത്ഥാന കാലത്ത് ഈഴവ സമുദായം യാഗങ്ങൾ സംസ്കൃതവും ആയുർവേദവും പഠിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. വേദാദ്ധ്യായനം ബ്രാഹ്മണേതർക്കും ആകാമെന്ന് വന്നത് ചട്ടമ്പിസ്വാമികളുടെ പ്രവർത്തനം ഫലമായിരുന്നു. പിന്നീട് കൊച്ചി, കോഴിക്കോട് സർവ്വകലാശാലകളും കോട്ടയം ആസ്ഥാനമാക്കി മഹാത്മാഗാന്ധി സർവ്വകലാശാലയും സ്ഥാപിതമായി. ഇപ്പോൾ 172 ആർട്ട്സ് സയൻസ് കോളേജുകളും 19 ട്രെയിനിംഗ് കോളേജുകളും 3 സംഗീത കോളേജുകളും 4 ആയൂർവേദകോളേജുകളും 6 ഹോമിയോ മെഡിക്കൽ കോളേജുകളും ഉണ്ട്. കേരളത്തിലെ സ്കൂളുകളുടെ എണ്ണം 12100–ൽ അധികമാണ്.

പള്ളിയ്ക്കൽ പഞ്ചായത്തിന്റെ വിദ്യാഭ്യാസപരമായ ചരിത്രം പരിശോധിക്കുമ്പോൾ കളരിയാശാന്മാരും കുടിപ്പള്ളിക്കുടങ്ങളുമാണ് ആദ്യമായി ഓർമയിലെത്തുന്നത്. പൂഴിമണ്ണിലെഴുത്തും പനയോലയിൽ നാരായംകൊണ്ട് എഴുതുന്ന രീതിയുമാണ് നിലവിലിരുന്നത്. കൊല്ലവർഷം 1090 കന്നിയിൽ പകൽക്കുറിയിൽ ഒരു മലയാളം പ്രൈമറി വിദ്യാലയം ആരംഭിച്ചതോടെയാണ് നമ്മുടെ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ തുടക്കം കുറിച്ചത്. ശ്രീ. കൈതവിളാകം മാധവൻപിള്ളയുടെ നേതൃത്വത്തിലാണ് സ്കൂൾ കെട്ടിടം നിർമ്മിച്ചത്. ആദ്യ ഹെഡ്മാസ്റ്റർ മടവൂർ സ്വദേശി ശ്രീ. C.S.കൃഷ്ണപിള്ളയായിരുന്നു. കൊല്ലവർഷം 1118–ൽ മലയാളം U.P.സ്കൂളായി 1951–ൽ ഹൈസ്കൂളായി. എല്ലാ ഘട്ടങ്ങളിലും

സ്ഥലവും കെട്ടിടവും നാട്ടുകാർ നിർമ്മിച്ചു നൽകുകയായിരുന്ന. രണ്ടാമത് സ്ഥാപിതമായ വിദ്യാലയം പള്ളിയ്ക്കൽ L.P.S ആയിരുന്നു. 1970 ൽ യു.പി.സ്കൂളായും 1982ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1098–ൽ മൂതല പ്രൈമറിസ്കൂൾ ആരംഭിച്ചത് മൂതല പച്ചയിൽ ശ്രീ ശങ്കുപ്പിള്ള അവർകളാണ്. പിന്നീട് ഇത് ഗവൺമെന്റിലേയ്ക്ക് സറണ്ടർ ചെയ്യുകയാണ് ഉണ്ടായത്. SNVLPS 1964– ൽ കാട്ടുപുതുശ്ശേരിയിൽ സ്ഥാപിതമായി. 1982–ൽ അത് UPS ആയി ഉയർത്തപ്പെട്ടു. ദേവിവിലാസം L.P.S പൈവേലിയിലും R.M. UPS കല്ലറക്കോണത്തും ആരംഭിച്ചു. പകൽക്കുറി ഗവ:ഹൈസ്കൂളിനോടു ചേർന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി, സെക്കണ്ടറി ക്ലാസുകൾ അനുവദിച്ചു. പകൽക്കുറി ഹൈസ്കൂളിനോടു ചേർന്ന് ഒരു നഴ്സറിസ്കൂൾ P.T.Aയുടെ ചുമതലയിൽ നടന്നുവരുന്നു. പള്ളിക്കൾ സ്ക്കൂളിനു സമീപവും, ആറയിൽ വയലിക്കട എന്നിവിടങ്ങളിലും സൊസൈറ്റി ജംഗ്ഷനിലും പ്രൈവറ്റ് നഴ്സറികൾ നടത്തുന്നുണ്ട്. പകൽക്കുറി, പള്ളിക്കൽ എന്നിവിടങ്ങളിൽ പാരലൽകോളേജുകൾ ഉണ്ട്. പള്ളിയ്ക്കൽ പകൽക്കുറി, മൂതല എന്നിവിടങ്ങളിൽ ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളും, പള്ളിക്കൽ ഒരു കമ്പ്യൂട്ടർ സെന്ററും പ്രവർത്തിക്കുന്നു. ആറയിലും, പകൽക്കുറിയിലും തയ്യൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട്. കലാഭാരതി കഥകളി അക്കാഡമി 1972–ൽ ആരംഭിച്ചു. കഥകളി വേഷം, സംഗീതം, ചെണ്ട, മദ്ദളം ഇവ അഭ്യസിപ്പിക്കുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ രീതി വലിയമാറ്റം കൂടാതെ ഇന്നും ഇവിടെ നിലനില്ക്കുകയാണ്. നാട്ടിന്റെ സാമ്പത്തിക വികസനത്തിന് ഒട്ടും പര്യാപ്തമല്ലാത്ത ഈ രീതി അടിമുടി മാറ്റേണ്ടതുണ്ട്. വെറും ഗുമസ്തൻമാരെ മാത്രം സൃഷ്ടിക്കാൻ ഉതകുന്ന ഈ രീതി പൊളിച്ചെഴുതിയെങ്കിൽ മാത്രമേ നമുക്ക് രക്ഷപ്പെടാൻ ആവു. ഇതിലേക്കു മുഖ്യമായും ഇന്നത്തെ വിദ്യാഭ്യാസ രീതി തൊഴിലധിഷ്ഠിതമാക്കണം. ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുന്ന ഒരു വ്യക്തിക്ക് തന്റെ നാട്ടിൽ ഉചിതമായ ഒരു തൊഴിലിൽ ഏർപ്പെടാനുള്ള പ്രാപ്തി ഉണ്ടാകത്തക്കവിധത്തിൽ വിദ്യാഭ്യാസ രീതി പരിഷ്കരിക്കണം. ദേശകാലപരിതസ്ഥിതികൾക്കനുസരിച്ച് തൊഴിൽ ആഭിമുഖ്യം വളർത്തുന്ന ഒരു പാഠ്യ പദ്ധതിക്കു രൂപം കൊടുക്കേണ്ടതുണ്ട്.

വിദ്യാലയങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്നുള്ളവ ഏറെക്കുറെ പര്യാപ്തമാണ്. ആറയിലും, കൊക്കോട്ടുകോണത്തും ഓരോ L.Pസ്കൂളും ഓരോ പ്രിപ്രൈമറി സ്കൂളും കൂടി ലഭ്യമാക്കിയാൽ ഈ രംഗത്തുള്ള കുറവ് പരിഹൃതമാകും. ഒരു ഹയർസെക്കണ്ടറി സ്കൂളും ഒരു ഹൈസ്ക്കൂളുമാണ് പഞ്ചായത്തിൽ ഉള്ളത്. പകൽക്കുറിയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ അക്കൗണ്ടൻസിയും ടൈപ്പ്റൈറ്റിംഗും ആണ് പഠിപ്പിക്കുന്ന തൊഴിൽ വിഷയങ്ങൾ. ഇവ ഈ നാട്ടിലെ തൊഴിലവസരവുമായി തട്ടിച്ചു നോക്കുമ്പോൾ അനുയോജ്യമല്ല. പകരം ഫാർമസികോഴ്സും, കമ്പ്യൂട്ടർ കോഴസും ഏർപ്പെടുത്തിയാൽ നന്നായിരിക്കും. പള്ളിക്കൽ ഹൈസ്ക്കൂളിലും വൊക്കേഷണൽ ഹയർസെക്കന്ററിയും ഹയർ സെക്കണ്ടറിയും അനുവദിക്കണം.

വിദ്യാലയങ്ങളിലെ പഠന നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. അദ്ധ്യാപർക്കു അർത്ഥവത്തായ റിഫ്രഷർ കോഴ്സുകൾ നടത്തുകയും. അവരുടെ അദ്ധ്യായന രീതികൾ വിലയിരുത്തപ്പെടുകയും വേണം. സ്ക്കൂളുകളിലെ ഭൗതിക പരിതസ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. രക്ഷകർത്താക്കളുടെ സഹകരണം മെച്ചപ്പെടുത്തേണ്ടതാണ്.

പ്രീപ്രൈമറി വിദ്യാഭ്യാസരംഗം ഇന്നു വേണ്ട തരത്തിൽ പഞ്ചായത്തിൽ നടപ്പിലായിട്ടില്ല. ഉള്ളവയിൽ അധികവും അശാസ്ത്രീയമായ രീതിയിൽ നടക്കുന്നതാണ്. കിന്റർ ഗാർഡൻ രീതി എന്ന് അവകാശപ്പെട്ടുകൊണ്ട് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെന്നു ലേബലൊ

ട്ടിച്ച് വ്യവസായ മനോഭാവത്തിൽ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ നിർത്തലാക്കണം. വിദ്യാലയം ഒരു പൂന്തോട്ടമെന്നു വിദ്യാർത്ഥികൾ അവിടെയുള്ള ചാരുതയാർന്ന ചെടികളെന്നും അധ്യാപകൻ അതിനു വളവും വെള്ളവും നല്കി വളർത്താൻ നിയോഗിക്കപ്പെട്ട പൂന്തോട്ടക്കാരനുമെന്ന മൗലിക സങ്കൽപ്പമാണ് കിന്റർഗാർഡൻ അവിടെ കുട്ടികൾ നൈസർഗ്ഗികമായി കളിക്കുന്നു. കളിപ്പാട്ടങ്ങൾ കൈകാര്യം ചെയ്യുന്നു. ആടുന്നു പാടുന്നു. അദ്ധ്യാപകൻ പുറകിൽ നിന്ന് ഇവ സോദ്ദേശപൂർവമാക്കുന്നു. ഇതിനുപകരം ഭാഷയും കണക്കും സയൻസും ഇംഗ്ലീഷും നോട്ടുബുക്കും പെൻസിലും ഉപയോഗപ്പെടുത്തി ഡാഡി മമ്മി സംസ്ക്കാരം വളർത്തുന്ന വ്യവസായശാലകളായി ഈ രംഗം അധഃപതിച്ചിരിക്കുന്നു. ഇതിനു മാറ്റമുണ്ടാക്കേണ്ടത് പഞ്ചായത്തു സമിതികളുടെ കടമയാണ്.

വിദ്യാലയ ഭൗതിക പരിതസ്ഥിതികൾ പകൽക്കുറി ഹൈസ്ക്കൂളിലൊഴികെ മറ്റൊരു സ്കൂളിലും ആവശ്യാനുസരണം ഇല്ല. കെട്ടിടങ്ങളുടെ കാര്യത്തിൽ പകൽക്കുറി ഹൈസ്കൂൾ ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളും പ്രായസങ്ങൾ നേരിടുകയാണ്. ഓല ഷെഡുകൾ, സുരക്ഷിതമല്ലാത്ത പഴക്കം ചെന്ന കെട്ടിടങ്ങൾ ആരോഗ്യത്തിന് ഹാനികരമായ ആസ്ബെസ്കോസ്ഷെഡുകൾ ഇവ പൊതുവെയുള്ള പ്രശ്നങ്ങളാണ്. ഡസ്ക്, ബഞ്ച് തുടങ്ങിയവ വേണ്ടത്ര ഇല്ലായ്മ, ലാബറട്ടറി സൗകര്യങ്ങളുടെ അഭാവം. ലൈബ്രറികളുടെ പ്രവർത്തന രാഹിത്യം കുടിവെള്ളത്തിനുള്ള ബുദ്ധിമുട്ട്, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, കളിസാമഗ്രികൾ തുടങ്ങിയവയുടെ അഭാവം എന്നിവ എല്ലാ വിദ്യാലയങ്ങളും നേരിട്ടുന്ന പ്രശ്നങ്ങളാണ്. ഇവ പരിഹരിക്കാനുള്ള വിശദമായ പദ്ധതികൾക്കു രൂപം കൊടുക്കേണ്ടതുണ്ട്.

S.S.L.C വിജയശതമാനത്തെ സംബന്ധിച്ചു നോക്കുമ്പോൾ പള്ളിക്കൽ ഹൈസ്കൂൾ കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങളിൽ പടിപടിയായി വമ്പിച്ച പുരോഗതി നേടിയിരിക്കുന്നു. എന്നാൽ പകൽക്കുറി ഹൈസ്കൂൾ ആദ്യകാല നിലവാരങ്ങളിൽ നിന്ന് കുറച്ച് പിന്നോട്ട് പോകുകയും കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആ സ്ഥിതിനിലനിർത്തിയിരിക്കുന്നതായും കാണുന്നു.

ചില വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം സാരമായി കുറഞ്ഞു വരുന്നതായി കാണുന്നു DV LPS പൈവേലി, SNVUPS-കാട്ടുപുതുശ്ശേരി, L.P.S പള്ളിക്കൽ, L.P.S മൂതല എന്നീ സ്ക്കൂളുകളിൽ, ഈ പ്രവണത തെളിഞ്ഞു കാണാം. പഞ്ചായത്തിനു വെളിയിലുള്ള പല അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ ചേർക്കാനുള്ള രക്ഷാ കർത്താക്കളുടെ ഭ്രമവും പള്ളിക്കലും പരിസരത്തുമുള്ള അൺ എയിഡഡ് സ്ക്കൂളുകളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതും കാരണങ്ങളിൽ ചിലതാണ്. അദ്ധ്യാപകർ കുറച്ചുകൂടി ശ്രദ്ധിച്ചാൽ കുട്ടികളെ സ്ക്കൂളുകളിൽ ആകർഷിച്ചു നിർത്താൻ കഴിയും. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരവും നമുക്കു കാണേണ്ടതുണ്ട്.

നമ്മുടെ വിദ്യാർത്ഥികളുടെ കായികാ കലാമത്സരങ്ങളിലുള്ള താല്പര്യം പൊതുവെ കുറഞ്ഞു കാണുന്നു. പ്രതിബദ്ധതയുള്ള കായികാദ്ധ്യാപകരുടെ അഭാവം ഇതിനുള്ള പ്രധാന കാരണമാണ്. കളിക്കാനുള്ള സൗകര്യ കുറവും കളിക്കാനുള്ള ഉപകരണങ്ങളുടെ ലഭ്യതകുറവും ഈ അവസ്ഥയ്ക്കു കാരണമാണ്.

കുട്ടികളുടെ ട്യൂഷൻ ഭ്രമവും അദ്ധ്യാപകർക്ക് സ്കൂൾ വിട്ടാൽ കുട്ടികളുടെ കായികാഭ്യാസത്തിനു പ്രേരിപ്പിച്ചു നിർത്താനുള്ള വൈക്ലബ്യവും ഇതിന്റെ കാരണങ്ങളാണ്.

P.T.A കൾ മിക്കവാറും സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കാര്യക്ഷമമാണോ എന്നത് വിലയിരുത്തേണ്ടതാണ്. സംഭാവന സ്വീകരിക്കുന്നുണ്ടെങ്കിലും അവ ചെലവാക്കുന്നതിൽ മിതത്വമോ, കണക്കുകളും പ്രവർത്തനങ്ങളും സുതാര്യമാക്കുകയോ ചെയ്യുന്നുണ്ടെന്ന് തോന്നുന്നില്ല. വിദ്യാലയങ്ങളിലെ മറ്റു ഫണ്ടുകൾ ചെലവാക്കുന്നതു പോലെ തന്നെ ശരിയായ മാർഗ്ഗനിർദ്ദേശവും

ഗവൺമെന്റ് ആഡിറ്റും P.T.A ഫണ്ടിന്റെ കാര്യത്തിലും ഉണ്ടാകേണ്ടതാണ്. ഓരോ മാസവുമുള്ള വരവു ചെലവ് കണക്കുകൾ സ്കൂൾ അസംബ്ലിയിൽ വായിക്കുകയോ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയോ ചെയ്ത് കുട്ടികളുടെ വിശ്വാസ്യത നേടേണ്ടതാണ്.

മാതൃസംഗമം ചില സ്കൂളുകളിൽ ഫലപ്രദമായി നടക്കുന്നുണ്ട്. എല്ലാ സ്കൂളും ഇതു വിപുലമാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കണം.

കാലക്രമേണ അധ്യാപകർക്കിടയിൽ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചുവരുകയാണ്. അതിനനുസരിച്ച് സ്കൂളിൽ വനിതാദ്ധ്യാപകർക്കു വേണ്ട ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ല.

അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി സാക്ഷരതാപരിപാടികൾ 1987–91 കാലഘട്ടത്തിൽ വളരെ വിപുലമായി നടക്കുകയുണ്ടായി. അതിനുശേഷം സാക്ഷരതാപ്രവർത്തനം മന്ദീഭവിക്കുകയും ഇന്നവ നിലച്ചിരിക്കുകയുമാണ്. പഴയകാലത്ത് വയോജന വിദ്യാഭ്യാസം നമ്മുടെ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും സന്നദ്ധസംഘടനകൾ ഏറ്റെടുത്തു നടത്തിയിരുന്നു. ഇന്നു ഇത്തരം പ്രവർത്തനങ്ങൾ ഇല്ലെന്നു തന്നെ പറയാം. സാക്ഷരതാ പരിപാടികളുടെ രണ്ടാംഘട്ടം പുനരാരംഭിക്കുകയും ആ പ്രവർത്തനം വിജയകരമാക്കുകയും വേണം.

## വിദ്യാഭ്യാസം

### പ്രശ്നങ്ങൾ

1. പള്ളിയ്ക്കൽ ഹൈസ്കൂളിൽ ക്ലാസ്സുമുറികൾ ആവശ്യത്തിനില്ല.
2. പള്ളിയ്ക്കൽ ഹൈസ്കൂളിന്റെ മുന്നുവശവും പൊതുനിരത്തുകളാണ്. വാഹനഗതാഗതം കൂടുതൽ ഉളളത് അപകടസാദ്ധ്യത വർദ്ധിപ്പിക്കുന്നു.
3. പള്ളിയ്ക്കൽ സ്കൂൾ കാമ്പൗണ്ടിന്റെ മധ്യത്തുകൂടി 11ഗഢ ലൈനുകൾ കടന്നുപോകുന്നത് അപകടസാദ്ധ്യത ഉള്ളതാണ്.
4. തൊഴിലധിഷ്ഠിത കോഴ്സുകളുടെ അഭാവം.
5. പള്ളിയ്ക്കൽ ഹൈസ്കൂളിൽ ഭൗതിക സാഹചര്യങ്ങൾ മോശമായതുകൊണ്ട് അദ്ധ്യയന സൗകര്യം കുറയുന്നു.
6. പള്ളിയ്ക്കൽ ഹൈസ്കൂളിൽ സ്പോർട്സിലും ഗെയിംസിലും താല്പര്യമുള്ള ധാരാളം കുട്ടികളുണ്ട്. കളിയ്ക്കാനുള്ള സ്ഥല സൗകര്യം ഇല്ല.
7. കൊക്കോട്ടുകോണം പ്രദേശത്ത് കുട്ടികൾക്ക് മൂന്ന് കിലോമീറ്റർ നടന്നാണ് പ്രൈമറി വിദ്യാലയത്തിലെത്തേണ്ടത്. ഇത് സാക്ഷരതാവർദ്ധനവിനെ തടയുന്നു.
8. പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം തീരെ കൊക്കോട്ടുകോണത്ത് ഇല്ല.
9. സാക്ഷരതാ പ്രവർത്തനം 4–ാം വാർഡിൽ നിലച്ചിരിക്കുന്നു.
10. അഞ്ചാം വാർഡിലെ കുട്ടികൾക്ക് U.P.S ൽ എത്താൻ കുറഞ്ഞത് 3. K.M. സഞ്ചരിക്കണം. ഇത് വിദ്യാഭ്യാസ പുരോഗതിയെ തടയുന്നു.
11. അംഗൻവാടി പ്രവർത്തനം കാര്യക്ഷമമല്ല.
12. മുനല L.P.S. വർഷാരംഭത്തിൽ അദ്ധ്യാപകതസ്തികകൾ ഒഴിഞ്ഞ് കിടക്കാറുണ്ട്. വിദ്യാഭ്യാസനിലവാര തകർച്ചയ്ക്ക് ഇത് കാരണമാകുന്നു.
13. Moothala പ്രദേശത്ത് പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം ഇല്ല.
14. ചെമ്മരത്ത് അംഗണവാടി സൗകര്യം ഇല്ല.
15. കുട്ടികൾക്ക് 3 കി.മി. യു.പി., എച്ച്.എസ്. വിഭാഗങ്ങളിലെത്താൻ യാത്രചെയ്യേണ്ടി വരുന്നത് പിന്നോക്കവിഭാഗങ്ങൾ അധികമുള്ള പ്ലാച്ചിവിളയ്ക്ക് ബുദ്ധിമുട്ടുള്ള കാര്യമാണ്.
16. പ്രീപ്രൈമറി വിദ്യാഭ്യാസസൗകര്യം 7–ാം വാർഡിലില്ല.
17. ബാലവാടികൾ 7–ാം വാർഡിൽ പ്രവർത്തിക്കുന്നില്ല.
18. സാക്ഷരതാ പ്രവർത്തനം നിലച്ചിരിക്കുന്നു.

19. ബാലവിഹാർ 7-ാം വാർഡിൽ പ്രവർത്തിക്കുന്നില്ല.

20 പകൽക്കുറി എൽ.പി.എസ്.-ൽ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കണം.

21. എൽ.പി.എസ്-ന്റെ ഗ്രൗണ്ടിൽ നിന്നും മണ്ണ് ഒലിച്ച് പോകുന്നത് ഇന്നുള്ള കെട്ടിടത്തിന്റെ സുരക്ഷതന്നെ അപകടത്തിലാക്കുന്നു.

22. പാചകപ്പുരയും അനുബന്ധ സൗകര്യങ്ങളും ഇല്ലാത്തതുമൂലം ഉച്ചഭക്ഷണ പരിപാടി വേണ്ട രീതിയിൽ നടപ്പാക്കാൻ കഴിയുന്നില്ല.

23. ഹൈസ്കൂളിലെ മൂന്നുനിലകെട്ടിടം ഒഴികെ മറ്റൊന്നും സുരക്ഷിതമല്ല.

24. കായിക വിദ്യാഭ്യാസത്തിനുള്ള പ്ലേഗ്രൗണ്ടോ ഉപകരണമോ ആവശ്യത്തിനില്ല.

25. ഹൈസ്കൂളിൽ ഗ്രന്ഥശാല ഉണ്ടെങ്കിലും അത് പ്രവർത്തിക്കുന്നില്ല. പുസ്തകങ്ങളോ ആനുകാലിക പ്രസിദ്ധീകരണങ്ങളോ കുട്ടികൾക്കു ലഭ്യമല്ല. ഒഴിവുസമയങ്ങളിൽ വായിക്കുവാനുള്ള മുറികളില്ല.

26. സ്കൂളിൽ വാർഷിക മെയിന്റനൻസ് നടക്കാറില്ല.

27. തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് സാധ്യത ഉണ്ടെങ്കിലും അവ ഏർപ്പെടുത്തിയിട്ടില്ല.

28. വി.എച്ച്.എസ്.സി, ഹയർസെക്കണ്ടറി, കോഴ്സുകൾക്ക് ഒരിക്കലും വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാറില്ല. അച്ചടക്കരാഹിത്യത്തിനും വിദ്യാഭ്യാസനിലവാരത്തകർച്ചയ്ക്കും ഇത് കാരണമാകുന്നു.

29. പ്രീപ്രൈമറി അദ്ധ്യാപകർക്കുള്ള വേതനം തുച്ഛമാണ്. തന്മൂലം നിലവാരത്തകർച്ച സംഭവിക്കുന്നു.

30. ഹൈസ്കൂളും ഹയർസെക്കണ്ടറിയും യു.പി. സ്കൂളും ഒക്കെയായി വലിയ യൂണിറ്റായതുകൊണ്ട് ഭരണം നടത്തുവാൻ പ്രയാസമുണ്ട്.

31. പ്രീപ്രൈമറി വിദ്യാർത്ഥികൾക്കു സ്കൂളിലെത്താനുള്ള വാഹനസൗകര്യമത്തിന്റെ അഭാവം.

32. വിദ്യാലയങ്ങളിൽ ഓരോ ക്ലാസിലും കുട്ടികൾ കൂടുതലായതുകൊണ്ട് വ്യക്തിപരായി കുട്ടികളെ ശ്രദ്ധിക്കുവാൻ അദ്ധ്യാപകർക്ക് പ്രയാസം നേരിടുന്നു. നിലവാരത്തകർച്ചയ്ക്ക് ഇത് കാരണമാകുന്നു.

33. സ്കൂളുകളിൽ പൊതുവായ പരിപാടികൾ നടത്തുവാനുള്ള ആഡിറ്റോറിയം സൗകര്യം ഇല്ല.

34. ഒമ്പതാം വാർഡിൽ പ്രീപ്രൈമറി വിദ്യാഭ്യാസസൗകര്യം ഇല്ല.

35. ഒൻപതാം വാർഡിൽ എൽ.പി. സൗകര്യം ഇല്ല.

36. നിർദ്ധനവിദ്യാർത്ഥികൾ സാമ്പത്തികദുരിതംമൂലം പഠനം നിർത്തുന്നു.

37. ഒൻപതാം വാർഡിൽ അംഗൻവാടികൾ ഇല്ല.

38. കുട്ടികളുടെ കലാഭിരുചിയ്ക്ക് പ്രോത്സാഹനം നൽകാനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.

39. സ്കൂൾ പാർലമെന്റുകളും സ്കൂൾ സാഹിത്യസമാജങ്ങളും പ്രവർത്തനരഹിതമാണ്.

40. എൻ.സി.സി, സ്കൗട്ട് തുടങ്ങിയവ പല സ്കൂളുകളിലും പ്രവർത്തിക്കുന്നില്ല.

41. പ്രീഡിഗ്രി ക്ലാസ്സുകൾ പഞ്ചായത്തിലില്ല.

പരിഹാരനിർദ്ദേശങ്ങൾ

1. പള്ളിയ്ക്കൽ ഹൈസ്കൂളിൽ ഇപ്പോൾ 19 ഡിവിഷൻ പ്രവർത്തിക്കുന്നു. മുറികൾ ഇപ്പോഴുള്ളത് 15 സ്ഥിരമുറികളും 9 അർദ്ധസ്ഥിരമുറികളും 4 താൽക്കാലിക മുറികളുമാണ്. ആഫീസ്, സ്റ്റാഫ്റൂം, ലൈബ്രറി, ലാബറട്ടറി തുടങ്ങിയവ ഉൾപ്പെടെ 29 മുറികൾ ആവശ്യമുള്ളതുകൊണ്ട് ഒരു മൂന്നുനിലകെട്ടിടം പുതുതായി നിർമ്മിക്കേണ്ടതാണ്.

2. പള്ളിയ്ക്കൽ ഹൈസ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കേണ്ടതാണ്.

3. പള്ളിയ്ക്കൽ സ്കൂളിന്റെ കാമ്പൗണ്ടിൽ കൂടികടന്നുപോകുന്ന 11 കെ.വി ലൈൻ മാറ്റാനുള്ള നടപടി വൈദ്യുതി ബോർഡിനോടു ശുപാർശചെയ്യണം.

4. പള്ളിയ്ക്കൽ ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കണം.

5. പള്ളിയ്ക്കൽ ഹൈസ്ക്കൂളിൽ ആവശ്യത്തിനുള്ള ഫർണിച്ചർ, മൂത്രപ്പുര, കക്കുസ് തുടങ്ങിയവ നിർമ്മിക്കണം.

6. പള്ളിയ്ക്കൽ സ്കൂളിനു സമീപമുള്ള സ്ഥലം പൊന്നും വിലയ്ക്കെടുത്ത് കളിസ്ഥലം നിർമ്മിക്കണം.

7. കൊക്കോട്ടുകോണത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കണം.

8. വല്ലഭംകുന്നിൽ ഒരു പ്രീപ്രൈമറി വിദ്യാലയം ആരംഭിക്കണം.

9. നാലാം വാർഡിൽ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കണം.

10. മൂതല എൽ.പി.എസ് ഒരു യു.പി.എസ്. ആയി അപ്ഗ്രേഡ് ചെയ്യണം. അതിലേയ്ക്ക് കൂടുതൽ സ്ഥലം അക്വയർ ചെയ്യണം.

11. അംഗൻവാടികൾ എല്ലാ വാർഡിലും സ്ഥാപിക്കുക.

12. അദ്ധ്യാപകരുടെ ഒഴിവുകൾ വർഷാരംഭം തന്നെ നികത്തുക.

13. പ്രീപ്രൈമറി സ്കൂളുകൾ 5–ാം വാർഡിൽ ആരംഭിക്കണം.

14. ചെമ്മരത്ത് വില്ലേജാഫീസിനോട് ചേർന്നുള്ള ഗവ: സ്ഥലത്ത് അംഗൻവാടി സ്ഥാപിക്കുക.

15. 7–ാം വാർഡിൽ ഒരു യു.പി സ്കൂൾ ആരംഭിക്കുക.

16. പ്രീപ്രൈമറി വിദ്യാലയം പ്ലാച്ചിവിളയിൽ സ്ഥാപിക്കുക.

17. 7–ാം വാർഡിൽ ബാലവാടികൾ സ്ഥാപിക്കുക.

18. 7–ാം വാർഡിൽ സാക്ഷരതാപ്രവർത്തനം പുനരാരംഭിക്കുക.

19. 7–ാം വാർഡിൽ ബാലവിഹാർ സ്ഥാപിക്കുക.

20. പകൽക്കുറി എൽ.പി.എസ്–ൽ മൂത്രപ്പുര, കക്കൂസ് തുടങ്ങിയവ നിർമ്മിക്കുക.

21. എൽ.പി.എസ് ഗ്രൗണ്ടിലെ മണ്ണൊലിപ്പ് തടയുന്നതിനുള്ള ബണ്ടുകൾ നിർമ്മിക്കുക.

22. പാചകപ്പുരയും അനുബന്ധസൗകര്യങ്ങളും ഏർപ്പെടുത്തുക.

23. പകൽക്കുറി ഹൈസ്കൂളിൽ പഴക്കം കൊണ്ടു സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക.

24. കളിസ്ഥലം നിർമ്മിക്കുക.

25. സ്കൂൾ ലൈബ്രറി പ്രവർത്തനക്ഷമമാക്കുക. റീഡിംഗ് റൂം പ്രവർത്തനസജ്ജമാക്കുക.

26. മെയിന്റനൻസ് ജോലി അടിയന്തിരമായി ചെയ്യുക.

27. കൂടുതൽ തൊഴിലധിഷ്ഠിതകോഴ്സുകൾ ആരംഭിക്കുക.

28. സ്കൂളിൽ ഒഴിവുള്ള തസ്തികകൾ യഥാകാലം നികത്തുക.

29. പ്രീപ്രൈമറി അദ്ധ്യാപകർക്കുള്ള വേതനം സമാന അദ്ധ്യാപകർക്കുള്ളതിനു തുല്യമാക്കുക.

30. പകൽക്കുറി ഹൈസ്കൂളിനെ മൂന്നുയൂണിറ്റുകളായി വേർതിരിക്കുക. അതായത് യു.പി., എച്ച്.എസ്, ഹയർ സെക്കണ്ടറി, വെവ്വേറെ ഭരണയൂണിറ്റുകളാക്കിയാൽ അദ്ധ്യയനനിലവാരവും അച്ചടക്കനിലവാരവും വളരെയധികം വർദ്ധിപ്പിക്കാനുതകും.

31. പ്രീപ്രൈമറി വിദ്യാർത്ഥികൾക്ക് സ്കൂൾ പി.റ്റി.എ വകയായി വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

32. അദ്ധ്യാപകരും കുട്ടികളും തമ്മിലുള്ള അനുപാതം പ്രീപ്രൈമറിയിൽ 1:20, പ്രൈമറിയിൽ 1:25, യു.പി. സ്കൂളിൽ 1:30

ഹൈസ്കൂളിൽ 1:35 എന്ന ക്രമത്തിൽ പുനഃസംഘടിപ്പിക്കണം.

33. സ്കൂളുകളിൽ പൊതുപരിപാടികൾ സംഘടിപ്പിക്കാനുതകുന്ന ഓപ്പൺ എയർ ആഡിറ്റോറിയങ്ങൾ നിർമ്മിക്കണം.

34. ഒൻപതാം വാർഡിൽ യു.പി.സ്കൂളിനോട് ചേർന്ന് പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കുക.

35. ഒൻപതാം വാർഡിൽ ഒരു എൽ പി.സ്കൂൾ ആരംഭിക്കുക

36. നിർദ്ധന വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാവശ്യങ്ങൾ മുഴുവൻ ഗവ:വഹിക്കുക.

37. ഒൻപതാം വാർഡിൽ അംഗണവാടി സ്ഥാപിക്കുക.

38. എല്ലാ വാർഡുകളിലും ബാലഭവനുകൾ സ്ഥാപിക്കുക.

39. സ്കൂൾ പാർലമെന്റുകളും സ്കൂൾ സാഹിത്യസമാജങ്ങളും സജീവമാക്കുക.

40. ഹൈസ്കൂളുകളിൽ N.C.C. സ്കൗട്ട് യൂണിറ്റുകളും, U.P, L.P. വിഭാഗങ്ങളിൽ സ്കൗട്ട്, കബ്സ്, ഗൈഡ്സ് യൂണിറ്റുകളും നിർബന്ധമായും നടപ്പാക്കേണ്ടതാണ്.

41. പ്രീഡിഗ്രി ക്ലാസ്സുകൾ പഞ്ചായത്തിൽ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ ആരംഭിക്കുക.

## സ്കൂളുകളിൽ പുതുതായി നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പട്ടിക.

| സ്കൂളിന്റെ പേര്. | അറ്റകുറ്റപ്പണികൾ | പുതിയകെട്ടിടം | ചുറ്റുമതിൽ | മൂത്രപ്പുര | കക്കൂസ് | പാചകപ്പുര | സ്റ്റാഫ്മുറി | ഫർണിച്ചറുകൾ | ലാബ് | ലൈബ്രറി | കിണർ | മോട്ടോർ പൈപ്പ് ലൈൻ | വൈദ്യുതി | പഠനോപകരണങ്ങൾ | ദൃശ്യശ്രാവ്യ മാധ്യമങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഗവ: H.S.S. പകൽക്കുറി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | × | × | × | × | ✓ | ✓ |
| ഗവ: H.S. പള്ളിക്കൽ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | ✓ | × | ✓ | ✓ |
| SNV ups കാട്ടുപുതുശ്ശേരി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | ✓ | ✓ | ✓ | ✓ |
| Rm ups കല്ലറക്കോണം | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | ✓ | ✓ | ✓ | ✓ |
| ഗവ: L.P.S മൂതല | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | × | × | ✓ | × | ✓ | ✓ |
| D.V L.P.S. പൈവേലി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | × | × | ✓ | ✓ | ✓ | ✓ |
| ഗവ: L.P.S. പകൽക്കുറി | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | × | × | × | × | ✓ | ✓ | ✓ |

'✓' ആവശ്യമുള്ളതിനെ സൂചിപ്പുക്കുന്നു

'X' ആവശ്യമില്ലാത്തതിനെ സൂചിപ്പിക്കുന്നു



48

## സ്കൂളുകളിലെ ഭൗതിക സാഹചര്യം

| സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് | സ്റ്റാഫ്റൂം | ലാബ് | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകം | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| ഗവഃ H.S.S പകൽക്കുറി | 8ഏ 8സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ഗവഃ H.S.S പള്ളിക്കൽ | 2 ഏ 81 സെന്റ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| SNV ups കാട്ടുപുതുശ്ശേരി | 1ഏ 5സെന്റ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| RM ups കല്ലറക്കോണം | 1ഏ 50സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| ഗവഃ L.P.S മുതല | 28സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| D.V LPS പൈവേലി | 1ഏ ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| ഗവഃ LPS പകൽക്കുറി | 1ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |

## വിദ്യാലയവിവരങ്ങൾ 1996–97

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിദ്യാർത്ഥി സ്റ്റാന്റേർഡ് തിരിച്ചുള്ള എണ്ണം ആൺ. പെൺ. ആകെ. | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | IX | X | Vocational H. Secondary | plus Two |
| 1. | ഗവ. H.S.S പകൽക്കുറി | – | – | – | – | 86–86.172 | 99,84.183 | 79,77,156 | 127,138,265 | 189,134,323 | 132,113,245 | – | – |
| 2 | ഗവ. H.S.S പള്ളിക്കൽ | 20+20,40 | 16.38.34 | 15,31,46 | 18,15,33 | 46,5096 | 52,31.83 | 34,33,67 | 57,47,104 | 50,50,100 | 34,40,74 | – | – |
| 3 | SNV U.P.S കാട്ടുപുതുശ്ശേരി | 9,11,20 | 19,22,41 | 13,13,26 | 13,18,31 | 18,21,39 | 17,20,37 | 15,16,31 | – | – | – | – | – |
| 4 | R.U.P.S കല്ലറക്കോണം | – | – | – | – | 27,25,52 | 28,27,55 | 34,25,59 | – | – | – | – | – |
| 5 | ഗവ. L.P.S മൂതല | 32.29,61 | 35,27,62 | 27,30,57 | 33,29,62 | – | – | – | – | – | – | – | – |
| 6 | D.V.L.P.S പൈവേലി | 19,18,37 | 22,23,45 | 25,14,39 | 14,17,36 | – | – | – | – | – | – | – | – |
| 7 | ഗവ. L.P.S പകൽക്കുറി | 41,38,79 | 48,37,85 | 58,44,102 | 46,45,91 | – | – | – | – | – | – | – | – |

| സ്കൂളിന്റെ പേര് | നിലവിലുള്ള കെട്ടിടം | | | | | സ്കൂളിൽ കുറവുള്ള ഉപകരണങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | നിലവിലുള്ള മുറികൾ | ഇനി വേണ്ട മുറികൾ | ഡസ്ക് | ബെഞ്ച് | മേശ | കസേര | അലമാര | ആഫീസ് ഉപകരണം | ഫക്കൂസ് | മൂത്രപ്പുര | വൈദ്യുതി | റേഡിയോ | ബ്ലാക്ക് ബോർഡ് |
| 1 ഗവ: LPS പകൽക്കുറി | 1 | – | – | 10 | 5 | – | 10 | – | – | 1 | – | 1 | 1 | – | – | – |
| 2 D.V L.P.S പൈവേലി | 1 | 1 | – | – | – | – | 60 | 8 | 8 | – | – | – | – | – | – | – |
| 3 ഗവ: L.P.s മൂതല | 1 | – | – | 8 | – | 40 | 10 | – | – | 1 | – | – | – | ഉണ്ട് | – | – |
| 4 R.M U.P.S കല്ലറക്കോണം | – | 2 | – | 6 | – | 30 | – | – | – | 2 | – | – | 1 | ഇല്ല | – | 6 |
| 5 S.N.V U.P.S കാട്ടുപുതുശ്ശേരി | 1 | 1 | – | 7 | – | 15 | – | – | 5 | 3 | – | – | – | ഇല്ല | – | – |
| 6 G.H.S. പള്ളിക്കൽ | 3 | 2 | 1 | 28 | 28 | 100 | 100 | 20 | 20 | – | 10 | 1 | 4 | ഉണ്ട് | – | 25 |
| 7 G.H.S.S. പകൽക്കുറി | 5 | 3 | – | 54 | 5 | 50 | 50 | 25 | 25 | 3 | 15 | 2 | 2 | ഉണ്ട് | – | 10 |

# വനിതാക്ഷേമം

*മാതാരക്ഷതി കൗമാരേ,*
*ഭർത്താരക്ഷതി യൗവനേ,*
*പുത്രോ രക്ഷതി വാർദ്ധക്യേ,*
*നഃസ്ത്രീ സ്വാതന്ത്ര്യമർഹതി.*

സ്ത്രീയെക്കുറിച്ചുള്ള പ്രാചീന ഭാരതീയ സങ്കല്പം ഏറെക്കുറെ ഇതായിരുന്നു. ദമയന്തി, മണ്ഡോദരി, സീത, ശകുന്തള, തുടങ്ങിയവർ നമ്മുടെ ഇതിഹാസങ്ങളിൽ സ്ത്രീത്വത്തിന്റെ മകുടോദാഹരണങ്ങളായി വർണ്ണിക്കപ്പെടുന്നു. ദമയന്തി ഭർത്താവിനാൽ കാട്ടിൽ ഉപേക്ഷിക്കപ്പെട്ടു. ഘോരവനങ്ങളിൽ പല അപകടങ്ങളിലും പെട്ട് അവർ സ്വയം രക്ഷപ്പെട്ടു. തന്നെ വഞ്ചിച്ച നളനെതന്നെ വളരെനാൾ കാത്തിരുന്ന് വീണ്ടും സ്വീകരിക്കുകയാണ് ദമയന്തി. മണ്ഡോദരി രാവണന്റെ ഭാര്യ ആയിരുന്നു.

രാവണൻ സീതയെ അപഹരിച്ച് ലങ്കയിൽ പാർപ്പിച്ചു. ഇതിനോട് യാതൊരു പ്രതിഷേധവും മണ്ഡോദരി പ്രകടിപ്പിച്ചില്ല. ആരാധ്യനായ ശ്രീരാമൻ തന്റെ ഭാര്യ സീതയെ അവൾ ഗർഭിണിയായിരിക്കുമ്പോൾ കാട്ടിൽ ഉപേക്ഷിച്ചു. സീത കാട്ടിൽ കഴിഞ്ഞു. കുട്ടികളെ പ്രസവിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്തു. ഗാന്ധർവ വിധി അനുസരിച്ച് ദുഷ്യന്തമഹാരാജാവ് ശകുന്തളയെ വിവാഹം ചെയ്തു. ശകുന്തള ഗർഭിണിയായി. ദുഷ്യന്തൻ വിശ്വസിപ്പിച്ചതനുസരിച്ച് ശകുന്തളയെ തന്റെ കൊട്ടാരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയില്ല. സ്വയം ദുഷ്യന്തന്റെ സമീപത്തെത്തിയ ശകുന്തളയെ രാജാവ് നിഷ്കരുണം ഉപേക്ഷിക്കുകയാണുണ്ടായത്.

ഈ കഥകളിലെല്ലാം തെറ്റുചെയ്ത പുരുഷ കഥാപാത്രങ്ങൾ വാഴ്ത്തപ്പെടുന്നു. സ്ത്രീകൾ അനുഭവിച്ച ഹൃദയ ദുഃഖങ്ങൾ അനുതപിക്കപ്പെടാതിരിക്കുന്നു. സ്ത്രീകളുടെ ക്ഷമ പ്രശംസിക്കപ്പെടുകയും ചെയ്യുന്നു. സ്ത്രീകളെ പീഡിപ്പിച്ച പുരുഷന്മാരോട് പ്രതിക്ഷേധിക്കാൻ ആരും ഉണ്ടായില്ല. മറിച്ച് അവർ വാഴ്ത്തപ്പെടുകയാണുണ്ടായത്. ഭാരതീയ സ്ത്രീകൾ ഇന്നും ഇതിന്റെ തുടർച്ചയായി തന്നെ നിലനിൽക്കുന്നു. ഭൂമിയോളം താഴുവാനുള്ള സഹനശക്തി അവർക്കുണ്ട്. സ്നേഹത്തിന്റെ മൂർത്തീകരണമാണ് സ്ത്രീ. പക്ഷേ സാമൂഹിക സമ്മർദ്ദത്തിന്റെ അടിമയുമാണ്.

ജനാധിപത്യ ഭരണക്രമത്തിന്റെ ഈറ്റില്ലമെന്ന് വാഴ്ത്തപ്പെടുന്ന ഇംഗ്ലണ്ടിൽപോലും സ്ത്രീകൾക്ക് വോട്ടവകാശം ലഭിക്കുന്നത് ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ്. സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരവും 1917–ൽ നടന്ന റഷ്യൻ വിപ്ലവവും മനുഷ്യന്റെ ചിന്താമണ്ഡലത്തിൽ വരുത്തിയ മാറ്റങ്ങൾ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾക്കു ലോകമെമ്പാടും ആവേശമുണർത്തി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലും ഇതിന്റെ മാറ്റൊലികൾ ദർശിക്കാൻ കഴിയും.

പള്ളിക്കൽ പഞ്ചായത്തിലെ ആകെ ജനസംഖ്യ 14709 ആണ്. സ്ത്രീകൾ 7699. ജനസംഖ്യയുടെ 52.3% സ്ത്രീകൾ.

ഭൂരിഭാഗം സ്ത്രീകളും തൊഴിൽ രഹിതരാണ്. ഏതാനും പേർ കശുവണ്ടി വ്യവസായത്തിലും കുറച്ചുപേർ പാറ ക്വാറികളും പണിയെടുക്കുന്നു. കാർഷികമേഘലയിൽ പണിയെടുത്തിരുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഉള്ളവർക്കുതന്നെ ഭാഗികമായേ തൊഴിലുള്ളൂ. ഇഷ്ടികനിർമ്മാണം മറ്റുനിർമ്മാണ മേഖലകൾ ഈ രംഗത്ത് ഒരു ചെറിയ ശതമാനം സ്ത്രീകൾ ജോലിചെയ്യുന്നു. തയ്യൽപ്പണിയിൽ കുറച്ചുപേർ ഏർപ്പെട്ടിരിക്കുന്നു. നെയ്ത് വ്യവസായത്തിൽ അൻപതോളം വനിതകൽ പണിയെടുക്കുന്നു. വനിതകളിൽ ഏറിയപങ്കും ഗൃഹവൃത്തിയും അതുമായി ബന്ധപ്പെട്ട പണികളിലും ഏർപ്പെട്ടിരിക്കുന്നു. കന്നുകാലിവളർത്തൽ, കോഴിവളർത്തൽ, അടുവളർത്തൽ, എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകളുണ്ട്. കൊയ്ത്തും മെതിയും നടത്തുന്നത് അധികവും സ്ത്രീകൾ തന്നെ. അദ്ധ്യാപകർ, ഗുമസ്തജോലികൾ എന്നീ മേഖലയിൽ പണിയെടുക്കുന്ന ഒരു വിഭാഗം വനിതകളുണ്ട്.

മൂതലയും പള്ളിക്കലും ഓരോ അങ്കൺവാടി പ്രവർത്തിക്കുന്നു. ഇവ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ കൂടിയാണ്. വിധവാപെൻഷൻ വാങ്ങുന്നവരുടെ കൃത്യമായി ലഭ്യമല്ല. ഏകദേശം 50 പേർ ഉണ്ടാകുമെന്ന് തോന്നുന്നു. മൂന്നു ഉണഇഞഅ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിൽ ആകെ 26 വനിതകൾ തൊഴിൽ ചെയ്യുന്നു.

പള്ളിക്കൽ പഞ്ചായത്തിലെ വനിതകളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെട്ടതല്ല. അടുത്തകാലത്ത് ഈ നിലക്ക് മാറ്റം വന്നു തുടങ്ങിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ എണ്ണം മെച്ചപ്പെട്ടിട്ടുണ്ട്. രണ്ടു ഹൈസ്കൂളുകൾ ഉള്ളതിൽ പള്ളിക്കൽ ഹൈസ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം 335. ആൺ കുട്ടികൾ 345–ം ആണ്. പകൽക്കുറി ഒ.ട.–ൽ പെൺകുട്ടികൾ 632–ം ആൺകുട്ടികൾ 712–ം ആണ്.

സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്. വനിതകളുടെ സംഘടനകൾ കാര്യമായി പ്രവർത്തിക്കുന്നില്ല. കശുവണ്ടി, പാറ ഈ രംഗങ്ങളിലുള്ള തൊഴിൽ സംഘടനകളിൽ വനിതകളുടെ പങ്കാളിത്തം ഉണ്ട്. അടുത്തകാലങ്ങളിൽ നമ്മുടെ സ്കൂളുകളിൽ സംഘടിപ്പിക്കുന്ന മാതൃസംഗമങ്ങളിൽ വനിതാപ്രാതിനിധ്യം വളരെക്കൂടുതലായുണ്ട്. നമ്മുടെ ഗ്രാമസഭകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കൂടുതലായിരുന്നു. പുതിയ പഞ്ചായത്തി രാജ് നിലവിൽ വന്നതിനുശേഷം വനിതകളിൽ ഒരു പുതിയ ഉണർവും ആവേശവും ഉണ്ടായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏറെയും വനിതകളാണ്. അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയാൽ മാത്രമേ ജനകീയാസൂത്രണപരിപാടികൾ വിജയിപ്പിക്കാൻ കഴിയൂ. ഇതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ ഉടനടി ആരംഭിക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. സാമ്പത്തിക ബുദ്ധിമുട്ടുമൂലം പാവപ്പെട്ടവർക്കു പലർക്കും വിവാഹം നടത്താൻ കഴിയുന്നില്ല.

2. അംഗൻവാഡികൾ മിക്കവാർഡുകളിലും ഇല്ല.

3. ഇന്ന് ലഭിക്കുന്ന പ്രസവാനുകൂല്യങ്ങൾ അപര്യാപ്തമാണ്.

4. വനിതകൾക്കു വേണ്ടി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഇന്ന് പഞ്ചായത്തിലില്ല

5. 3–ാം വാർഡിൽ സ്ത്രീകളുടെ സാംസ്ക്കാരിക കേന്ദ്രം ഇല്ല.

6. മൂന്നാം വാർഡിൽ പല വനിതകൾക്കും സ്വന്തമായി പാർപ്പിടങ്ങൾ ഇല്ല.

7. ശാന്തിസേവിനി മഹിളാ സമാജത്തിന് ഠഢ കാണുന്നതിനു സൗകര്യം ഇല്ല.

8. 4–ാം വാർഡിൽ നിർധനരായ പല വനിതകൾക്കും വീടോ അനുബന്ധ സൗകര്യങ്ങളോ ഇല്ല.

9. ബേബി ക്രയിഷുകൾ ഇല്ല.

10. വിധവാപെൻഷൻ പഞ്ചായിത്തിൽ അർഹതയുള്ളവർക്കെല്ലാം ലഭ്യമാക്കിയിട്ടില്ല.

11. സ്ത്രീകൾക്കു അനുയോജ്യമായ തൊഴിൽ പരിശീലന യൂണിറ്റുകൾ പഞ്ചായത്തിൽ നിലവിലില്ല.

12. കാലിവളർത്തലിന് ആവശ്യമായ സഹായങ്ങൾ സ്ത്രീകൾക്കു ലഭ്യമാകുന്നില്ല.

13. ആറാം വാർഡിൽ ബാലവിഹാർ ഇല്ല.

14. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കാനുള്ള സ്ഥാപനം ഇല്ല.

15. 7-ാം വാർഡിലെ മഹിളാനിരക്ഷരത മാറ്റണം.

16. വൃദ്ധകളെയും വിധവകളെയും പുനരധിവസിപ്പിക്കുന്ന സംവിധാനം ഇല്ല.

17. വനിതകൾക്കു വിവിധ പെൻഷൻ പദ്ധതികൾ വേണ്ട വിധം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

18. ഒമ്പതാം വാർഡിൽ മഹിളാസമാജങ്ങളോ അംഗൻവാടികളോ പ്രവർത്തിക്കുന്നില്ല.

19. സ്ത്രീകൾക്കു തൊഴിൽ കണ്ടെത്താവുന്ന ചെറുകിടവ്യവസായകേന്ദ്രങ്ങളുടെ അഭാവം.

20. ഡ്രൈസം ട്രെയിനിംഗിനുള്ള സൗകര്യങ്ങളില്ല.

21. വ്യാജ മദ്യ നിർമ്മാണവും അനധികൃത മദ്യവില്പനയും പഞ്ചായത്തിൽ വ്യാപകമായി നിലനില്ക്കുന്നു.

22. സ്ത്രീകൾക്കു വേണ്ടിയുള്ള മൂത്രപ്പുരകളൊ കക്കൂസുകളൊ പ്രധാന കേന്ദ്രങ്ങളിൽ ഇല്ല.

**പരിഹാര നിർദേശങ്ങൾ**

1. സാമ്പത്തിക ദുരിതം അനുഭവിക്കുന്ന കുടുംബങ്ങൾ വിവാഹം, മരണം, മാരകരോഗങ്ങൾ വരുക തുടങ്ങിയ അവസരങ്ങളിൽ സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതിക്കു രൂപം നൽകണം.

2. അങ്കൺ വാടി ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കണം.

3. തൊഴിലാളികൾക്കു ഇന്നു ലഭിക്കുന്ന പ്രസവാനുകൂല്യങ്ങൾ വർധിപ്പിക്കണം.

4. വനിതാക്ഷേമവും തൊഴിൽ സാധ്യതയും ലക്ഷ്യമാക്കിയുള്ള വനിതാസഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

5. 3-ാം വാർഡിൽ സ്ത്രീകൾക്കുവേണ്ടി ഒരു സാംസ്കാരികകേന്ദ്രം നിർമ്മിക്കണം.

6. പാർപ്പിട സൗകര്യങ്ങൾ ഇല്ലാത്ത വനിതകൾക്ക് അവ നിർമ്മിച്ചു കൊടുക്കാനുള്ള പദ്ധതി ഉണ്ടാകണം

7. ശാന്തി സേവിനി മഹിളാസമാജം കെട്ടിടത്തിൽ ഒരു TV സ്ഥാപിക്കുക.

8. നിർധനരായ 4-ാം വാർഡിലെ വനിതകൾക്ക് വീട് കക്കൂസ്, വൈദ്യ സൗകര്യങ്ങൾ ലഭ്യമാക്കണം.

9. ബേബി ക്രയിഷുകൾ ആവശ്യമുള്ള കേന്ദ്രങ്ങളിൽ സ്ഥാപിക്കണം

10. വിധവാ പെൻഷൻ പഞ്ചായത്തിലെ അർഹതയുള്ള എല്ലാവർക്കും ലഭ്യമാക്കണം.

11. സ്ത്രീകൾക്കു വേണ്ടിയുള്ള വിവിധതരം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

12. പശു, ആട്, കോഴി, താറാവ് ഇവ വളർത്തുക വീട്ടമ്മമാർക്കു കഴിയുന്ന തൊഴിലാണ്. ഇവയ്ക്കു ആവശ്യമായ മാർഗ നിർദേശങ്ങളും സാമ്പത്തിക സഹായവും ആവശ്യമുള്ളവർക്കു ലഭ്യമാക്കണം.

13. ആറാംവാർഡിൽ ഒരു ബാലവിഹാർ സ്ഥാപിക്കണം.

14. തൊഴിലെടുക്കുന്ന വനിതകളുടെ കുട്ടികളെ സംരക്ഷിക്കാനുള്ള ക്രെയിഷുകൾ ആവശ്യമുള്ള കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.

15. 7-ാം വാർഡിൽ മഹിളാനിരക്ഷരത കൂടുതലാണ്. ഇവ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിപാടി നടപ്പിലാക്കണം.

16. വൃദ്ധകളെയും വിധവകളെയും പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഉണ്ടാകണം.

17. വനിതകൾക്കുള്ള പെൻഷൻ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കണം.


18. ഒമ്പതാം വാർഡിൽ മഹിളാസമാജങ്ങളും അങ്കൺവാഡികളും സ്ഥാപിക്കണം.

19. സ്ത്രീകൾക്കു തൊഴിൽ നൽകാൻ കഴിയുന്ന ചെറുകിടവ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

20. ഡ്രൈസം ട്രെയിനിംഗിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം.

21. അനധികൃത മദ്യ വില്പനയും വ്യാജ മദ്യ നിർമ്മാണവും വിതരണവും ധാരാളമായി ഇവിടെ നടക്കുന്നുണ്ട്. ഇവയെക്കതിരായി ജനകീയ കമ്മിറ്റികൾ രൂപീകരിച്ചു ഇതുതടയാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം മദ്യപാനത്തിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്ന പരിപാടിക്കും രൂപം നൽകണം.

22. പൊതു സ്ഥലങ്ങളിൽ വിശേഷിച്ചും ബസ്സ്റ്റാന്റുകൾ മാർക്കറ്റുകൾ തുടങ്ങിയവയ്ക്കടുത്ത് സ്ത്രീകൾക്കു മലമൂത്രവിസർജനം നടത്താനുള്ള സൗകര്യങ്ങൾ ഇന്നു നമ്മുടെ പഞ്ചായത്തിലില്ല. മുതല, പകൽക്കുറി, പള്ളിക്കൽ എന്നീ കേന്ദ്രങ്ങളിൽ അടിയന്തിരമായി ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.



## വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | |
| 1 | 212 | 1095 | 379 | 62 | 42 | 95 |
| 2 | 216 | 488 | 43 | 11 | 22 | – |
| 3 | 532 | 992 | 121 | 2 | 4 | – |
| 4 | 656 | 396 | 41 | 5 | – | 23 |
| 5 | 357 | 962 | 798. | 3 | 10 | 25 |
| 6 | 349 | 862 | 233 | 23 | 40 | 10 |
| 7 | 173 | 595 | 35 | – | 5 | 6 |
| 8 | 183 | 881 | 69 | 7 | 23 | – |
| 9 | 68 | 473 | 6 | 2 | 2 | 1 |

## വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവിന് | മറ്റുള്ളവ | വംശവർദ്ധനവിന് | മറ്റുള്ളവ | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| വാർഡ് I | 0 | 26 | 1 | 24 | 152 | 67 | 381 | 86 | – | – | – | 194 | 114 | – |
| വാർഡ് II | 0 | 2 | 0 | 19 | 3 | 10 | 91 | 119 | – | – | – | 110 | 89 | – |
| വർഡ് III | 0 | 13 | – | 16 | 11 | 17 | 154 | 205 | – | – | – | 127 | 79 | – |
| വാർഡ് IV | 0 | 18 | 6 | 31 | 51 | 107 | 153 | 227 | 1 | 4 | 2 | 145 | 112 | – |
| വാർഡ് V | 0 | 12 | – | 15 | 5 | 41 | 65 | 158 | – | – | – | 140 | 59 | – |
| വാർഡ് VI | 0 | 11 | 2 | 19 | 21 | 31 | 124 | 180 | – | – | – | 237 | 150 | – |
| വാർഡ് VII | 0 | 9 | 0 | 16 | 66 | 21 | 64 | 102 | – | – | – | 163 | 134 | – |
| വാർഡ VIII | 0 | 20 | – | 23 | 9 | 38 | 66 | 138 | – | – | – | 175 | 115 | – |
| വാർഡ് IX | 0 | 19 | – | – | 7 | 28 | 29 | 122 | 1 | 1 | – | 152 | 158 | – |

അനുബന്ധം 5

## പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്
## പേവിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധകുത്തിവയ്പ് നൽകിയവയുടെ എണ്ണം | | | | 371 | | |
| കടിയേറ്റതിനുശേഷം കുത്തിവയ്പ്പു നടത്തിയ വയുടെ എണ്ണം | 2 | | 9 | | | |

അനുബന്ധം 6

## കൃത്രിമ ബീജം സങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ | ക്രിത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | | 681 | 42 |
| കിടാരി | | 360 | 80 |
| എരുമ | NiL | | |

# പഠന പര്യടന റിപ്പോർട്ട് (K.K കോണം – കുളക്കുടി)

| | പൊയ്കവിള (കെ.കെ. കോണം) വാതുക്കൽ | കെ.കെ. കോണം പള്ളിക്കുമേൽ | കെ കെ കോണം ജംഗ്ഷൻ | മുഴിയിൽ | കുറുമ്പൻകോണം | കോട്ടൽതില്ല് | ഏറ്റത്തലക്കൽ | പൊയ്കയിൽ | മണ്ണിച്ചുട്ടിൽ വാതുക്കൽ | ചെമ്പകത്തിൻ മൂട് | കുഴിയറ ഏലാ | കുള |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂമിയുടെ ഘടന | ചരിവ് | ചരിവ് | ചരിവ് | ചരിവ് | ചരിവ് | ചരിവ് | ചരിവ് | വയൽ താഴെ ഭാഗം ഏലാ | ചരിവ് | ചരിവ് | ഏലാ | ചരിവ് |
| മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളി മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളി മണ്ണ് | പാറക്കെട്ട് കരിമണ്ണ് |
| സസ്യാവരണം | തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | റബ്ബർ തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | റബ്ബർ തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | റബ്ബർ തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | റബ്ബർ തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | റബ്ബർ തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | നെല്ല് | തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | റബ്ബർ തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് | നെല്ല് | തെങ്ങ് മരച്ചീനി വാഴ കുരുമുളക് കശുമാവ് |
| ജല സ്രോതസ്സ് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | | ജലക്ഷാമം ഉണ്ട് |
| പരിതസ്ഥിതി | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് |
| ജന സാന്ദ്രത | ഉണ്ട് | കൂടുതൽ | കൂടുതൽ | സാധാരണം | സാധാരണം | കൂടുതൽ | സാധാരണം | | കൂടുതൽ | സാധാരണം | | സാധാരണം |

പള്ളിക്കൽപുഴ എല — താഴത്ത്‌വീട് വാതുക്കൽ — സ്കൂൾ ജംഗ്ഷൻ — പാലൂർക്കാണം എല — കുളിലശികം — കുളിലശികത്ത് മുകളിൽ — പേരകത്ത് എല — കുറ്റിക്കാട് — കുറ്റിക്കാട് ജംഗ്ഷൻ — വെള്ളൂർ തലക്കൽ — കോഴിയോട് കുന്നുംപുറം — കോഴിയോട് — കോഴിയോട് എല

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂമിയുടെ ഘടന | എല | ചരിവ് | ചരിവ് | എല | ചരിവ് | ചരിവ് | എല | ചരിവ് | ചരിവ് | ചരിവ് | നിരപ്പ് | വലിയ ചരിവ് |
| മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് |
| സസ്യാവരണം | നെല്ല് | റബ്ബർ<br>തെങ്ങ<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക് | നെല്ല് | റബ്ബർ<br>തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | റബ്ബർ<br>തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>റബ്ബർ<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ്<br>റബ്ബർ | റബ്ബർ<br>തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | റബ്ബർ<br>തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ്<br>റബ്ബർ<br>വെറ്റില |
| ജലസ്രോതസ്സ് | തലക്കുളം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് |
| പരിസ്ഥിതി | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് |
| ജനസാന്ദ്രത | | കൂടുതൽ | കുറവ് | | കൂടുതൽ | ശരാശരി | | ശരാശരി | ശരാശരി | ശരാശരി | ശരാശരി | ശരാശരി |

64

## പഠന പര്യടന റിപ്പോർട്ട് (മുതലപാലം – പെരുമ്പക്കാല)

| | മുതലപാലം | കുറുംപം കോണം | കോണത്ത് | | മുതലതുക്ക് | മണ്ണാറയിൽ | വലിലവിള | പൈവേലി ജംഗ്ഷൻ | തെങ്ങറ കുന്ന് | തെങ്ങറ എല | ആയിര വില്ലികുന്ന് | | ക്ഷേത്രം | പനവേച്ചാത്തിൽ | പാറകുന്ന് | അടിവാരം പരുമ്പക്കാല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂമിയുടെ ഘടന | എല | ചരിവ് | വലിയ ചരിവ് | ചരിവ് | എല | ചരിവ് | നിരപ്പ് | ചരിവ് | ചരിവ് | എല | ചരിവ് | നിരപ്പ് | ചരിവ് | ചരിവ് | ചരിവ് | നിരപ്പ് |
| മണ്ണ് | മണൽ കലർന്ന ചെളി മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളി മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളി മണ്ണ് | ചെങ്കൽ മണ്ണ് | പാറ | ചെങ്കൽ മണ്ണ് | വലിയ പാറ കൾ | വലിയ പാറ കൾ | ചെങ്കൽ മണ്ണ് |
| സസ്യാ വരണം | നെല്ല് | തെങ്ങ് കശുമാവ് കുരുമുളക് വാഴ മരച്ചീനി | തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ | റബ്ബർ കശുമാവ് കുരുമുളക് മരച്ചീനി വാഴ | നെല്ല് | റബ്ബർ തെങ്ങ് കശുമാവ് മരച്ചീനി കുരുമുളക് വാഴ | റബ്ബർ തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ | തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ | റബ്ബർ തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ | നെല്ല് | റബ്ബർ തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ | | റബ്ബർ തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ | | | തെങ്ങ് കശുമാവ് കുരുമുളക് മരച്ചീനി വാഴ |
| ജല സ്രോതസ് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | തല ക്കുളം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജല ക്ഷാമം ഉണ്ട് | ജലം ലഭ്യ മല്ല | ജല ക്ഷാമം ഉണ്ട് | ജലം ലഭ്യ മല്ല | ജലം ലഭ്യ മല്ല | ജല ക്ഷാമം ഉണ്ട് |
| പരി സ്ഥിതി പ്രശ്ന ങ്ങൾ | | മണ്ണൊ ലിപ്പ് | മണ്ണൊ ലിപ്പ് | മണ്ണൊ ലിപ്പ് | | മണ്ണൊ ലിപ്പ് | | മണ്ണൊ ലിപ്പ് | മണ്ണൊ ലിപ്പ് | | മണ്ണൊ ലിപ്പ് | | മണ്ണൊ ലിപ്പ് | | മണ്ണൊ ലിപ്പ് | |
| ജനസാ ന്ദ്രത | | കുറവ് | കുറവ് | കൂടു തൽ | | കൂടു തൽ | കൂടു തൽ | കുറവ് | കുറവ് | | ശരാ ശരി | കുറവ് | കുറവ് | ഇല്ല | ഇല്ല | കുറവ് |

## പഠന പര്യടന റിപ്പോർട്ട് (വെളിനല്ലൂർ–പെരുമ്പക്കാല)

വെളിനല്ലൂർ പാലം – ആറയിൽ – മണ്ഡപത്ത് കാവ് – മേവട്ട് മുക്കിൽ – പേരകത്ത് ഏല – കോട്ടിയം മുക്ക് – കുളക്കുടി ഏല – കുരങ്ങൻ പാറ – പെരുമ്പക്കാല

| ഭൂമിയുടെ കിടപ്പ് | ചരിവ് | ചരിവ് | ചരിവ് | ചരിവ് | ഏല | ചരിവ് | ചരിവ് | ഏല | പാറക്കെട്ട് | പാറക്കെട്ട് |
|---|---|---|---|---|---|---|---|---|---|---|
| മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | ചെങ്കൽ മണ്ണൽ | ചെങ്കൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | കരിമണ്ണ് | കരിമണ്ണ് |
| സസ്യം-വരണം | റബ്ബർ<br>തെങ്ങ്<br>മരിച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | റബ്ബർ<br>തെങ്ങ്<br>മരിച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | റബ്ബർ<br>തെങ്ങ്<br>മരിച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | റബ്ബർ<br>തെങ്ങ്<br>മരിച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് | റബ്ബർ<br>തെങ്ങ്<br>മരിച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | റബ്ബർ<br>തെങ്ങ്<br>മരിച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് | കുറ്റിക്കാട് | കുറ്റിക്കാട് |
| ജലസ്രോതസ് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് | | ജലക്ഷാമം ഉണ്ട് | ജലക്ഷാമം ഉണ്ട് |
| പരിസ്ഥിതി | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് |
| ജനസാന്ദ്രത | കൂടുതൽ | കൂടുതൽ | കൂടുതൽ | ശരാശരി | | കൂടുതൽ | ശരാശരി | | കുറവ് | കുറവ് |

## പഠന പര്യടന റിപ്പോർട്ട് (പുളിമാത്ത് ഏല-ഇരവാഞ്ചിരം കടവ്)

പുളിമാത്ത് ഏല – പള്ളിക്കൽ പോസ്റ്റ് ഓഫീസ് – H.S. ജംഗ്ഷൻ – വടക്കേപള്ളി – ഇളവക്കോട് ഏല – കുപ്പോട്ട് കുന്ന് – കുപ്പോട്ട് ഏല – വില്ലേജ് ഓഫീസ് – ചെമ്മരം – ചെമ്മരത്ത്കോണം ഏല – താഴെ ഭാഗം – മഞ്ഞോട്ട്കോണം ഏല – തെവരുമുകളിൽ – കുറ്റിമൂട് ഏല – കടവ്

| ഭൂമിയുടെ ഘടന | എല | നിരപ്പ് | ചരിവ് | ചരിവ് | എല | ചരിവ് | ചരിവ് | എല | ചരിവ് | നിരപ്പ് | ചരിവ് | എല | ചരിവ് | ചരിവ് | എല | ചരിവ് | ചരിവ് | എല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മണ്ണ് | മണൽ<br>കലർന്ന<br>ചെളിമണ്ണ് | ചെങ്കൽ<br>മണ്ണ് | ചെങ്കൽ<br>മണ്ണ് | ചെങ്കൽ<br>മണ്ണ് | മണൽ<br>കലർന്ന | ചെങ്കൽ<br>മണ്ണ് | ചെങ്കൽ<br>മണ്ണ് | മണൽ<br>കലർന്ന | ചെങ്കൽ<br>മണ്ണ്<br>ചെളിമണ്ണ് | ചെങ്കൽ<br>മണ്ണ് | ചെങ്കൽ<br>മണ്ണ് | മണൽ<br>കലർന്ന<br>ചെളിമണ്ണ് | ചെങ്കൽ<br>മണ്ണ് | ചെങ്കൽ<br>മണ്ണ് | മണൽ<br>കലർന്ന<br>ചെളിമണ്ണ് | ചെങ്കൽ<br>മണ്ണ് | ചെങ്കൽ<br>മണ്ണ് | മണൽ<br>കലർന്ന<br>ചെളിമണ്ണ് |
| സസ്യാ-<br>വരണം | നെല്ല് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ്<br>റബ്ബർ | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ്<br>റബ്ബർ | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ്<br>റബ്ബർ | നെല്ല് | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ്<br>റബ്ബർ | തെങ്ങ്<br>മരച്ചീനി<br>വാഴ<br>കുരുമുളക്<br>കശുമാവ് | നെല്ല് |
| ജലസ്രോ-<br>തസ്സ് | | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമം<br>ഉണ്ട് | | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമം<br>ഉണ്ട് | | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമം<br>ഉണ്ട് | | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമ<br>ഉണ്ട് | | ജല<br>ക്ഷാമം<br>ഉണ്ട് | ജല<br>ക്ഷാമം<br>ഉണ്ട് | |
| പരിസ്ഥിതി | | | മണ്ണൊ-<br>ലിപ്പ് | മണ്ണൊ-<br>ലിപ്പ് | | മണ്ണൊ-<br>ലിപ്പ് | മണ്ണൊ-<br>ലിപ്പ് | | മണ്ണൊ-<br>ലിപ്പ് | | മണ്ണൊ-<br>ലിപ്പ് | | മണ്ണൊ-<br>ലിപ്പ് | മണ്ണൊ-<br>ലിപ്പ് | | മണ്ണൊ-<br>ലിപ്പ് | മണ്ണൊ-<br>ലിപ്പ് | |
| ജനസാന്ദ്രത | | കൂടുതൽ | കുറവ് | കൂടുതൽ | | കുറവ് | കൂടുതൽ | | കൂടുതൽ | കൂടുതൽ | കൂടുതൽ | | കൂടുതൽ | കുറവ് | | സാധാ-<br>രണം | സാധാ<br>രണം | |

# മാർക്കറ്റ്

നമ്മുടെ സാമ്പത്തിക വികസനത്തിൽ പ്രധാനപ്പെട്ട ഒരു പങ്ക് മാർക്കറ്റുകൾക്കുണ്ട്. ഗ്രാമീണർ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വിറ്റഴിക്കാനും അവർക്കാവശ്യമുള്ള ഉല്പന്നങ്ങൾ വാങ്ങി സംഭരിക്കുന്നതിനുമുള്ള സൗകര്യം മാർക്കറ്റുകൾ മൂലം ഉണ്ടാകുന്നു. ഇന്ന് പഞ്ചായത്തിൽ മൂന്നു പബ്ളിക് മാർക്കറ്റുകളും ഒരു പ്രൈവറ്റ് മാർക്കറ്റുമാണുള്ളത്. ഇവയുടെ നടത്തിപ്പ് ഇന്നു വേണ്ട രൂപത്തിലല്ല. ശുചിത്വത്തിന്റെ കാര്യത്തിൽ യാതൊരു ശ്രദ്ധയും ആരും ചെലുത്തുന്നില്ല. വൃത്തി ഹീനമായ സാഹചര്യത്തിൽ മത്സ്യം മാംസം എന്നിവ വിറ്റഴിക്കപ്പെടുന്നു. അഴുകിയതും ഭക്ഷണയോഗ്യവുമല്ലാത്ത വസ്തുക്കൾ നമ്മുടെ മാർക്കറ്റുകളിൽ യഥേഷ്ടം വിറ്റഴിക്കപ്പെടുന്നു. ഇറച്ചി ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനോ, അവ രോഗവിമുക്തമാണെന്നുറപ്പു വരുത്താനൊ ഉള്ള യാതൊരു സംവിധാനവുമില്ല. മത്സ്യവിപണനത്തിനു പ്രത്യേകസൗകര്യങ്ങളൊന്നും മാർക്കറ്റുകളിൽ ചെയ്തിട്ടില്ല. ചുറ്റുമതിലോ കെട്ടിനിൽക്കുന്ന ദുഷിച്ച ജലം വാർന്ന് പോകുന്നതിനുള്ള സൗകര്യമോ ഇല്ല. സാധനങ്ങൾ സൂക്ഷിക്കാനുള്ള സ്റ്റാളുകൾ അപൂർവമാണ്.

### പ്രശ്നങ്ങൾ

1. പള്ളിക്കൽ പബ്ളിക് മാർക്കറ്റ് ഇന്നു നടക്കുന്ന സ്ഥലത്ത് സ്ഥലസൗകര്യമില്ലാത്തതുകൊണ്ട് മറ്റൊരു സ്ഥലത്തേക്കു മാറ്റേണ്ടതാണ്.
2. പകൽക്കുറി മാർക്കറ്റിനു സ്ഥലസൗകര്യ കുറവുണ്ട്. കൂടുതൽ സ്ഥലം വാങ്ങി അതു വിപുലമാക്കണം.
3. പകൽക്കുറി മാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കെട്ടിടസൗകര്യം ഇല്ല.
4. പകൽക്കുറി മാർക്കറ്റിന് ചുറ്റുമതിലില്ല.
5. വാർഡു കേന്ദ്രങ്ങളിലെല്ലാം മാർക്കറ്റുകൾ ഇല്ല.
6. സ്ലാർട്ടർഹൗസ് സൗകര്യം മാർക്കറ്റുകളിലില്ല.
7. മത്സ്യ മാംസാദികൾ ഉപയോഗ്യമാണോ എന്നു പരിശോധിക്കാനുള്ള സൗകര്യമില്ല.
8. ആടുമാടു വിപണകേന്ദ്രം പഞ്ചായത്തിലില്ല.
9. ചന്തപ്പിരിവു നിയമാനുസൃതമായ രീതിയിലല്ല നടക്കുന്നത്.

### പരിഹാരങ്ങൾ

1. പള്ളിക്കൽ പബ്ളിക് മാർക്കറ്റ് സമീപം തന്നെ സ്ഥലസൗകര്യമുള്ള മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചുറ്റിലും മാർക്കറ്റ് സ്റ്റാളുകളും മത്സ്യ വിപണനത്തിനുള്ള പ്ലാറ്റ് ഫാം തുടങ്ങിയവ നിർമ്മിക്കുകയും വേണം. ഇപ്പോഴുള്ള മാർക്കറ്റ് ബസ് സ്റ്റാന്റായി മാറ്റുക.
2. പകൽക്കുറി ചന്തയ്ക്കു സമീപമുള്ള സ്ഥലം വാങ്ങി ചന്ത വിപുലീകരിക്കേണ്ടതാണ്.
3. പകൽക്കുറി മാർക്കറ്റിൽ ഷോപ്പിംഗ് കാംപ്ലക്സ് സ്ഥാപിക്കുക.
4. പകൽക്കുറി മാർക്കറ്റിനു ചുറ്റുമതിൽ നിർമ്മിക്കുക.
5. എല്ലാ വാർഡു കേന്ദ്രങ്ങളിലും മാർക്കറ്റുകൾ ആരംഭിക്കുക.
6. എല്ലാ മാർക്കറ്റിലും സ്ലാട്ടർ ഹൗസ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. ചന്തയിലെത്തുന്ന മത്സ്യ മാംസാദികൾ ഉപയോഗയോഗ്യമാണോ എന്ന് വില്പനയ്ക്കു മുമ്പ് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം.

8. ആടുമാടുകളുടെ വിപണനത്തിന് ഒരു ചന്ത സ്ഥാപിക്കുക.

9. ചന്തപ്പിരിവ് നിയമാനുസരണവും പരസ്യപ്പെടുത്തുന്ന രീതിയിലും ആകാനുള്ള സംവിധാനം ഉണ്ടാകണം.

## പാർപ്പിടം

ജനങ്ങളുടെ അടിയന്തരാവശ്യങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണു പാർപ്പിടം. ആദികാലത്തു അലഞ്ഞുതിരിഞ്ഞു വേട്ടയാടിയും പ്രകൃതിയിൽ ലഭ്യമായ കായ്കനികളും ഭക്ഷിച്ചു നടന്ന പ്രാചീന മനുഷ്യർ പുരോഗതിയുടെ പാതയിലേക്കു കടന്നു വന്നത് സ്ഥിരതാമസവും കൃഷിയും ആരംഭിച്ചതോടെയാണ്. മോഹൻ ജദാരോയും ഹാരപ്പയും സംസ്കാരങ്ങൾ സൂചിപ്പിക്കുന്നത് ഉന്നതമായ ഒരു പാർപ്പിട നിർമ്മാണ സമ്പ്രദായം പുരാതന കാലത്ത് ഉണ്ടായിരുന്നുവെന്നതാണ്. ഗ്രീക്ക്, പേർഷ്യൻ ആക്രമണങ്ങൾ മൂലം കെട്ടിട നിർമ്മാണ രംഗത്ത് പല നേട്ടങ്ങളും ഉണ്ടാക്കുവാൻ സഹായമായി. കേരളത്തിലെ കുടുംബങ്ങളിലെ നാലുകെട്ടും പതിനാറുകെട്ടും ഒക്കെ പ്രസിദ്ധങ്ങളാണ്.

ജനസംഖ്യ വർദ്ധനവ് ഇന്ന് പാർപ്പിടങ്ങൾക്കുള്ള ലഭ്യത വിഷമകരമായ ഒരു പ്രശ്നമാക്കിട്ടുണ്ട്. നായർ തറവാടുകളിലെ കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ച ഈ രംഗത്തുള്ള പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നുണ്ട്.

പള്ളിക്കൽ പഞ്ചായത്തിൽ 6724 കെട്ടിടങ്ങളാണ് ഇന്നുള്ളത്. ഇതിൽ മുക്കാൽപങ്കും പാർപ്പിടങ്ങളാണ്. ഒന്നിൽക്കൂടുതൽ നിലകളുള്ള 245 വീടുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങൾ 645 ആണ്. ഓടു മേഞ്ഞത് 1445 ഉം ഓല കെട്ടിയത് 4305 ഉം ആണ്. ഇതിൽ ഗവൺമെന്റിന്റെ വിവിധഭവന നിർമ്മാണ പദ്ധതികൾമൂലം നിർമ്മിക്കപ്പെട്ടത് 45 എണ്ണം മാത്രമാണ്. നമ്മുടെ പഞ്ചായത്തിൽ അടുത്ത കാലത്ത് നിർമ്മിക്കപ്പെടുന്ന പാർപ്പിടങ്ങളിൽ അധികവും സാമ്പത്തിക ചെലവു വളരെകൂടുതലുള്ളവയാണ്. ഗൾഫ് പണമാണ് ഇതിനുള്ള അടിസ്ഥാന കാരണം. ഈ സ്ഥിതിക്കു മാറ്റം വരേണ്ടതുണ്ട്. ഉല്പാദനക്ഷമമല്ലാത്ത കൂറ്റൻ വീടുകൾ നിർമ്മിക്കുന്നതിലൂടെ സാമ്പത്തിക വികസനത്തിനു ഉപയോഗപ്പെടുത്താവുന്ന ധനം ദുരുപയോഗപ്പെടുത്തുകയാണു ചെയ്യുന്നത്. ഇതിനെ നിരുത്സാഹപ്പെടുത്താൻ വേണ്ട നിയമ വ്യവസ്ഥകൾ പഞ്ചായത്തുകൾ ഏർപ്പെടുത്തേണ്ടതാണ്.

### പ്രശ്നങ്ങൾ

1. പുറമ്പോക്ക് ഭൂമിയിൽ വളരെയധികം ആളുകൾ കുടിലുകൾ കെട്ടി താമസിക്കുന്നത് വികസനപ്രവർത്തനത്തെ തടയുന്നു.

2. നിർദ്ധനരായ കുടുംബങ്ങൾ ഭവന നിർമ്മാണം ഒരു സ്വപ്നമായി അവശേഷിക്കുന്നു.

3. ലക്ഷം വീടുകളിൽ താമസ സൗകര്യക്കുറവ് നിലനില്ക്കുന്നു.

4. പാവപ്പെട്ടവർക്കു ഓല മേയാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്.

5. പള്ളിക്കൽ, പകൽക്കുറി, മൂതല എന്നിവിടങ്ങളിൽ ലോഡ്ജിംഗ് സൗകര്യങ്ങൾ ഇല്ല.

### പരിഹാരങ്ങൾ

1. പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്നവർക്കു ഭൂമി പതിച്ചു കൊടുക്കുകയോ അല്ലെങ്കിൽ പുതിയ സ്ഥലം നല്കി വീടുവച്ചു കൊടുക്കുകയോ ചെയ്യണം.

2. നിർദ്ധനരായ വീടില്ലാത്തവരുടെ പട്ടിക സർവ്വേ ചെയ്തു ഉണ്ടാക്കുകയും അവർക്കു സ്ഥലവും വീടും നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക.

3. ലക്ഷം വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നുവെങ്കിൽ അവർക്കു പ്രത്യേകം വീടുകൾ നിർമ്മിച്ചു നൽകുക.

4. ഓലക്കെട്ടിടങ്ങൾ മേച്ചിൽ നടത്തുന്നതിന് ഇന്ന് സാമ്പത്തികച്ചെലവു കൂടുതലാണ്. പാവപ്പെട്ടവർക്ക് ഇതിനു സാമ്പത്തിക സഹായം നൽകുക.

5. പള്ളിക്കൽ, പകൽക്കുറി, മൂതല തുടങ്ങിയ സ്ഥലങ്ങളിൽ ജോലിചെയ്യുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കും ബിസിനസ്സ് സംബന്ധമായി എത്തുന്ന മറ്റു സ്ഥലക്കാർക്കും താമസിക്കുവാൻ സൗകര്യങ്ങൾ ഇല്ല. അതുകൊണ്ട് ഇവിടങ്ങളിൽ ലോഡ്ജിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തണം.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പള്ളിക്കൽ പഞ്ചായത്തിൽ പട്ടികവർഗ്ഗത്തിൽപെട്ട ആരും തന്നെ ഇന്നില്ല. പട്ടികജാതിയിൽപെട്ട ജനങ്ങളുടെ സംഖ്യ 1991 സെൻസസ്സ് പ്രകാരം 1919 ആണ്. ഭൂരിഭാഗവും കോളനികൾ കേന്ദ്രീകരിച്ചാണ് അധിവസിക്കുന്നത്. പ്രധാന കോളനികളുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

കലതിപച്ച, വട്ടയം കോളനികൾ ഒന്നാം വാർഡിലും, മുക്കംകോട്, എരുത്തിലക്കോട്, പേഴുവിള, ചേങ്കോട്ടു എന്നിവ രണ്ടാം വാർഡിലും, ഈരാറ്റിൽ നാലാംവാർഡിലും, ഉളവക്കോട് ആലുവിള ആറാംവാർഡിലും, പ്ലാച്ചിവിള ആയിരവല്ലി ഏഴാംവാർഡിലും, മാരംങ്കോട് എട്ടാംവാർഡിലും, കല്ലറക്കോണം ഒമ്പതാം വാർഡിലും സ്ഥിതിചെയ്യുന്നു.

ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ പാർക്കുന്നത് പ്ലാച്ചിവിള ആയിരവല്ലി (ഇന്നത്തെ ഏഴാം വാർഡ്, ജനസംഖ്യ 670.) പ്രദേശങ്ങളിലാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗമാണ് പട്ടികജാതിക്കാർ. IHDP പദ്ധതിയിൽ കല്ലറക്കോണം കോളനി മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റുള്ള കോളനികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കാർഷിക തൊഴിലാളികളും പാറത്തൊഴിലാളികളും കശുവണ്ടി തൊഴിലാളികളുമാണ് ഈ വിഭാഗത്തിലെ തൊഴിലാളികളിലധികവും. ഇതിൽപെട്ട അഭ്യസ്തവിദ്യരിലധികം പേർക്കും കാര്യമായ തൊഴിലുകൾ ഒന്നും ലഭിച്ചിട്ടില്ല. ഇടതുപക്ഷഗവൺമെന്റ് അനുവദിച്ച ഒരു ഹരിജൻ സൊസൈറ്റി പ്ലാച്ചിവിളയിൽ നിലവിൽ വന്നെങ്കിലും അതിന്റെ ഭരണാധികാരികൾ സാമ്പത്തിക ക്രമക്കേടുകൾ കാട്ടി അതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. സമ്പത്ത് അപഹരിച്ചവരിൽ നിന്നും അത് ഈടാക്കി പ്രസ്തുത സഹകരണ സംഘത്തിന്റെ പ്രവർത്തനം ഉടനടി ആരംഭിക്കേണ്ടതാണ്. മറ്റു കോളനികളിലും പുതിയ സംഘങ്ങൾ രൂപീകരിക്കുകയും പ്രവർത്തനം നല്ലരീതിയിൽ സംഘടിപ്പിക്കുകയും വേണം.

### പ്രശ്നങ്ങൾ

1. ഭൂമിയും പാർപ്പിടവും സ്വന്തമായില്ലാത്ത പട്ടികജാതിക്കാർ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്.
2. എല്ലാ പട്ടികജാതി കോളനികളെയും IHDP കോളനികളായി പ്രഖ്യാപിച്ചിട്ടില്ല.
3. ഗതാഗതം, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങൾ പല കോളനികളിലും ഇല്ല.
4. കക്കൂസുകൾ പലകോളനികളിലും വേണ്ടത്ര ഇല്ല.
5. കോളനികളിൽ ആരോഗ്യസംരക്ഷണത്തിനുള്ള സൗകര്യങ്ങൾ ഇല്ല.
6. TV റേഡിയോ തുടങ്ങിയ സൗകര്യങ്ങൾ ഒരു കോളനിയിലും ലഭ്യമല്ല.
7. തെരുവുവിളക്കുകൾ കോളനികളില്ല.
8. ഒളവക്കോട്, ചെമ്പകത്തിൻമൂട്, എന്നിവിടങ്ങളിൽ ബാലവാടി, അംഗൻവാടി, പ്രീപ്രൈമറി എന്നിവ ഇല്ല.
9. ഹരിജന യുവതികളുടെ വിവാഹഗ്രാന്റ് ഇന്ന് നൽകുന്നത് ഒട്ടും പര്യാപ്തമല്ല.
10. പാറ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ഇല്ല.
11. പട്ടികജാതിയിൽപെട്ട തൊഴിലില്ലാത്തവർക്ക് PSC പരീക്ഷകൾക്ക് ആവശ്യമായ കോച്ചിംഗ് സൗകര്യങ്ങൾ ഇല്ല.

12. പട്ടികജാതിയിൽപെട്ട എല്ലാവർക്കും കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടില്ല.

13. മുക്കംകോട്, കല്ലറക്കോണം, കലതിപ്പച്ച. വട്ടയം എന്നീ കോളനികളിൽ അങ്കൺവാടികൾ പ്രവർത്തിക്കുന്നില്ല.

14. കോളനികളിൽ നടത്തുന്ന കുടിൽ വ്യവസായങ്ങൾക്കു ഉദാരമായ സാമ്പത്തികസഹായങ്ങൾ ലഭ്യമല്ല,

**പരിഹാരങ്ങൾ**

1. ഭൂമിയും പാർപ്പിടവുമില്ലാത്ത ഹരിജനങ്ങൾക്ക് അവ ലഭ്യമാക്കുക.

2. എല്ലാ പട്ടികജാതി കോളനികളേയും IHDP കോളനികളായി പ്രഖ്യാപിക്കുക.

3. എല്ലാ കോളനികളിലും ഗതാഗതം, വൈദ്യുതി, കുടിവെള്ളം ഈ സൗകര്യങ്ങൾ ലഭ്യമാക്കണം.

4. കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ അവ നിർമ്മിച്ചു കൊടുക്കുക.

5. കോളനികളിൽ മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

6. TV റേഡിയോ എന്നിവ എല്ലാ കോളനികളിലും സ്ഥാപിക്കുക.

7. തെരുവുവിളക്കുകൾ എല്ലാകോളനികളിലും സ്ഥാപിക്കുക.

8. ഒളവക്കോട് ചെമ്പകത്തിൻമൂട് എന്നീ കോളനികളിൽ ബാലവാടി, അങ്കൺൺവാടി, പ്രീപ്രൈമറി എന്നിവ സ്ഥാപിക്കുക.

9. ഹരിജനയുവതികളുടെ വിവാഹഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുക.

10. പാറ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുക.

11. പട്ടികജാതിയിൽപെട്ട അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവർക്ക് PSC ടെസ്റ്റുകൾക്ക് ആവശ്യമായ കോച്ചിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.

12. കൈവശഭൂമിക്കു പട്ടയം നൽകുക.

13. മുക്കംകോട്, കല്ലറക്കോണം, കലതിപ്പച്ച, വട്ടയം എന്നീ കോളനികളിൽ അങ്കൺവാടികൾ ആരംഭിക്കുക.

14. കുടിൽ വ്യവസായങ്ങൾക്കു ഉദാരമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

# ഊർജം

ഊർജ പ്രതിസന്ധിയാണ് കേരളത്തിന്റെ വികസനത്തിനുള്ള പ്രധാനവിലങ്ങുതടി. വൈദ്യുതി, പെട്രോളിയം ഉല്പന്നങ്ങൾ, മണ്ണെണ്ണ, ഗോബർഗ്യാസ്, വിറക്, തുടങ്ങിയവയാണ് ഇന്നു ലഭ്യമായ ഊർജ ഉപാധികൾ.

വൈദ്യുതിയാണ് നിത്യജീവിതത്തിൽ ഇന്നു പ്രധാനമായും ഉപയോഗിക്കപ്പെടുന്ന ഊർജം. വ്യവസായങ്ങൾ നടത്തുന്നതിനും ഗാർഹിക ഉപയോഗങ്ങൾക്കും വൈദ്യുതി പ്രധാന പങ്കുവഹിക്കുന്നു. കേരളത്തിൽ ഇതിന്റെ ആവശ്യകതയും ലഭ്യതയും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ജലവൈദ്യുത പദ്ധതികളെയാണ് നാം ഇന്ന് പൂർണ്ണമായും ആശ്രയിക്കുന്നത്. പ്രകൃതി കനിഞ്ഞില്ലെങ്കിൽ ഈ പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുകയില്ല. അടുത്ത കാലങ്ങളിലെല്ലാം മഴയുടെ കുറവുമൂലം അണക്കെട്ടുകളിൽ വേണ്ടത്ര ജലം സംഭരിക്കപ്പെടുന്നില്ല. ഇതുമൂലം ഇന്നുള്ള പവർ സ്റ്റേഷനുകൾ പൂർണ്ണമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. ഇതോടൊപ്പം തന്നെ വൈദ്യുതിയുടെ ഉപഭോഗം പതിന്മടങ്ങ് വർദ്ധിക്കുകയും ചെയ്തു. അതുമൂലം പവർ കട്ടുകൾ ഉൾപ്പെടെയുള്ള പല ക്രമീകരണങ്ങളും നടത്തേണ്ടിവരികയും ചെയ്യുന്നു. നമ്മുടെ ജലവിഭവത്തിന്റെ ഒരു ചെറിയ ശതമാനമേ നാം ഇതിലേക്ക് ഉപയോഗിക്കപ്പെടുന്നുള്ളു. നിരവധി പദ്ധതികൾക്കുള്ള സാധ്യതകൾ ഉണ്ടെങ്കിലും അവ നടപ്പിലാക്കുവാൻ പല വൈതരണികളും മറികടക്കേണ്ടതുണ്ട്. പരിസ്ഥിതിവാദികൾ ഇതിലെ ഒരു മുഖ്യഘടകമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും മറ്റും ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ വേറെയും.

ഈ സാഹചര്യത്തിലാണ് കേരളത്തിൽ മറ്റുപാധികളിലൂടെ വൈദ്യുതി ഉല്പാദനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. കായംകുളം, ബ്രഹ്മപുരം തുടങ്ങിയ തെർമൽപദ്ധതികൾ ഈ രംഗത്തുള്ള കുറവുകൾ കുറച്ചൊക്കെ പരിഹരിക്കുമെന്നാണ് പ്രത്യാശിക്കുന്നത്.

കാറ്റുമൂലവും സൗരോർജംമൂലവുമുള്ള വൈദ്യുതി ഉല്പാദനത്തിന് സാധ്യതകളേറെയാണ്. പള്ളിക്കൽ പഞ്ചായത്തിലും ഇത്തരം പദ്ധതികൾക്ക് രൂപംകൊടുക്കേണ്ടതാണ്.

ഗോബർ ഗ്യാസ് മറ്റൊരുഘടകമാണ്. കാലിവളർത്തൽ ഒരുപതൊഴിലായി വളർന്നു വരുന്നുണ്ടെങ്കിലും ഗോബർ ഗ്യാസ് ഉല്പാദിപ്പിക്കുന്നതിൽ കർഷകർ പൊതുവേ വിമുഖരാണ്. ഇതിലടങ്ങിട്ടുള്ള അധ്വാനവും ബുദ്ധിമുട്ടുകളും കൃഷിക്കാരെ ഇതിൽനിന്നും പിൻതിരിപ്പിക്കുന്നുണ്ട്.

ഇന്നു പാചകത്തിനും മറ്റുമുള്ള ഇന്ധനത്തിൽ ഏറിയപങ്കും നിർവഹിക്കുന്നത് വിറകാണ്. മരങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ ലഭ്യതയും പരിമിതമാണ്. തെങ്ങ് ഈ രംഗത്ത് വലിയഒരുപങ്കുവഹിക്കുന്നുണ്ട്.

മണ്ണെണ്ണ മറ്റൊരു ഘടകമാണ് പക്ഷേ അതിന്റെ ലഭ്യതയും പരിമിതമാണ്. പെട്രോളിയം ഗ്യാസ് സ്റ്റൗകൾ നമ്മുടെ നാട്ടിൽ പ്രചാരമായിട്ടില്ല. പ്രാദേശികമായി അതിനുള്ള ലഭ്യതകുറവാണ്. ഒരു ചെറിയ ശതമാനം കുടുംബങ്ങളിൽ ഇന്ന് ഇത് ഉപയോഗിക്കുന്നു.

തെരുവുവിളക്കുകൾ കത്തിക്കുക പഞ്ചായത്തിന്റെ ചുമതലയാണെങ്കിലും അതിലേയ്ക്ക്

വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യതകൾ പള്ളിക്കൽ പോലുള്ള വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്കു ദുർവഹമാണ്. ഇപ്പോൾ തന്നെ ട്യൂബ് ലൈറ്റുകൾ 63 എണ്ണവും ബൾബുകൾ 260 എണ്ണവും കത്തിക്കുന്നു. ഇവയ്ക്ക് ഒരു വർഷം 64823 രൂപാ ചിലവു ചെയ്യുന്നു. പഞ്ചായത്തിന്റെ വരുമാനത്തിന്റെ 14 ശതമാനമാണിത്. എങ്കിലും. ഈ രംഗത്ത് അത്യാവശ്യമായ വികസനം നടത്തേണ്ടതുണ്ട്.

അനർട്ട്, ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ സഹായത്തോടെ ദക്ഷതകൂടിയ വിറക് അടുപ്പുകൾ സാർവത്രികമായി പ്രചരിപ്പിക്കേണ്ടതാണ്. അതിനാവശ്യമായ പ്രോത്സാഹന പദ്ധതികൾക്ക് രൂപംനൽകേണ്ടതാണ്.

### പ്രശ്നങ്ങൾ

1. എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമല്ല.

2. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ദീർഘമായ കാലതാമസം വരുന്നു.

3. വോൾട്ടേജ്ക്ഷാമം പലമേഖലകളിലും നിലനില്ക്കുന്നു.

4. ഹരിജൻ കോളനികൾ പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.

5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല.

6. തെരുവു വിളക്കുകൾ എല്ലാവാർഡുകളിലും ലഭ്യമല്ല.

7. പ്രധാനകേന്ദ്രങ്ങളിൽ ഫ്ളൂറസന്റ് വിളക്കുകളില്ല.

8 ആവശ്യമുള്ള മറ്റു കേന്ദ്രങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

9. മൂതല കേന്ദ്രമാക്കി ഇലക്ട്രിക്കൽ ഓവർസീയർ ആഫീസ് പ്രവർത്തിക്കുന്നില്ല.

10. പള്ളിക്കൽ സബ് ഇഞ്ചിനീയർ ആവശ്യമാണെങ്കിലും ഇതുവരെ സ്ഥാപിച്ചിട്ടില്ല.

11. കെ കെ കോണം, കാട്ടുപുതുശ്ശേരി, എന്നിവിടങ്ങളിൽ ഇലക്ട്രിസിറ്റി കളക്ഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല.

12. കിളിമാനൂർ ബ്ലോക്ക്പ്രദേശത്ത് സ്വകാര്യമേഖലയിൽ ഒരു തെർമൽ പവർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള സാധ്യത ഉണ്ടെങ്കിലും അതിനുള്ള സംരംഭങ്ങൾ തുടങ്ങിയിട്ടില്ല.

13. പുതൂർപ്പാറ, കുരങ്ങൻപാറ, ഒഴികുപാറ കുന്ന് തുടങ്ങിയ ഉയർന്ന സ്ഥാനങ്ങളിൽ കാറ്റിൽനിന്നുള്ള വൈദ്യുതോല്പാദനത്തിനു സാധ്യതയുണ്ടെങ്കിലും ആരംഭിച്ചിട്ടില്ല.

14. അനർട്ടുമായി സഹകരിച്ച് സൗരോർജ ഉല്പാദനം ആരംഭിച്ചിട്ടില്ല.

15. പാചക ഗ്യാസ് വിതരണം പഞ്ചായത്തിൽ ഇല്ല.

16. ബയോഗ്യാസ് ഉല്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം ലഭിക്കുന്നില്ല. ബോധവൽക്കരണപരിപാടികളും ഇല്ല.

17. ദക്ഷതകൂടിയ അടുപ്പുകൾ പ്രചാരത്തിലില്ല.

18. മണ്ണെണ്ണയുടെ ലഭ്യത കുറവാണ്.

19. ഇലക്ട്രോണിക് ചോക്കുകൾ, കോംപാക്റ്റ് ഫ്ളൂറസന്റ് വിളക്കുകൾ എന്നിവയുടെ ഉപയോഗം പരിമിതമാണ്.

### പരിഹാരങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാകുന്നതിനുള്ള ഒരു ബൃഹദ് പദ്ധതിക്കു രൂപം നൽകുക.

2. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഇന്നുള്ള കാലതാമസം ഒഴിവാക്കണം.

3. പഞ്ചായത്തിൽ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു അവിടെ ട്രാൻസ്ഫാമറുകൾ സ്ഥാപിക്കണം.

4. ഹരിജൻ കോളനികൾ സൗജന്യമായി പൂർണ്ണമായി വൈദ്യുതീകരിക്കണം.

5. മറ്റുസാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കും സൗജന്യവൈദ്യുതീകരണം ആവശ്യമാണ്.

6. തെരുവുവിളക്കുകൾ എല്ലാവാർഡുകളിലും ആവശ്യാനുസരണം സ്ഥാപിക്കണം ഇന്ന്പലതും കത്തുന്നില്ല. ഇത് പരിഹരിക്കണം.

7. പ്രധാനകേന്ദ്രങ്ങളിൽ ഫ്ളൂറസന്റ് വിളക്കുകൾ സ്ഥാപിക്കണം.

8. ആവശ്യമുള്ള കേന്ദ്രങ്ങളിൽ റ്റ്യൂബ്ലൈറ്റുകൾ സ്ഥാപിക്കണം.

9. പള്ളിക്കൽ കേന്ദ്രമാക്കി ഇലക്ട്രിക്കൽ സബ് ഇഞ്ചിനീയർ ആഫീസ് സ്ഥാപിക്കണം.

10. മൂതല കേന്ദ്രമാക്കി ഇലക്ട്രിക്കൽ ഓവർസീയർ ആഫീസ് പ്രവർത്തിപ്പിക്കണം.

11. കെ. കെ. കോണം, കാട്ടുപുതുശ്ശേരി, എന്നി വിടങ്ങളിൽ ഇലക്ട്രിസിറ്റി കളക്ഷൻ കേന്ദ്രങ്ങൾ ആരംഭിക്കണം.

12. കിളിമാനൂർ ബ്ളോക്ക് പ്രദേശത്ത് സ്വകാ ര്യമേഖലയിൽ ഒരു തെർമൽ പവർ സ്റ്റേഷൻ ഗൾഫ്കാരുടെ സഹകരണത്തോടെ ആരംഭി ക്കണം.

13. പുതൂർപ്പാറ, കുരങ്ങൻപാറ, ഒഴുകുപാറ തുട ങ്ങിയ ഉയർന്ന സ്ഥാനങ്ങളിൽ കാറ്റിൽ നിന്നുള്ള വൈദ്യുതോല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

14. അനർട്ട്മായി സഹകരിച്ച് സൗരോർജം ഉപ യോഗിച്ച് വൈദ്യുത ഉല്പാദന പരിപാടികൾ ആരംഭിക്കണം

15. പാചക ഗ്യാസ് വിതരണം പഞ്ചായത്തിൽ ഏർപ്പെടുത്തണം.

16. ബയോഗ്യാസിനെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും അതിന്റെ ഉല്പാദ നത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾക്കു രൂപം നൽകുകയും വേണം.

17. ദക്ഷതകൂടിയ അടുപ്പുകളുടെ ഉപയോഗം ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സഹായ ത്തോടെ പ്രചരിപ്പിക്കണം.

18. മണ്ണെണ്ണയുടെ ലഭ്യത വർദ്ധിപ്പിക്കണം.

19. ഇലക്ട്രോണിക് ചോക്കുകൾ, കാംപാക്റ്റ് ഫ്ളൂറസന്റ് വിളക്കുകൾ എന്നിവയുടെ ഉപയോഗം പ്രചരിപ്പിച്ച് വൈദ്യുതി ഉപഭോഗം പരിമിതപ്പെ ടുത്തണം.

## തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| | വേപ്പർലാമ്പ് | ഫ്ളൂ റ്റ്യൂബ് | ബൾബ് | മറ്റുള്ളവ. | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| I | | 8 | 28 | | 36 |
| II | | 10 | 50 | | 60 |
| III | | 5 | 12 | | 17 |
| IV | | 7 | 25 | | 32 |
| V | | 7 | 28 | | 35 |
| VI | | 5 | 30 | | 35 |
| VII | | 6 | 32 | | 38 |
| VIII | | 7 | 25 | | 32 |
| IX | | 8 | 30 | | 38 |
| ആകെ | | 63 | 260 | Nil | 323 |

1. തെരുവു വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ തൻ വർഷം ചിലവഴിച്ച തുക. Rs. 64823/-
2. വരുമാനത്തിന്റെ എത്ര ശതമാനം - 14%

# സംസ്കാരം, കായികം

ഭാരതീയ സംസ്കാരമെന്നോ പാശ്ചാത്യസംസ്കാരമെന്നോ പറയുമ്പോൾ അതതു ജനതയുടെ, മൂല്യബോധം, സദാചാരബോധം എന്നിവയുടെ അടിസ്ഥാനത്തിൽ ആ ജനത സാമാന്യമായി അംഗീകരിച്ചിട്ടുള്ള ധർമ്മബോധമാണ് വിവക്ഷിക്കപ്പെടുന്നത്. ഓരോ ജനസമൂഹത്തിലും അതിന്റെ ചരിത്രത്തിലും സാഹചര്യത്തിനും യോജിച്ച ഒരു പൊതുസംസ്കാരം വളർന്നു വരുന്നു. മനുഷ്യർ വിദ്യാഭ്യാസത്തിലും നല്ല സാഹചര്യങ്ങളിലും കൂടി ആർജിക്കുന്ന മാനസികമായ ഉൽകർഷം തന്നെയാണ് സംസ്കാരം. വിദ്യാഭ്യാസം ആദ്ധ്യാത്മികപ്രവണതകൾ, മഹത് പുരുഷൻമാരുടെ മാതൃകകൾ, ശാസ്ത്രത്തിന്റെയും കലകളുടെയും സാഹിത്യത്തിന്റെയും വികാസം എന്നിവയെല്ലാം സാംസ്കാരിക നിലവാരത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്.

വൈദിക സംസ്കാരത്തിന്റെ ആവിർഭാവത്തിനു വളരെ മുമ്പുതന്നെ ഭാരതത്തിനു തനതായ ഒരുന്നത സംസ്കാരം നിലനിന്നിരുന്നുവെന്നു സിന്ധുനദീതടങ്ങളിൽ കണ്ടെത്തിയ പൗരാണികാവശിഷ്ടങ്ങൾ വ്യക്തമാക്കുന്നു. ആര്യൻമാർ ഇന്ത്യയിൽ പ്രവേശിച്ച കാലത്തിനു മുമ്പുതന്നെ ആ സംസ്കാരം മൺമറഞ്ഞുവെന്നാണ് ചരിത്രകാരൻമാർ പലരും അഭിപ്രായപ്പെടുനത്. വേദങ്ങളും ഉപനിഷത്തുകളും ആരണ്യകങ്ങളും പിൽകാലത്ത് പുതിയ ഒരു ഭാരതീയ ചിന്താസരണിക്കു വഴി തുറന്നു. ഇന്നു കാണുന്ന ഭാരതീയ സംസ്കാരം മറ്റ് പല ലോക സംസ്കാരങ്ങളുടെയും സങ്കരമാണ്. ഗ്രീക്കുകാർ, പേർഷ്യാക്കാർ, ഹൂണൻമാർ, പാശ്ചാത്യർ തുടങ്ങിയ വിദേശശക്തികൾ ഇന്ത്യയെ ആക്രമിച്ചു കീഴടക്കാൻ ഒരുമ്പെട്ടു ഇന്ത്യയിലെത്തിയവരാണ്. അവരുടെ സാന്നിധ്യം ഭാരതീയ സംസ്കാരത്തെ ഉത്തേജിപ്പിക്കുകയും വളർത്തുകയും ചെയ്തിട്ടുണ്ട്.

ദക്ഷിണേന്ത്യ ആദ്യകാലം മുതലേ ഒരു വിഭിന്ന സംസ്കാരത്തിന്റെ അവകാശികളായിരുന്നു. ആര്യൻമാരുടെ തെക്കോട്ടുള്ള വ്യാപനം തെക്കേ ഇന്ത്യൻ സംസ്കാരത്തെയും വളരെയധികം സ്വാധീനിക്കുകയുണ്ടായി. സംഘകാലസാഹിത്യം, തമിഴകം, കേരളം എന്നിവിടങ്ങളിലെ അക്കാലത്തെ സാംസ്കാരിക പാശ്ചാത്തലം വരച്ചു കാട്ടുന്നുണ്ട്. ബുദ്ധജൈന മതങ്ങളുടെ പ്രചാരം ആദ്യകാലസംസ്കാരത്തിനു ഒരു മുതൽകൂട്ടായിരുന്നു. ശങ്കരാചാര്യരുടെ കാലഘട്ടത്തിനു ശേഷം തെക്കേ ഇന്ത്യയിലുണ്ടായ ഹിന്ദുമത മുന്നേറ്റം കേരളത്തിലും നിലവിലിരുന്ന സാംസ് കാരികധാരയെ ദിർബലപ്പെടുത്തുകയുണ്ടായി. ചാതുർവർണ്യം നമ്മുടെ സമൂഹത്തിലും ആവിർഭവിക്കുവാനും കാരണമായി. തമിഴിൽ നിന്നു വേർപിരിഞ്ഞു ഒരു സ്വാതന്ത്ര ഭാഷയായി മലയാളഭാഷ മാറി കഴിഞ്ഞതോടുകൂടിയാണ് കേരളതനിമയുള്ള സംസ്കാരം രൂപം കൊള്ളുന്നത്. എഴുത്തച്ഛനും, കണ്ണശ്ശരും, ചെറുശ്ശേരിയും, കുഞ്ചൻനമ്പ്യാരും ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകി.

കേരളത്തിലെ ജന്മി സമ്പ്രദായം നമ്മുടെ സംസ്കാരത്തെ സ്വാധീനിച്ച മറ്റൊരു ഘടകമാണ്. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടു മാത്രമേ സാഹിത്യ കലാരൂപങ്ങൾ കേരളത്തിലെന്നല്ല ഇന്ത്യയിലെങ്ങും രൂപം പ്രാപിച്ചിട്ടുള്ളൂ. കൂടിയാട്ടം, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, കഥകളി, പഞ്ചവാദ്യം, അഷ്ടപദിപ്പാട്ട് തുടങ്ങിയവ

കേരളത്തിൽ രൂപം കൊണ്ടു വികാസം പ്രാപിച്ചതാണ്. ചവിട്ടുനാടകം, ഒപ്പന, മാർഗ്ഗംകളി തുടങ്ങിയവ ക്രൈസ്തവരുടെയും, ഇസ്ലാംമതക്കാരുടെയും കലാരൂപങ്ങളായാണ് രൂപംകൊണ്ടത്. കേരളത്തിന്റെ തനതായ ഒരു കലാരൂപമാണ് മോഹിനിയാട്ടം.

ബ്രിട്ടീഷുകാരുടെ ആധിപത്യം ഇന്ത്യയിലും കേരളത്തിലും നിലവിൽ വന്നതോടുകൂടി അത് നമ്മുടെ സംസ്കാരത്തിന്റെ വികാസ പരിണാമങ്ങളെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. അവർ നടപ്പിലാക്കിയ വിദ്യാഭ്യാസരീതി നമ്മുടെ സംസ്കാരിക അടിത്തറയെയും സ്വാശ്രയശീലത്തെയും അട്ടിമറിക്കുകയാണുണ്ടായത്. അന്ധമായ പാശ്ചാത്യകരണം വരുത്തിവച്ച വിനകൾ ചില്ലറയൊന്നുമല്ല. കേരളത്തിലെ പ്രബല സമുദായമായിരുന്ന നായൻമാരുടെ കൂട്ടുകുടുംബവ്യവസ്ഥ ഇല്ലാതായതും നമ്മുടെ സാംസ്കാരിക മണ്ഡലത്തെ ബാധിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ചിരകാലസ്വപ്നമായിരുന്ന ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണം ഭാരതത്തിലെ ജനസഞ്ചയത്തെയും വിശിഷ്യാ കേരളീയരേയും ഒരു പുത്തൻ സംസ്കാരത്തിന്റെ കുഴൽവിളിയെന്നോണം ആശ്വസിപ്പിച്ചു. ഫ്യൂഡലിസത്തിന്റെ നാശത്തിനു മുമ്പുതന്നെ ഇന്ത്യയിൽ ഉദയംചെയ്ത മുതലാളിത്ത സമ്പത് ഘടന സാംസ്കാരിക വികാസനത്തിന്റെ പാതയിൽ വിലങ്ങുതടിയായി ഇന്നും നിലകൊള്ളുന്നു.

നമ്മുടെ പഞ്ചായത്തിലെ പൂർവകാല സാംസ്കാരിക പശ്ചാത്തലം ഇരുളടഞ്ഞതാണ്. പറയത്തക്ക പാരമ്പര്യമോ പ്രവർത്തനങ്ങളോ അവകാശപ്പെടാൻ ഉണ്ടെന്നു തോന്നുന്നില്ല. ആദ്യകാല സാംസ്കാരിക കേന്ദ്രങ്ങൾ എന്ന് അവകാശപ്പെടാവുന്നതു മത സ്ഥാപനങ്ങളോടനുബന്ധിച്ചു നടന്നു വന്നിരുന്ന ഉത്സവങ്ങളും മതാനുഷ്ടാനങ്ങളും മാത്രമായിരുന്നു. ഓണത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങൾ സർവമതസംബന്ധിയായായിരുന്നു. ഏതാണ്ട് എൺപതിൽപരം വർഷങ്ങൾക്കുമുമ്പാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആരംഭം. കാലക്രമത്തിൽ കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിതമാകുകയും വിദ്യാഭ്യാസ നിലവാരത്തിൽ പുരോഗതിയുണ്ടാവുകയും ചെയ്തു.

ഇന്നു പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകൾ ഏതൊക്കെയെന്നു താഴെ ചേർക്കുന്നു.

### ജനതാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് (JAS) പള്ളിക്കൽ

കാൽനൂറ്റാണ്ടിലേറെയായി പ്രവർത്തിച്ചുവരുന്ന ഈ ക്ലബ്ബ് പള്ളിക്കൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കായികപ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. വോളിബാൾ രംഗത്ത് മികച്ചപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. സംസ്ഥാനതലത്തിൽ പ്രശസ്തി ആർജിക്കുകയും പല സംസ്ഥാനതാരങ്ങളെയും സംഭാവനചെയ്യുന്നതിനും ഈ ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ജില്ലാ തലത്തിൽ നിരവധി സമ്മാനങ്ങൾനേടിയിട്ടുണ്ട്. വർഷംതോറും ജില്ലാതലവോളിബാൾ ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ല. ആവശ്യത്തിനുള്ള കളിസ്ഥലമില്ല.

### 2. ഗ്രാമോദ്ധാരണവായനശാല, മൂതല

1950ൽ പ്രവർത്തനം ആരംഭിച്ചു. 694 അംഗങ്ങൾ. 4580പുസ്തകങ്ങൾ. സ്വന്തം കെട്ടിടമുണ്ട്. പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന ഗ്രന്ഥശാലയാണ്.

### 3. ഗാന്ധിസ്മാരക വായനശാല പകൽക്കുറി

1958ൽ സ്ഥാപിതം. 4500 പുസ്തകങ്ങളുണ്ട്. ഗ്രന്ഥശാലാസംഘത്തിന്റെ ₪ ക്ലാസ്സ് അംഗത്വം ഉണ്ട്. ഇതിനോട്ചേർന്ന് കലാസമിതിയും സ്പോർട്ട്സ് ക്ലബ്ബും പ്രവർത്തിക്കുന്നു. നാടകാഭിനയം, കലാമത്സരങ്ങൾ, ഓണാഘോഷപരിപാടികൾ തുടങ്ങിയവ കലാസമിതി സംഘടിപ്പിച്ച് വരുന്നു. സ്വന്തമായി കെട്ടിടം ഉണ്ട്.

### 4. പകൽക്കുറി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ് ലൈബ്രറി

1988ൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നു. ഇതിന് മൂന്ന് വിഭാഗങ്ങൾ ഉണ്ട്. ഗ്രന്ഥശാലയിൽ 265 അംഗങ്ങളുണ്ട്. രണ്ടായിരത്തിലധികം പുസ്തകങ്ങൾ ഉണ്ട്. ഗ്രന്ഥശാലസംഘത്തിന്റെ അംഗീകാരം ലഭിച്ച് C ക്ലാസ്സ് അംഗത്വം ഉണ്ട്. ഒരു ലക്ഷത്തിലധികം രൂപ ചെലവ് ചെയ്ത് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നു. അത് ഏതാണ്ട് പൂർത്തിയാകാറായി. സ്പോർട്ട്സ്

ക്ലബ് യുവാക്കളുടെ കായികാഭിരുചിയെ പ്രോത്സാഹിപ്പിക്കുന്ന വിവിധതരം പരിപാടികൾ നടത്തുന്നുണ്ട്. വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ കളികളിൽ പരിശീലനം നൽകുന്നു. വർഷംതോറും ടൂർണമെന്റുകളും നടത്തുന്നു. ഫുട്ബാളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. സ്വന്തമായി കളിസ്ഥലമില്ലാത്തത് ഒരു പരാധീനതയായി നിലകൊള്ളുന്നു.

### 5. കെ.കെ. കോണം കലാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്

കലാകായികരംഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. വോളിബാൾ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്നു. സ്വന്തമായി കെട്ടിടവും കളിസ്ഥലവും ഇല്ല.

### 6. കലാആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, കൊട്ടിയം മുക്ക്, പകൽക്കുറി

10 വർഷമായി പ്രവർത്തിക്കുന്നു. സാക്ഷരതയുടെ ഒന്നാംഘട്ടപ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്തുതല മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. വർഷംതോറും ഏകാന്തനാടകമത്സരം നടത്തുന്നു. ഓണാഘോഷപരിപാടികൾ സംഘടിപ്പിക്കുന്നു. പച്ചക്കറിവിത്തുവിതരണം നടത്തുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ല.

### 7. തപസ്യ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, പള്ളിക്കൽ

കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമില്ല.

### കാവ്യകല

പ്രൊഫഷണൽ നാടക സംഘടന ആറയിൽ. വർഷന്തോറും പ്രൊഫഷണൽ നാടകങ്ങൾ അരങ്ങേറുന്നു.

### കലാഭാരതി, പകൽക്കുറി

1972മുതൽ പ്രവർത്തിക്കുന്നു. കഥകളിവിഷയങ്ങൾ അഭ്യസിപ്പിക്കുന്നു. കഥകളിപരിപാടികൾ നടത്തുന്നു. ട്രൂപ്പ് സ്വന്തമായുണ്ട്. ജർമ്മനി, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ പര്യടനം നടത്തി കഥകളി അവതരിപ്പിച്ചിട്ടുണ്ട്. ലഭിക്കുന്ന ഗ്രാന്റ് അപര്യാപ്തമാണ്. കെട്ടിടങ്ങൾ ആവശ്യത്തിനില്ല.

ചൈതന്യ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, ആറയിൽ.

കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു സ്വന്തമായി കെട്ടിടമില്ല.

പഞ്ചായത്ത് സാംസ്കാരികനിലയം, പള്ളിക്കൽ.

### പ്രശ്നങ്ങൾ

1. കളിസ്ഥലങ്ങളുടെ അപര്യാപ്ത.
2. സ്പോർട്ട്സ് ആർട്ട്സ് ക്ലബുകൾക്കു സാമ്പത്തിക പരാധീനത ഉണ്ട്.
3. എല്ലാ വാർഡിലും വായനശാലാ സൗകര്യങ്ങൾ ഇല്ല.
4. റ്റി.വി. ക്യോസ്ക്കുകൾ പല വാർഡുകളിലും സ്ഥാപിച്ചിട്ടില്ല.
5. ഗ്രന്ഥശാലകൾക്ക് പുസ്തകം, കെട്ടിടം, ഫർണിച്ചർ തുടങ്ങിയവ ആവശ്യത്തിനില്ല.
6. ബാലഭവനുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
7. കായിക പരിശീലനത്തിനുള്ള സൗകര്യം ഇല്ല.
8. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.
9. കലാഭാരതിയുടെ വികസനത്തിനു ആവശ്യമായ സാമ്പത്തിക ഭദ്രതയില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. എല്ലാ വാർഡുകളിലും കായിക പരിശീലനത്തിനുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കണം
2. കലാസമിതികൾക്കും, സ്പോർട്ട്സ് ക്ലബുകൾക്കും സാമ്പത്തിക സഹായം നൽകണം.
3. 5, 8, 9 വാർഡുകളിലൊഴിച്ച് മറ്റു വാർഡുകളിൽ വായനശാലാ സൗകര്യമില്ല. ആ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കണം
4. മുക്കംകോട്, കദളിപ്പച്ച, ആയിരവല്ലി, ആറയിൽ, മുതിയക്കോണം, കാട്ടു പുതുശ്ശേരി, മൂട്ടമൂട്. ചെമ്പകത്തിൻമൂട്, ചെമ്മരം ഒളവൂർക്കോട്, കൊട്ടിയം മുക്ക് ഇവിടങ്ങളിൽ ടിവി ക്യോസ്ക്കുകൾ കെട്ടി ടിവി സ്ഥാപിക്കുക.
5. ഗ്രന്ഥശാലകൾക്ക് കെട്ടിടം, പുസ്തകം, ഫർണിച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതി

നാവശ്യമായ സാമ്പത്തിക സഹായങ്ങൾ ചെയ്യുക.

6. പകൽക്കുറിയിൽ ഒരു ബാലഭവൻ അനുവദിക്കുക.

7. ജില്ലാ സ്പോർട്ട്സ് ക്ലബിന്റെ കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുക.

8. പഞ്ചായത്ത് സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കുക. എല്ലാ വാർഡുകളിലും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുക.

9. കലാഭാരതിയിൽ കുട്ടികൾക്കു താമസിക്കുന്നതിനു സൗകര്യമുണ്ടാക്കുകയും ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്യുക.

## പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഗ്രന്ഥശാലകളെക്കുറിച്ചുള്ള വിവരണം

| | ഗ്രന്ഥശാലയുടെ പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | പ്രതിദിന വിതരണം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | ഗ്രാമോദ്ധാരണ ഗ്രന്ഥശാല, മൂതല | 1950 | – | 694 | 4588 | 25 | സ്ഥിരം കെട്ടിടം ഉണ്ട് വനിതാവിഭാഗം, നേഴ്സറി, ശിശുവിഭാഗം, സാക്ഷരതാപ്രവർത്തനം, കൃഷിപുസ്തക കോർണർ ഇവ ഉണ്ട്. |
| 2. | ഗാന്ധി സ്മാരക വായനശാല ആറയിൽ, പകൽക്കുറി | 1958 | C | 853 | 4500 | 20 | സ്ഥിരം കെട്ടിടം ഉണ്ട് ആർട്സ് & സ്പോർട്സ് ക്ലബ് ശിശുവിഭാഗം, കൃഷിപുസ്തക കോർണർ, സാക്ഷരതാ വിഭാഗം ഇവ ഉണ്ട് |
| 3. | പകൽക്കുറി ആർട്സ് & സ്പോർട്സ് ക്ലബ് | 1988 | C | 265 | 2576 | 25 | സ്ഥിരം കെട്ടിടം പണി പൂർത്തിയായില്ല, സന്നദ്ധ പ്രവർത്തനങ്ങൾ, ഭവന വായ്പ, സ്പോർട്സ് & ആർട്സ് ക്ലബ്, |

# കുടിവെള്ളം

ജീവസന്ധാരണത്തിനു വായു പോലെതന്നെ വെള്ളവും അത്യാവശ്യമാണ്. ആത്യാവശ്യത്തിനു ശുദ്ധജലം ലഭ്യമാക്കുക ഭരണകേന്ദ്രങ്ങളുടെ പ്രാഥമിക കടമയാണ്. പള്ളിക്കൽ പഞ്ചായത്ത് വരൾച്ചക്കാലത്ത് അതിയായ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ്. പ്രധാനകുടിവെള്ള സ്രോതസ്സ് കിണറുകളാണ്. ഏതാണ്ട് 75% വീടുകളിലും കിണറുകൾ ഉണ്ട്. പക്ഷേ വേനൽക്കാലത്ത് ഈ കിണറുകൾ വറ്റിപ്പോകുന്നു. അതു കൊണ്ട് മറ്റ് സ്രോതസ്സുകൾ കണ്ടെത്തേണ്ട ആവശ്യമുണ്ട്. പഞ്ചായത്തിൽ കുടിവെള്ളത്തിനു വേണ്ടി വികസിപ്പിച്ചെടുക്കാവുന്ന 19 കുളങ്ങളുണ്ട്. പൊതുക്കിണറുകൾ 17 എണ്ണമാണ്. ആയിരവല്ലി, പ്ലാച്ചിവിള, നിരപ്പിൽ പ്രദേശം, കാട്ടുപുതുശ്ശേരി, വല്ലഭംകുന്ന്, മുക്കം കോടു തുടങ്ങിയ ഒട്ടേറെ പ്രദേശങ്ങൾ പാറകൾ നിറഞ്ഞതായതുകൊണ്ട് കിണറു കുഴിക്കുക അസാദ്ധ്യമാണ്. ഈ പ്രദേശങ്ങളിൽ ജല ലഭ്യതയ്ക്ക് മറ്റ് മാർഗ്ഗങ്ങൾ ആരായേണ്ടി ഇരിക്കുന്നു. പഞ്ചായത്ത് വക കിണറുകൾ ഇന്നു ശരിയായി പ്രയോജനപ്പെടുത്തുന്നില്ല. ആഴം കൂടിയും മാലിന്യങ്ങൾ നീക്കിയും അവ വേണ്ടവിധം സംരക്ഷിക്കുകയും പമ്പുസെറ്റുകൾ സ്ഥാപിച്ച് സമീപപ്രദേശത്തുള്ള ജനങ്ങൾക്ക് ജലം ലഭ്യമാക്കുകയും ചെയ്യണം.

ഏറെ വർഷങ്ങൾക്ക് മുമ്പ് പണി തുടങ്ങിയ പള്ളിക്കൽ ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കിയാൽ ഈ പ്രദേശത്തിന്റെ ഏറെ ഭാഗങ്ങളിലും ശുദ്ധജല ലഭ്യത ഉറപ്പു വരുത്താൻ കഴിയും. ഇത്തിക്കര ആറ്റിൽ കിണർ നിർമ്മിക്കുക, സ്റ്റോറേജ് ടാങ്ക് നിർമ്മിക്കുക, പൈപ്പുകൾ സ്ഥാപിക്കുക എന്നീ പണികളുടെ ഏറിയഭാഗവും ചെയ്തുകഴിഞ്ഞിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഈ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ കൈക്കൊള്ളുകയാണെങ്കിൽ ഈ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ഏറെക്കുറെ പരിഹരിക്കാൻ കഴിയും.

ജലസ്രോതസ്സുകൾ മലീനികരിക്കപ്പെടാതിരിക്കാനുള്ള പൊതുപരിപാടികളൊന്നും ഇന്നു നിലവിലില്ല. ഇതിനെക്കുറിച്ചു ജനങ്ങളെ ബോധവൽക്കരിക്കുകയും ജനകീയ പങ്കാളിത്തത്തോടെ ഇവ സംരക്ഷിപ്പെടുകയും ചെയ്യേണ്ടതാവശ്യമാണ്.

### പ്രശ്നങ്ങൾ

1. പള്ളിക്കൽ ശുദ്ധജലവിതരണപദ്ധതി ആരംഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. വീടുകളിൽ ജലവിതരണം ലഭ്യമാക്കാൻ തന്മൂലം കഴിയുന്നില്ല.

2. മുക്കംകോട്ടു പ്രദേശത്ത് ജലദൗർലഭ്യം കൂടുതലാണ്.

3. പൊതുകിണറുകൾ പലതും വൃത്തിഹീനമായി സ്ഥിതി ചെയ്യുന്നു.

4. കുഴൽക്കിണറുകൾ പല സ്ഥങ്ങളിലും ഇല്ല.

5. ശുദ്ധജലവിതരണപദ്ധതിയിൽ ഈരാറ്റിൽ, വല്ലകംകുന്ന്, കരിമ്പിച്ചിമൂഴി, കല്ലടത്തണ്ണി, സ.സ.കോണം, മുതല ജംഗ്ഷൻ താഴെ ഭാഗം പള്ളി ഈ സ്ഥങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

6. അഞ്ചാം വാർഡിലെ കുഴൽ ക്കിണർ താഴെ ഭാഗം പള്ളിക്കുസമീപമുള്ള കുഴൽക്കിണർ ഉപയോഗ യോഗ്യമല്ല.

7. സ്വന്തമായി കിണറു കുഴിക്കുന്ന, സാമ്പത്തികമായി ദുരിതം അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം.

8. പാറ നിറഞ്ഞ പ്രദേശങ്ങളിൽ കിണർ നിർമ്മിക്കാൻ സാദ്ധിക്കുന്നില്ല.

**പരിഹാരങ്ങൾ**

1. പള്ളിക്കൽ ശുദ്ധജലവിതരണപദ്ധതി ഉടൻതന്നെ പൂർത്തിയാക്കണം. എല്ലാ വാർഡുകളിലും വീട്ടു കണക്ഷനുകൾ നൽകാൻ പര്യാപ്തമായ രീതിയിൽ പെപ്പു ലൈൻ സ്ഥാപിക്കണം.

2. മുക്കം കോട്ടു പ്രദേശത്തേക്കു പെപ്പുലൈൻ വ്യാപിപ്പിച്ചും കുഴൽ ക്കിണർ നിർമ്മിച്ചും ജല ദൗർലഭ്യം പരിഹരിക്കണം.

3. പൊതുക്കിണറുകൾ ശുചിയാക്കി ആഴം വർദ്ധിപ്പിക്കുകയും പമ്പു സെറ്റുകൾ സ്ഥാപിച്ച് ജലവിതരണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. ഇവയുടെ സംരക്ഷണത്തിന് ജനകീയ സമിതികൾ രൂപികരിക്കണം.

4. കുഴൽക്കിണറുകൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ആവശ്യമാണ്. സ.സ.കോണം ഹരിജൻ കോളനി, പേഴുവിള ഹരിജൻ കോളനി, വല്ലകം കുന്ന്, പട്ടാഴിക്കോണം, ഈരാറ്റിൽ, പ്ലാച്ചിവിള, ആയിരവല്ലി, കാട്ടുപുതുശ്ശേരി ഉണ്ടപ്പാറ, ഊന്നാംകല്ല്, മൂതല, മോളിച്ചന്ത, ചെമ്പകത്തിൻ മൂട്, ചെമ്മര ആരാമം, കൊട്ടിയം മുക്ക്, പകൽക്കുറി ഖച, കോഴിയോട്, കല്ലറകോണം സ്ക്കൂളിന് സമീപം, പേരകത്ത് പ്രൈമറി ഹെൽത്ത് സബ്സെന്ററിനു സമീപം, കുറ്റിമൂട്ടിൽ, മൂലഭാഗം.

5. ഈരാറ്റിൻ-വല്ലകംകുന്നു, വല്ലകം കുന്ന്-കല്ലടത്തണ്ണി, വല്ലകംകുന്ന്- ഇളമ്പറകോട്, കൊക്കോട്ടു കോണം-വല്ലകംകുന്ന് മൂതല ഖച-താഴെഭാഗം പള്ളി-ഇടവേലിക്കൽ-ചെമ്പകത്തിൻ മൂട് ഇനപെപ്പു ലൈനുകൾ സ്ഥാപിക്കണം. പകൽക്കുറിയിൽ നിന്നും ആറയിൽ വരെയും ആറയിൽ മുതൽ അപ്പുപ്പൻ നട വരെയും പൈപ്പുലൈൻ നീട്ടണം.

6. അഞ്ചാം വാർഡിലെ കുഴൽക്കിണർ ഇപ്പോൾ ഉപയോഗപ്രദമല്ല. അത് പ്രവർത്തന ക്ഷമമാക്കണം.

7. സാമ്പത്തിക ബുദ്ധിമുട്ടുള്ള വിഭാഗങ്ങളിൽപ്പെട്ടവർക്ക് കിണർ കുഴിക്കുവാൻ സാമ്പത്തി കസഹായം നൽക്കണം.

8. പാറനിറഞ്ഞ പ്രദേശങ്ങളിൽ കിണർ കുഴിക്കുമ്പോൾ ജിയോളജിക്കൽ സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ സേവനം ലഭ്യമാക്കണം.

# ആരോഗ്യം

ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ അടിസ്ഥാനം അവിടുത്തെ ജനതയുടെ ആരോഗ്യമാണ്. ആരോഗ്യപൂർണ്ണമായ ഒരു ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള ഒരു മനസ്സുണ്ടാകൂ. നമ്മുടെ രാജ്യം ഭൂമിശാസ്ത്രപരമായി നോക്കുമ്പോൾ ഉഷ്ണ മേഖലയിലാണ്. അമിതമായ ചൂടും അമിതമായ വർഷപാതവും ഈ മേഖലയിലെ പ്രത്യേകതകളാണ്. മണ്ണൊലിപ്പും ഭൂമിയുടെ ഉപരിതല ജൈവലവണ സമ്പത്തുകളുടെ ചോർച്ചയും ഇവിടെ ഏറ്റവും കൂടുതലാണ്. കാലാവസ്ഥകളിലുണ്ടാക്കുന്ന വമ്പിച്ച അന്തരങ്ങൾ രോഗണുക്കളുടെ വർദ്ധനവിനും കാരണമാകുന്നു. ഇത്തരത്തിലുള്ള ഭൂപ്രകൃതിയും കാലാവസ്ഥയും ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു.

ശ്വാസകോശ രോഗങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൽ, ക്ഷയരോഗം, കുഷ്ഠം, ക്യാൻസർ, മലേറിയ എന്നിവ ഉഷ്ണരാജ്യമായ ഇന്ത്യയിൽ വളരെ കൂടുതലാണ്. ദാരിദ്ര്യവും പട്ടിണിയും പോഷകാഹാരങ്ങളുടെ കുറവും ഏറിയ രാജ്യങ്ങളുടെ മുൻപന്തിയിലാണ് ഇന്ത്യ. കേരളത്തിന്റെ സ്ഥിതിയും ഇതിൽ നിന്നും ഭിന്നമല്ല. പണ്ട് മുതലേ മതപരമായകാരണങ്ങളാൽ ഹിന്ദുക്കൾക്ക് മാംസ ഭക്ഷണം വർജ്യമാണ്. ഇന്നും വടക്കേ ഇന്ത്യയിൽ സ്ഥിതി ഇതുതന്നെ. ഗോവധം നിരോധിച്ച സംസ്ഥാനമുണ്ട് ഇന്ത്യയിൽ. ഇതു സൂചിപ്പിച്ചത് നമ്മുടെ ജനതയുടെ ആഹാരരീതി ആരോഗ്യസംരക്ഷണ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് അനുകൂലമല്ല എന്നു പറയുവാൻ വേണ്ടിയാണ്.

കേരളം രൂപീകൃതമായതിനു ശേഷം ആരോഗ്യരംഗത്ത് വമ്പിച്ച പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. വർദ്ധിച്ച സാക്ഷരതയും ബോധപൂർവ്വം നടത്തിയ ആരോഗ്യവിദ്യാഭ്യാസവും ഈ നേട്ടത്തിനുള്ള കാരണങ്ങളാണ്. കുടുംബ ക്ഷേമ പ്രവർത്തനങ്ങളുടെ പ്രചാരവും ചെറുകുടുംബങ്ങളുടെ ആവിർഭാവവും ഒരു പരിധിവരെ ഈ പുരോഗതിക്ക് കാരണങ്ങളാണ്. ഗവ. ഉടമയിലുള്ള ആരോഗ്യകേന്ദ്രങ്ങൾക്കു പുറമേ വ്യക്തികളും സംഘടനകളും നടത്തുന്ന ആരോഗ്യപരമായ പ്രവർത്തനങ്ങൾ ഈ മേഖലയെ സംപുഷ്ടമാക്കിയിട്ടുണ്ട്.

പള്ളിക്കൽ പഞ്ചായത്തിൽ ആധുനിക ചികിത്സാസമ്പ്രദായങ്ങൾ നിലവിൽ വന്നത് അടുത്ത കാലത്താണ്. പാരമ്പര്യ വൈദ്യന്മാർമാത്രമാണ് പഴയകാലത്ത് ആശ്രയം. ആയുർവേദം പഠിച്ച് ചികിത്സ നടത്തിയിരുന്ന പലരും ഉണ്ടായിരുന്നു. അതുപോലെ തന്നെ പാമ്പുവിഷത്തിനും, പേപ്പട്ടിവിഷത്തിനും ചികിത്സിക്കുന്നവർ ഉണ്ടായിരുന്നു. പക്ഷേ ഇതിന്റെയൊക്കെ ആധികാരികത നിർവ്വചിക്കുവാൻ ഇന്നു സാധിക്കുമെന്നു തോന്നുന്നില്ല.

ഇന്നു നമ്മുടെ പഞ്ചായത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തന സൗകര്യങ്ങൾ പരിമിതമാണ്. പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രവും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉപ കേന്ദ്രങ്ങളുമാണ് മുഖ്യം.

പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം വിപുലപ്പെടുത്തേണ്ടതാണ്. ആശുപത്രിയിൽ എല്ലാ വിഭാഗം രോഗങ്ങളും പരിശോധിക്കാനും രോഗനിർണ്ണയങ്ങൾ നടത്താനും ഉള്ള സൗകര്യം വേണം. xറേ, E.G.C, തുടങ്ങിയ ഉപകരണങ്ങളുള്ള ഒരു ലാബ് ആവശ്യമാണ്. അതുപോലെ

തന്നെ രോഗികളെ കിടത്തിചികിത്സിപ്പിക്കാൻ മതിയായ ബെഡുകൾ ഏർപ്പെടുത്തണം.

സബ്സെന്ററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയും കൂടുതൽ സേവന സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം, പഞ്ചായത്തിൽ രണ്ട് പ്രൈവറ്റ് ഹോമിയോ ആശുപത്രികളും, നാലു പ്രൈവറ്റ് ആയുർവേദ ആശുപത്രികളും പ്രവർത്തിക്കുന്നു. രണ്ടു മെഡിക്കൽ സ്റ്റോറുകൾ പഞ്ചായത്തിലുണ്ട്.

**പ്രശ്നങ്ങൾ.**

1. പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അപര്യാപ്തതകൾ.
2. വിദ്യാർത്ഥികൾക്കുള്ള വൈദ്യപരിശോധനയുടെ അപര്യാപ്തത.
3. ഹോമിയോ ചികിത്സാ സൗകര്യം ഇല്ലായ്മ.
4. ആയുർവേദാശുപത്രികളുടെ അഭാവം.
5. കക്കൂസുകളുടെ അപര്യാപ്തത.
6. പബ്ളിക്ക് കംഫർട്ട് സ്റ്റേഷനുകൾ ആവശ്യമുള്ള കേന്ദ്രങ്ങളില്ല.
7. മെഡിക്കൽ ക്യാമ്പുകൾ ആവശ്യത്തിനു സംഘടിപ്പിക്കുന്നില്ല.
8. രക്തഗ്രൂപ്പ് നിർണ്ണയം രക്തദാനപരിപാടിയും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.
9. ശുചീകരണ പ്രവർത്തനത്തിനുള്ള ഉദ്യോഗസ്ഥരുടെ അഭാവം.
10. ഓടകൾ നിർമ്മിക്കാത്തതുകൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ.
11. പേപ്പട്ടി വിഷനിർമ്മാർജനത്തിനുള്ള പരിപാടികൾ ഇല്ല.
12. ദന്താരോഗചികിത്സാസൗകര്യം എട്ടാം വാർഡിലില്ല.
13. കൊതുകുശല്യം വർദ്ധിച്ചിരിക്കുന്നു.

പരിഹാരങ്ങൾ

1. പള്ളിക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുക, വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം എല്ലാവിഭാഗം രോഗങ്ങൾക്കും ലഭ്യമാക്കുക, കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ ആയി ഉയർത്തുക.
2. എല്ലാ വിദ്യാർത്ഥികൾക്കും മാസത്തിലൊരിക്കൽ വൈദ്യപരിശോധന നിർബന്ധമാക്കുക.
3. വാർഡ് II, V, VII, VIII എന്നിവിടങ്ങളിൽ ഗവ: ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.
4. വാർഡ് V, VI, VII, VIII, IX വാർഡുകളിൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.
5. എല്ലാ വാർഡുകളിലും കക്കൂസ് എല്ലാ വീടുകളിലും നിർമ്മിക്കുക.
6. പബ്ലിക് കംഫർട്ട് സ്റ്റേഷൻ പ്രധാന കവലകളിൽ നിർമ്മിക്കുക.
7. മെഡിക്കൽ ക്യാമ്പുകൾ കാലാകാലങ്ങളിൽ സംഘടിപ്പിക്കുക.
8. എല്ലാവരുടെയും രക്തഗ്രൂപ്പു നിർണ്ണയിക്കുകയും രക്തം സംഭാവന ചെയ്യുവാൻ സന്നദ്ധതയുള്ളവരുടെ പേരുവിവരം സൂക്ഷിക്കുകയും ചെയ്യുക.
9. പ്രധാന കവലകൾ മാർക്കറ്റുകൾ ഇവ വൃത്തിയാക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിക്കുക.
10. പള്ളിക്കൽ ജംഗ്ഷനിലെ ഓടയിലെ ദുർഗന്ധം മാറ്റേണ്ടതും എല്ലാ പ്രധാന റോഡുകളിലും ഓടകൾ നിർമ്മിക്കുകയും ചെയ്യുക.
11. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
12. എട്ടാം വാർഡിൽ ഒരു ദന്ത രോഗാശുപത്രി സ്ഥാപിക്കുക.
13. കൊതുകു നിർവാരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക.

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേപ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നു ശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1–9 | 116 | 93–94 ൽ 16 | 16 | 100 |
| 1–9 | 100 | 94–95 ൽ 17 | 17 | 83 |
| 1–9 | 83 | 95–96 ൽ 13 | 13 | 70 |
| 1–9 | 70 | 96–97 ൽ 26 | 26 | 44 |

## രോഗങ്ങൾ സംബന്ധിച്ച വിവരം

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം-പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാത രോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ | വിഷ ചികിൽസ (പാമ്പു കടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 2–93 | | 9875 | 2 | 112 | 310 | | 9451 | 9875 |
| -94 | | 10019 | 2 | 266 | 126 | | 9625 | 10019 |
| -95 | | 10810 | 5 | 110 | 167 | | 10528 | 10810 |
| -96 | | 10678 | 2 | 178 | 246 | | 10252 | 10678 |
| [illegible] | | 41832 | 11 | 666 | 849 | | 39856 | 41382 |

## പകർച്ചവ്യാധി വിവരങ്ങൾ

| ഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| | 2 | 3 | 4 | 5 |
| 3 | 211 | 18 | 3 | 78 |
| 4 | 45 | 12 | 2 | 67 |
| 5 | 70 | 14 | 3 | 80 |
| | 92 | 12 | 2 | 150 |

# സാമൂഹ്യക്ഷേമം

കേരളത്തിൽ മുൻകാലത്ത് നിലനിന്ന സാമൂഹ്യഘടനയുടെ ഒരു പരിഛേദമായിരുന്നു പള്ളിക്കലും ഉണ്ടായിരുന്നത്. ജന്മികുടിയാൻ വ്യവസ്ഥയും ജാതീയമായ വേർതിരിവും ഉണ്ടായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഒരളവുവരെ നമ്മുടെ ഗ്രാമത്തിലും നിലനിന്നിരുന്നു. നായന്മാരായിരുന്നു ജനസംഖ്യയിൽ ഏറിയ പങ്കും. എങ്കിൽ കൂടി അവർക്കിടയിലും ജാതീയമായ ഉൾപ്പിരിവുകൾ നിലനിന്നിരുന്നു. പുലയർ, പറയർ, കുറവർ എന്നൊക്കെ അറിയപ്പെട്ടിരുന്ന അവശ വിഭാഗങ്ങൾ ഏതാണ്ട് അടിമകളെ പോലെ തന്നെ പണിയെടുത്തിരുന്നു. ജാതീയമായ മറ്റു തൊഴിലുകൾ ചെയ്തിരുന്നവരും കച്ചവടവും കൃഷിയും തൊഴിലാക്കിയിരുന്ന മുസ്ലീങ്ങളും ഈ നാട്ടിലെ സാമൂഹ്യജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായിരുന്നു. വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിച്ചു വന്നതോടുകൂടി പുരോഗമനപരമായ ആശയങ്ങളും ചിന്തകളും കുറഞ്ഞ തോതിലെങ്കിലും വികസിച്ചു തുടങ്ങി.

ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, മഹാത്മാഗാന്ധി തുടങ്ങിയവരുടെ ഉപദേശങ്ങളും ജീവിതാദർശങ്ങളും നമ്മുടെ നാട്ടിലും സ്വാധീനം ചെലുത്തുകയും കാലാനുസൃതമായ പരിവർത്തനങ്ങൾ നമ്മുടെ സാമൂഹ്യഘടനയിലും വരുത്തുകയുണ്ടായി. ക്ഷേത്രപ്രവേശന വിളംബരം ഈ രംഗത്ത് വലിയ ഒരു ഉത്തേജനമായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ ജനകീയാശയങ്ങൾ കൂടുതൽ വേരുറക്കുകയും സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് പ്രചാരം സിദ്ധിക്കുകയും സമൂഹത്തിന്റെ അടിത്തട്ടിൽ സ്ഥിതി ചെയ്തിരുന്ന വിഭാഗങ്ങൾക്കു ഇതൊരു അത്താണിയായി മാറുകയുമുണ്ടായി.

നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ പഞ്ചവത്സര പദ്ധതികളുടെ ആവിർഭാവത്തോടെ രൂപം കൊണ്ടിരുന്നുവെങ്കിലും നമ്മുടെ ഗ്രാമീണ ജനതയ്ക്കു കാര്യമായി അതു പ്രയോജനപ്പെടുക ഉണ്ടായിട്ടില്ല. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ നിലനിന്നിരുന്ന ഉദ്യോഗസ്ഥ മേധാവിത്വവും അഴിമതിയും യഥാർത്ഥ ഗുണഭോക്താക്കൾക്കു പദ്ധതികളുടെ പ്രവർത്തനം ലഭിക്കുന്നതിനു തടസ്സമായിരുന്നു. അർഹരായവർ ഒഴിവാക്കപ്പെടുകയും അർഹതയില്ലാത്തവർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന സ്ഥിതി സർവസാധാരണമായിരുന്നു.

സർക്കാർ കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 3061 വീടുകളാണുള്ളത്. ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1648 കുടുംബങ്ങൾ ഉണ്ട്. അതിൽ SC കുടുംബങ്ങൾ 309 ആണ്. ആകെ സഹായം ലഭിച്ച കുടുംബങ്ങൾ 261 അതിൽ SC വിഭാഗം 121 ആണ്. കുടുംബക്ഷേമപദ്ധതികളുടെ അപര്യാപ്തതയിലേക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്. ഭൂരഹിതരായ കുടുംബങ്ങൾക്കു ഭൂമി നൽകുന്ന വ്യവസ്ഥയനുസരിച്ച് മുപ്പതോളം കുടുംബങ്ങൾക്കു ഭൂമി നൽകി. അവർ തുഛമായ വിലക്കു ആ ഭൂമി മറ്റുള്ളവർക്കു വിറ്റു വീണ്ടും ഭൂരഹിതരായിരുക്കുകയാണ്.

സ്വന്തമായി വീടും ഭൂമിയുമില്ലാത്ത ധാരാളം ആളുകൾ ഇപ്പോഴും പഞ്ചായത്തിലുണ്ട്. മറ്റു വിവിധ ക്ഷേമപദ്ധതികൾ നിലവിലുണ്ടെങ്കിലും അതിന്റെ ഗുണം പലർക്കും ലഭിക്കുന്നില്ല. വാർദ്ധക്യകാല പെൻഷൻ 40, വിധവാ പെൻഷൻ 33 വികലാംഗപെൻഷൻ 44 ക്ഷയരോഗികൾക്കുള്ള പെൻഷൻ 13 ക്യാൻസർ പെൻഷൻ 15 കുഷ്ഠരോഗപെൻഷൻ 1 ആണ് ഇപ്പോൾ ലഭിക്കുന്നത്.

കർഷക തൊഴിലാളി പെൻഷൻ എത്രയാണെന്ന് കണക്കില്ലെങ്കിലും തിരെ അപര്യാപ്തമാണ്.

ഇന്റിഗ്രേറ്റഡ് റൂറൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ഗ്രൂപ്പ് ഹൗസിംഗ്, ലക്ഷം കിണർ പദ്ധതി, സെൻട്രൽ റൂറൽ സാനിട്ടറി പ്രോഗ്രാം, വാർദ്ധക്യകാല പെൻഷൻ, കുടിൽ ജ്യോതി, മഹിളാസമൃദ്ധിയോജന, കമ്മ്യൂണിറ്റി ബേസ്ഡ് കൺവർജന്റ് സ്കീ ഇവയൊക്കെ ക്ഷേമപദ്ധതികളാണ്. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം ഈ പദ്ധതികളിൽ പലതും ആർക്കും തന്നെ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. പഞ്ചായത്തിന്റെ ശുഷ്കാന്തി ഇല്ലായ്മയും ഇതിനു കാരണമാകാം. ദേശവൽകൃതബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും ക്രെഡിറ്റ് സൊസൈറ്റികളും കാട്ടുന്ന അലംഭാവവും ഈ രംഗത്തു പരാജയങ്ങൾക്കു കാരണമാണ്.

നമ്മുടെ പഞ്ചായത്തിൽ ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികളുണ്ട്. ഗൾഫ് പണം അധികവും കൂറ്റൻ കെട്ടിടനിർമ്മാണത്തിനു വേണ്ടിയും ആഡംബര ജീവിതത്തിനുവേണ്ടിയും വിനിയോഗിക്കപ്പെടുകയാണ്. ഇതുമൂലം പ്രാദേശികമായി വിലവർദ്ധനവു തുടങ്ങിയ പ്രശ്നങ്ങൾ സാമാന്യജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

1. പെൻഷൻ അർഹതയുള്ളവർക്കു മുഴുവൻ ലഭ്യമാകുന്നില്ല. അവയുടെ വിതരണവും കൃത്യമായി നടക്കുന്നില്ല.

2. മാവേലിസ്റ്റോറുകൾ പഞ്ചായത്തിൽ ഇല്ല.

3. ആറയിലും പ്ലാച്ചിവിളയിലും കാട്ടുപുതുശ്ശേരിയിലും പോസ്റ്റ് ആഫീസുകൾ ഇല്ല. കോഴിക്കോട്, ഈരാറ്റിൽ ഇടവേലിക്കൽ ജെ എൻ ഇവിടങ്ങളിൽ പോസ്റ്റുബോക്സുകൾ ഇല്ല.

4. വീടില്ലാത്ത പലരും പഞ്ചായത്തിലുണ്ട്.

5. ഐ ആർ ഡി പി, ഗുണഭോക്താക്കളുടെ ലിസ്റ്റ് അപൂർണ്ണമാണ് അതിന്റെ നടപടിക്രമങ്ങൾ ലളിതമല്ല.

6. ട്രൈസം പരിശീലനം ഇവിടെ ആർക്കും ലഭിച്ചിട്ടില്ല. അതുകൊണ്ട് ആർക്കും ധനസഹായം ലഭിക്കുന്നില്ല.

7. ഗ്രാമീണ കൈത്തൊഴിലുകാർക്കു ആർ എ പി പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിൽ ആർക്കും ലഭിച്ചിട്ടില്ല.

8. വൃദ്ധജനസംരക്ഷണകേന്ദ്രങ്ങൾ ഇല്ല, അനാഥാലയങ്ങൾ ഇല്ല.

9. മഹിളാ സമാജങ്ങൾ പ്രവർത്തനരഹിതമാണ്.

10. എസ് ബി റ്റി പള്ളിക്കൽ, സൗത്തിൻഡ്യൻ ബാങ്ക് പകൽക്കുറി പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക്, എന്നിവ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ വേണ്ടത്രസഹകരിക്കുന്നില്ല.

11. ഭവന പദ്ധതികൾക്കുള്ള വായ്പാസൗകര്യങ്ങൾ വിരളമാണ്.

### പരിഹാരങ്ങൾ

1. വിവധ തരം പെൻഷനുകൾക്ക് അർഹരായവരുടെ ലിസ്റ്റുതയ്യാറാക്കി എല്ലാവർക്കും പെൻഷൻ അനുവദിക്കണം. അവകൃത്യമായി വിതരണം ചെയ്യണം.

2. പഞ്ചായത്തിൽ ആവശ്യമായ കേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകൾ അനുവദിക്കണം.

3. ആറയിൽ, കാട്ടുപുതുശ്ശേരി, പ്ലാച്ചിവിള എന്നീസ്ഥലങ്ങളിൽ പോസ്റ്റാഫീസുകൾ അനുവദിക്കണം. കോഴിയോട് ഈരാറ്റിൽ ഇടവേലിക്കൽ ജെ എൻ എന്നിവിടങ്ങളിൽ പോസ്റ്റുബോക്സുകൾ സ്ഥാപിക്കുക.

4. ദുർബല ജനവിഭാഗങ്ങളിൽ പെട്ടവർക്ക് വീടില്ലെങ്കിൽ അവ നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതികൾക്കു രൂപം നൽകണം.

5. ഐ ആർ ഡി പി ഗുണഭോക്താക്കളുടെ ലിസ്റ്റ് പൂർണ്ണമായി തയ്യാറാക്കണം. അവർക്ക് പരിശീലനം നൽകുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയും വേണം.

6. ട്രൈസം പരിശീലനം വ്യപകമാക്കണം. പരിശീലനം ലഭിച്ചവർക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള ധനസഹായവും സാങ്കേതിക ഉപദേശവും ലഭ്യമാക്കണം.

7. ഗ്രാമീണ കൈത്തൊഴിലുകാർക്കുള്ള ആനുകൂല്യങ്ങൾ ആർ എ പി പദ്ധതിപ്രകാരം എല്ലാവർക്കും ലഭ്യമാക്കണം.

8. വൃദ്ധജനസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം, അനാഥാലയങ്ങൾ സ്ഥാപിക്കണം.

9. മഹിളാസമാജങ്ങളുടെ പ്രവർത്തനം എല്ലാവാർഡുകളിലും പുനരുജ്ജീവിപ്പിക്കണം.

10. ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ ബാങ്കുകളുടെ സഹകരണം ഉറപ്പാക്കണം.

11. ഭവന പദ്ധതികൾക്കുള്ള വായ്പാസൗകര്യങ്ങൾകുറഞ്ഞ പലിശനിരക്കിൽ ലഭ്യമാകണം.

ഐ ആർ ഡി പി സർവ്വേപ്രകാരം-ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെസാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 144 | 19 | | | | 144 |
| 2 | 168 | 42 | | | | 168 |
| 3 | 142 | 31 | | | | 142 |
| 4 | 295 | 115 | | | | 295 |
| 5 | 207 | 22 | | | | 207 |
| 6 | 320 | 58 | | | | 320 |
| 7 | 225 | 4 | | | | 225 |
| 8 | 147 | 18 | | | | 147 |
| Total | 1648 | 309 | 261 | 121 | 261 | 1648 |

# സഹകരണ മേഖല

പത്തൊമ്പതാം ശതകത്തിന്റെ തുടക്കത്തിൽ ഇംഗ്ലണ്ടിൽ റോബർട്ട് ഓവന്റെ നേതൃത്വത്തിൽ ആരംഭിച്ച പരസ്പര സഹായ പ്രസ്ഥാനം ഇന്ന് ലോകമാകെ വളർന്നു വികസിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് 1904-ൽ ഇന്ത്യയിൽ ക്രെഡിറ്റ് സൊസൈറ്റിസ് ആക്റ്റ് നിലവിൽ വന്നു. കൊടും ചൂഷണത്തിനു വിധേയരായ ഇന്ത്യൻ കർഷകജനതയെ കടക്കെണികളിൽ നിന്നും രക്ഷപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.

1913-ൽ കൊച്ചി പരസ്പര സഹായസംഘ റഗുലേഷനും 1914-ൽ തിരുവിതാംകൂർ പരസ്പര സഹായസംഘം നിയമവും നിലവിൽ വന്നു. സാമൂഹ്യവികസനത്തിനുള്ള അടിസ്ഥാനപ്രമാണങ്ങളിലൊന്നായി സഹകരണപ്രസ്ഥാനത്തെ സ്വതന്ത്രഭാരതം അംഗീകരിച്ചു.

1955ൽ റിസർവ് ബാങ്ക് നിയമിച്ച കമ്മിറ്റിയുടെ ശുപാർശ പ്രകാരം സർവ്വീസ് സൊസൈറ്റികൾ നിലവിൽ വന്നു. ഇന്നത്തെ സഹകരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ മൂന്നുതലത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണുള്ളത് പ്രാഥമികതലം (വില്ലേജ്) ജില്ലാതലം, സംസ്ഥാനതലം, ഈ ത്രിതല സമ്പ്രദായം മൂലം റിസർവ് ബാങ്ക് ഈടാക്കുന്ന പലിശയുടെ ഇരട്ടിയോളം കർഷകർ നൽകേണ്ടി വരുന്നു. ഓരോ തലവും ഒരു നിശ്ചിത ശതമാനം പലിശ സ്വന്തമാക്കുന്നു. ഇതിന്റെ ഭാരം മുഴുവൻ വന്നുചേരുന്നതു സാധാരണ കർഷകന്റെ തലയിലും. ഈ മൂന്നു തലങ്ങളും നിലനിർത്തേണ്ടതുണ്ടോ എന്ന കാര്യം ഗൗരവമായി ചർച്ചചെയ്യേണ്ടതാണ്.

സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം മാനേജ്മെന്റ് ഒരു പ്രധാനപ്രശ്നമാണ്. നമ്മുടെ പ്രാഥമിക സഹകരസംഘങ്ങൾ പലതും പ്രവർത്തന രഹിതമാകുന്നത് മാനേജ്മെന്റിന്റെ കഴിവില്ലായ്മകൊണ്ടാണ്. അനുയോജ്യരായ വ്യക്തികളെ ഈ സ്ഥാനത്ത് പ്രതിഷ്ഠിച്ചാൽ മാത്രമേ ഈ ന്യൂനത പരിഹരിക്കാനവൂ. അർപ്പണബോധം, സംഘത്തിന്റെ വളർച്ചയെക്കുറിച്ചുള്ള വ്യക്തമായ അവബോധം, സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച, ഉയർന്നതലത്തിലുള്ള പരിശീലനം ഇവ പരിഗണിക്കപ്പെടുന്നില്ല. ഒരു സ്ഥാപനത്തിൽ അറ്റൻഡർ ആയി നിയമിക്കപ്പെടുന്നയാൾ സീനിയാറിറ്റികൊണ്ട് മാനേജിംഗ് ഡയറക്റ്ററാകുന്ന രീതി നിലനിൽക്കുന്നു. അർഹതയുള്ള വരെ മാത്രം ഇത്തരം ചുമതലകൾ ഏൽപ്പിക്കാൻ കഴിയുന്ന ഒരു നിയമ വ്യവസ്ഥ ഉണ്ടാകേണ്ടതാണ്.

അതുപോലെ മാനേജിംഗ് കമ്മിറ്റികളിലേക്കു തെരഞ്ഞെടുപ്പു നടത്തുന്നതും ചില മാനദണ്ഡങ്ങൾക്കു വിധേയമാക്കേണ്ടതാണ്. രാഷ്ട്രീയ ഭൂരിപക്ഷം ലഭിക്കുന്നതുകൊണ്ടുമാത്രം അക്ഷരാഭ്യാസവും എഴുത്തും വായനയും അറിഞ്ഞുകൂടെങ്കിൽപോലും സംഘങ്ങളുടെ പ്രസിഡന്റു സ്ഥാനം വരെ കൈയ്യിലൊതുക്കിയിട്ടുള്ള ഉദാഹരണങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെകാണാൻ കഴിയും. ഈ രീതിമാറേണ്ടതുണ്ടോ എന്നു പരിശോധിക്കണം.

പള്ളിക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ താഴെപ്പറയുന്നു. 1. പള്ളിക്കൽ ഫാർമേഴ്സ് സർവീസ് സഹകരണ

ബാങ്ക് (2) കിളിമാനൂർ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (3) ആനന്ദ മാതൃകാ ക്ഷീരോല്പാദക സഹകരണസംഘം മുതല, (4) ആനന്ദമാതൃകാ ക്ഷീരോല്പാദ സഹ:സംഘം, കാട്ടുപുതുശ്ശേരി, (5) ക്ഷീരോല്പാദക സഹ:സംഘം പകൽക്കുറി (6) പള്ളിക്കൽ ഹൈസ്കൂൾ സഹകരണ സംഘം (7) പകൽക്കുറി എച്ച്.എസ്സ്.എസ്സ് സഹകരണ സംഘം (8) ഹരിജൻ സഹകരണ സംഘം പ്ലാച്ചിവിള (9) സെറികൾച്ചർ സൊസൈറ്റി

**1. പള്ളിക്കൽ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്**

1963–ൽ ഒരു സർവ്വീസ് സഹകരണ സംഘമായി രജിസ്റ്റർ ചെയ്തു. ഇന്ന് 6778 അംഗങ്ങൾ ഉണ്ട്. അംഗീകൃത ഓഹരി മൂലധനം 25 ലക്ഷം പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 661185 രൂപയാണ് ഗവ: ഓഹരി 54000 രൂപയാണ്,

പ്രവർത്തനമേഖലകൾ:- കാർഷികവായ്പ, ചിട്ടി, ഗോൾഡ്‌ലോൺ, കൊപ്രാ, വളവും കീടനാശിനികളും, ഗൃഹോപകരണങ്ങളുടെ വില്പന, നിക്ഷേപങ്ങൾ സ്വീകരിക്കുക, സഞ്ചയികാ മൈനർ ഡിപ്പോസിറ്റ്, ഓണച്ചന്തകൾ നടത്തുക തുടങ്ങിയ മേഖലകളിലാണ് സംഘം പ്രവർത്തിക്കുന്നത്. വളരെ വിജയകരമായി സംഘം മുമ്പ് നടത്തിയിരുന്ന കെട്ടു തെങ്ങു വ്യവസ്ഥയും തേങ്ങാ സംഭരണവും ഇന്നു നടക്കുന്നില്ല.

**2. കിളിമാനൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്:-**

ചിറയിൻകീഴ് താലൂക്കു മുഴുവൻ ഇതിന്റെ പ്രവർത്തന പരിധിയിൽപെടുന്നു. 1967 ൽ സ്ഥാപിതമായി. കാർഷികവായ്പ നൽകുകയെന്നതായിരുന്ന ആദ്യകാല പ്രവർത്തനം. 15 വർഷത്തേക്കുള്ള ദീർഘകാല വായ്പകളാണു നൽകിപോരുന്നത്. ഇപ്പോൾ കാർഷിക വിളകൾ, ചെറുകിട ജലസേചനം, മണ്ണ് സംരക്ഷണം കാർഷികയന്ത്രവൽക്കരണം, മൃഗസംരക്ഷണം, ചെറുകിടവ്യവസായം ഭവനനിർമ്മാണം, ചരക്കുഗതാഗതവാഹനങ്ങൾ, ആശുപത്രികൾ സ്ഥാപിക്കൽ എന്നിവയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ നല്കിപ്പോരുന്നു. നിക്ഷേപം സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയാൽ കൂടുതൽ മേഖലകളിലേക്കു വായ്പ സൗകര്യം വർദ്ധിപ്പിക്കുവാൻ കഴിയും. ഇന്ന് പരാമവധി വായ്പാ സൗകര്യം 10 ലക്ഷം വരെയാണ് അത് 50 ലക്ഷമാക്കി വർദ്ധിപ്പിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ ഒരു നല്ല വിഭാഗം കർഷകർ ഈ വായ്പാസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു.

3. ആനന്ദ് മാതൃകാ ക്ഷീരോല്പാദക സഹകരണ സംഘം മുതല.

പാലു സംഭരിച്ച് പ്രാദേശികമായി വിതരണം ചെയ്യുകയും ബാക്കി വെളിയിൽ വിൽക്കുകയാണ്

**4. ആനന്ദ് മാതൃകാ ക്ഷീരോല്പാദന സഹകരണ സംഘം കാട്ടുപുതുശ്ശേരി**

മേൽപ്പറഞ്ഞ മാതൃകയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

**5. ക്ഷീരോല്പാദക സഹകരണ സംഘം പകൽക്കുറി**

പാൽ സംഭരിക്കുകയും പ്രാദേശികമായി വിതരണം ചെയ്യുന്നു. കർഷകനു പശുക്കളെ വാങ്ങുവാനുള്ള വായ്പകൾ വിതരണം ചെയ്തു വരുന്നു. കാലിത്തീറ്റ വാങ്ങി മിതമായ വിലയ്ക്ക് വില്പന നടത്തുന്ന മുന്ന് ഡിപ്പോകൾ സംഘം നടത്തി വരുന്നു.

**6. പള്ളിക്കൽ ഹൈസ്ക്കൂൾ സഹകരണ സംഘം:-**

വിദ്യാർത്ഥികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, പേന, പെൻസിൽ തുടങ്ങിയ മറ്റു സ്റ്റേഷനറി സാധനങ്ങൾ എന്നിവ വില്പന നടത്തുന്നു.

**7. പകൽക്കുറി ഒ.ട.ട സഹകരണസംഘം-**

മേൽപ്പറഞ്ഞ രീതിയിലുള്ള പ്രവർത്തനങ്ങൾ ഈ സംഘത്തിലും നടന്നു വരുന്നു.

**8. ഹരിജൻ സഹകരണസംഘം പ്ലാച്ചിവിള**

ഈ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചുവെങ്കിലും വളരെ കഴിയാതെ തന്നെ പ്രവർത്തനം നിലച്ചു. പണാപഹരണവും അഴിമതിയുമായാണ് ഈ ദുസ്ഥിതിക്കുകാരണമായത്.

**9. സെറികൾച്ചർ സൊസൈറ്റി-**

രജിസ്റ്റർ ചെയ്തതല്ലാതെ പ്രവർത്തനമൊന്നും നടന്നില്ല.

പ്രശ്നങ്ങൾ

1. കെട്ടുതെങ്ങുവ്യവസ്ഥയും നാളികേര സംഭരണവും പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ നിലച്ചിരിക്കുന്നു.
2. വായ്പാ വിതരണം നാമമാത്രമാണ്.
3. ഗോൾഡ്ലോൺ ആവശ്യത്തിനു ലഭിക്കുന്നില്ല.
4. സഹകരണ സംഘത്തിന്റെ വളം ഡിപ്പോകൾ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്നില്ല.
5. കാർഷിക വിളകളുടെ ജാമ്യത്തിൽ വായ്പ നൽകുന്ന സമ്പ്രദായം ഇപ്പോൾ ഇല്ല.
6. പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മാനേജ്മെന്റ് കഴിവുറ്റതല്ല.
7. സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ഒരു ശാഖ പള്ളിക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.
8. കാർഷികേതരവായ്പകൾ എല്ലാ ആവശ്യങ്ങൾക്കും ലഭ്യമാക്കുന്നില്ല.
9. വായ്പാപരിധി കുറവായതുമൂലം ആവശ്യങ്ങൾ പൂർണ്ണമായും നിർവഹിക്കാൻ കഴിയുന്നില്ല.
10. കർഷകർക്ക് സ്വന്തം സമ്പാദ്യങ്ങൾ ഭൂപണയ ബാങ്കിൽ നിക്ഷേപിക്കാനുള്ള സൗകര്യം ഇപ്പോൾ ഇല്ല.
11. ക്ഷീരസഹകരണ സംഘങ്ങൾ എല്ലാ വാർഡുകളിലും ഇന്നു പ്രവർത്തിക്കുന്നില്ല.
12. റബർ കർഷകസഹകരണ സംഘം പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല.
13. സഹകരണ മേഖലയിൽ ആശുപത്രി നടത്താൻ സാധ്യതയുണ്ടെങ്കിലും പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.
14. വനിതാക്ഷേമ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നില്ല.
15. സ്ക്കൂൾ സഹകരണ സംഘം പ്രവർത്തനം നാമമാത്രമാണ്.
16. നാളികേരകർഷക സംഘം രൂപീകരിച്ചിട്ടില്ല.
17. നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്ന സഹകരണ സംരംഭങ്ങളുടെ അഭാവം വിലനിലവാരം ഉയർത്തുന്നു.
18. സഹകരണ സംഘങ്ങൾ വഴി ടൂറിസവും ട്രാൻസ്പോർട്ടിംഗും വികസിപ്പിക്കാൻ സാധ്യമാണെങ്കിലും അത്തരം സംരഭങ്ങൾ ഇന്നു നിലവിലില്ല
19. ഔഷധങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുവാൻ സഹകരണ സംരംഭങ്ങൾ വഴിയുള്ള ശ്രമങ്ങൾ ഇന്നില്ല.
20. നല്ലയിനം തൈകൾ ഉല്പാദിപ്പിച്ചു വിൽക്കുന്ന സഹകരണ സംരംഭങ്ങൾ ഇന്നു പ്രവർത്തിക്കുന്നില്ല.
21. ചെറുകിട വ്യവസായ സഹകരണസംഘങ്ങൾ നിലവിലില്ല.
22. പച്ചക്കറി കർഷകരുടെ സഹകരണസംഘം സ്ഥാപിച്ചിട്ടില്ല.
23. സെറികൾച്ചർ സംഘത്തിന്റെ പ്രവർത്തനം നടക്കുന്നില്ല.
24. ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നില്ല.
25. മത്സ്യത്തൊഴിലാളി സഹകരണസംഘം രൂപീകരിച്ചിട്ടില്ല.
26. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ ഇല്ല.
27. പാറത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ചിട്ടില്ല.

പരിഹാരനിർദ്ദേശങ്ങൾ

1. കെട്ടുതെങ്ങുവ്യവസ്ഥയും നാളികേര സംഭരണവും പള്ളിക്കൽ സൊസൈറ്റിയിൽ പുനസ്ഥാപിക്കണം.
2. കാർഷികവായ്പ വിതരണം പള്ളിക്കൽ സംഘത്തിൽ കാര്യക്ഷമമാക്കണം.
3. ഗോൾഡ് ലോൺ ആവശ്യത്തിനു ലഭ്യമാക്കണം.
4. സംഘത്തിന്റെ വളം ഡിപ്പോകൾ എല്ലാ വാർഡുകളിലും പ്രവർത്തിപ്പിക്കണം.
5. കുരുമുളക്, നെല്ല്, നാളികേരം തുടങ്ങിയ വിളകളുടെ ജാമ്യത്തിൽ വായ്പ നൽകാനുള്ള സംവിധാനം പള്ളിക്കൽ സംഘത്തിൽ ഏർപ്പെടുത്തണം.
6. പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ മാനേജ്മെന്റ് കാര്യക്ഷമമാക്കു

ന്നതിന് ബിസിനസ്സ് മാനേജ്മെന്റിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തി മാനേജിംഗ് ഡയറക്ടറായി നിയമിക്കണം.

7. സഹകരണ കാർഷിക വികസനബാങ്കിന്റെ ഒരു ശാഖ പള്ളിക്കൽ പഞ്ചായത്തിൽ സ്ഥാപിക്കണം.

8. ടി ബാങ്കിൽ കാർഷികേതര വായ്പകൾ കർഷകന്റെ എല്ലാ ആവശ്യങ്ങൾക്കും ലഭ്യമാക്കണം.

9. ടി ബാങ്കിന്റെ ഉയർന്ന വായ്പാ പരിധി 50 ലക്ഷമായെങ്കിലും ഉയർത്തണം.

10. കർഷകർക്കു പ്രസ്തുത ബാങ്കിൽ സ്വന്തം സമ്പാദ്യങ്ങൾ നിക്ഷേപിക്കുവാനുള്ള സൗകര്യം ലഭ്യമാക്കണം.

11. ക്ഷീര സഹകരണസംഘങ്ങൾ എല്ലാ വാർഡിലും ആരംഭിക്കണം.

12. റബർ സഹകരണസംഘം സ്ഥാപിക്കണം.

13. സഹകരണ മേഖലയിൽ ആശുപത്രി സ്ഥാപിക്കണം.

14. വനിതാ ക്ഷേമ സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

15. സ്കൂൾ സഹകരണസംഘങ്ങൾ വിപുലമാക്കുകയും കുട്ടികൾക്ക് ആവശ്യമുള്ള പാഠപുസ്തകം നോട്ടുബുക്കു തുടങ്ങിയവയ്ക്ക് പുറമേ നിത്യോപയോഗ സാധനങ്ങൾ മിതമായവിലയ്ക്ക് വില്ക്കാനുള്ള സംവിധാനം വേണം. ഒരു ഫുൾടൈം പെയിഡ് സെക്രട്ടറിയെ ഈ സംഘങ്ങളിൽ നിയമിച്ചു അദ്ധ്യാപകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കണം.

16. നാളികേര കർഷകരുടെ സഹകരണ സംഘം സ്ഥാപിക്കണം.

17. ഉപഭോക്തൃ സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

18. ടൂറിസ്റ്റ് മേഖലയെ സഹകരണാടിസ്ഥാനത്തിൽ വികസിപ്പിക്കാനുള്ള പദ്ധതികൾ ഉണ്ടാകണം.

19. ഔഷധങ്ങളുടെ സഹകരണ സ്റ്റോറുകൾ വഴി നടത്തണം.

20. നഴ്സറികൾ സഹകരണാടിസ്ഥാനത്തിൽ വിത്തും തൈകളും ഉല്പാദിപ്പിക്കണം.

21. ചെറുകിട വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കണം.

22. പച്ചക്കറി കർഷകരുടെ സഹകരണ സംഘം ഉണ്ടാക്കണം.

23. സെറികൾച്ചർ സഹ: സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കണം.

24. ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നില്ല, പുനരുദ്ധരിക്കണം.

25. മത്സ്യത്തൊഴിലാളി സഹ: സംഘം രൂപീകരിക്കണം.

26. കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനും സൗകര്യങ്ങൾ ഉണ്ടാകണം.

27. പാറത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കണം.

# വിഭവസമാഹരണം

ഉല്പാദനത്തിനുതകുന്ന ഘടകങ്ങളെ വിഭവങ്ങൾ എന്നു നിർവ്വചിക്കാം. വികസനത്തിനു വിഭവങ്ങൾ ആവശ്യമാണ്. അത് എങ്ങനെ സമാഹരിക്കാമെന്നതാണ് പ്രധാന പ്രശ്നം.

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

1. പഞ്ചായത്ത് ഫണ്ട്
2. ഗവ: ഗ്രാന്റുകൾ
3. ധനകാര്യസ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ
4. ജനങ്ങളിൽ നിന്ന് സ്വരൂപിക്കാവുന്ന സമ്പത്ത്.
5. ഗൾഫ് തൊഴിലാളികളിൽ നിന്ന് സ്വരൂപിക്കാവുന്നവ
6. ജനങ്ങൾ നൽകുന്ന അദ്ധ്വാനം.
7. പ്രകൃതിജന്യമായ വിഭവങ്ങൾ (പാറ, ജലം തുടങ്ങിയവ)

പഞ്ചായത്തിന്റെ വരുമാനങ്ങൾ ഇന്ന് എസ്റ്റാബ്ളിഷ്മെന്റു ചെലവുകൾക്കുതന്നെ തികയുന്നില്ല. താരതമ്യേന ജനസംഖ്യയിലും വിസ്തീർണത്തിലും വളരെ പിറകിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിന് ലഭ്യമാകുന്ന പദ്ധതിവിഹിതം പരിചിതമായിരിക്കും. അതുകൊണ്ട് വിശേഷാൽ ധനസഹായങ്ങൾ ഗവൺമേന്റിൽ നിന്നുണ്ടാകാതെ നമ്മുടെ പഞ്ചായത്തിന് വികസനപ്രവർത്തനങ്ങൾ മുമ്പോട്ടു നയിക്കുവാൻ പ്രയാസമാണ്. ഗവൺമെന്റിന്റെ പ്രത്യേകാനുകൂല്യങ്ങൾ ഇക്കാര്യത്തിൽ പള്ളിക്കൽ പഞ്ചായത്തിന് ലഭിച്ചേ മതിയാകൂ.

## പ്രശ്നങ്ങൾ

1. കെട്ടിടനികുതികൾ ശാസ്ത്രീയമായി പരിശോധിച്ചു നിർണ്ണയിച്ചിട്ടില്ല.
2. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല.
3. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ ഒട്ടും പര്യാപ്തമല്ല.
4. സന്നദ്ധ പ്രവർത്തനങ്ങളെ സംഘടിപ്പിക്കുവാനുള്ള താല്പര്യക്കുറവ്.
5. പഞ്ചായത്ത് പ്രവർത്തനങ്ങൾ പൂർണ്ണമായും പൊതുജനങ്ങൾക്ക് അറിയാനുള്ള സാഹചര്യം ഇന്നില്ല.
6. ഗവ: ഗ്രാന്റുകൾ ആവശ്യത്തിനു ലഭിക്കുന്നില്ല.
7. ഗൾഫ് ജീവനക്കാർക്ക് ഉല്പാദനമേഖലകളിൽ പണം നിക്ഷേപിക്കാനുള്ള വൈമനസ്യം
8. ജനങ്ങളിൽ നിന്ന് വികസന പ്രവർത്തനങ്ങൾക്ക് സമ്പത്ത് സ്വരൂപിക്കാനുള്ള സംവിധാനത്തിന്റെ അഭാവം.
9. പ്രകൃതി വിഭവങ്ങളായ പാറ ജലം പുറമ്പോക്ക്ഭൂമികൾ തുടങ്ങിയവ പൊതുവായ വികസനങ്ങൾക്കു മാത്രം ഉപയോഗിക്കുന്ന നിയമവ്യവസ്ഥകളുടെ അഭാവം.

## പരിഹാരങ്ങൾ

1. കെട്ടിടനികുതികൾ ശാസ്ത്രീയമായി പരിശോധിച്ച് പുനർനിർണ്ണയം ചെയ്യേണ്ടതാണ്.

2. പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾക്കു രൂപം നൽകണം.

3. ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

4. സന്നദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

5. പഞ്ചായത്തിന്റെ പ്രവർത്തനപരിപാടികൾ പൊതുജനങ്ങളെ ബോധ്യപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരായണം.

6. എസ്റ്റാബ്ളിഷ്മെന്റുഗ്രാന്റ്, മറ്റു ഗവ: ഗ്രാന്റുകൾ തുടങ്ങിയവ വർദ്ധിപ്പിക്കണം.

7. ഗൾഫ് ജീവനക്കാരുടെ സമ്പത്ത് സമാഹരിച്ച് അവർക്കും നാട്ടിനും ഗുണകരമായ രീതിയിൽ ഉല്പാദനക്ഷമമായ തുറകളിൽ നിക്ഷേപിക്കുവാനുള്ള പരിപാടി രൂപീകരിക്കണം.

8. തദ്ദേശീയരായ ജനങ്ങളിൽ നിന്നും സമ്പത്ത് രൂപീകരിക്കാനും ഉല്പാദനക്ഷമമായ മേഖലകളിൽ അവ വ്യന്യസിക്കാനും ഉള്ള പരിപാടികൾക്കു രൂപം നൽകണം.

9. പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള പ്രകൃതി വിഭവങ്ങൾ പൊതുജനങ്ങൾക്കു ഉപയോഗപ്രദമായ രീതിയിൽ ചൂഷണം ചെയ്യാനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുന്ന രീതിയിൽ വിനിയോഗിക്കണം.

# ഉപസംഹാരം

കേരളത്തിന്റെ 'വികസന രംഗത്ത്' ഒരു പുതിയ അനുഭവമാണ് 'ജനകീയാസൂത്രണം' നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭകൾ ചേർന്ന് വികസരേഖകൾ തയ്യാറാക്കി. അവ ക്രോഡീകരിച്ച് പഞ്ചായത്ത് വികസന റിപ്പോർട്ടു തയ്യാറാക്കുന്ന സംരംഭം ഇവിടെ പൂർത്തീകരിക്കുകയാണ്. ഇത് വളരെ ശ്രമകരമായ ജോലിയായിരുന്നു. ആവശ്യമുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക, ഗ്രാമസഭകൾ ഉന്നയിച്ച നിർദേശങ്ങൾ പരിശോധിക്കുകയും അവ ക്രോഡീകരിക്കുകയും ചെയ്യുക തുടങ്ങി ബഹുമുഖമായ ഒരു തീവ്രയത്നപരിപാടി കുറഞ്ഞസമയം കൊണ്ടു ചെയ്തു തീർക്കേണ്ടിയിരുന്നു. ഗ്രാമസഭകൾ പലതും പല വിഷയങ്ങളിലും നടത്തിയ ചർച്ചകൾ അപൂർണ്ണവും അവ്യക്തവുമായിരുന്നു. അവയെല്ലാം പൂർത്തീകരിച്ച് സമന്വയപ്പിക്കുക ശ്രമകരമായിരുന്നു. ഗ്രാമസഭകൾ ഉന്നയിച്ച ആവശ്യങ്ങളിൽ പലതും പഞ്ചായത്തിനാകെ ആവശ്യമായതായിരുന്നു. അവ പഞ്ചായത്തിന്റെ പ്രശ്നങ്ങളാക്കി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ഉന്നയിക്കാത്ത പല പ്രശ്നങ്ങളും പൊതുവായി ഉയർത്തിക്കാട്ടുവാനും ശ്രമിച്ചിട്ടുണ്ട്. ഇത്രയൊക്കെ ചെയ്തെങ്കിലും പല പ്രശ്നങ്ങളും ഇതിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ടാകാം. സെമിനാറിൽ പങ്കെടുക്കുന്ന വാർഡുപ്രതിനിധികൾ വന്നുപോയിട്ടുള്ള കുറവുകൾ ചർച്ചയിലൂടെ പരിഹരിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച എല്ലാവരേയും ഇവിടെ രേഖപ്പെടുത്താൻ ശ്രമിക്കുന്നില്ല. നമ്മുടെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സുനന്ദകുമാരി, വൈസ് പ്രസിഡന്റ് ശ്രീ. ട. അജയകുമാർ എന്നിവർ ഇക്കാര്യത്തിൽ പ്രത്യേകം സ്മരിക്കപ്പെടേണ്ടവരാണ്. മാർക്സിസ്റ്റുപാർട്ടി ലോക്കൽ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ. ഗോപിനാഥൻ ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിൽ ശ്രദ്ധേയമായ പല നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും നൽകിയത് നന്ദിയോടെ സ്മരിക്കുന്നു. ശ്രീ. മുരളീധരൻ, ശ്രീ. ശ്രീകുമാർ എന്നിവർ ഇതിനാവശ്യമുള്ള ഭൂപടങ്ങളും ചാർട്ടുകളും നിർമ്മിക്കുന്നതിൽ വളരെയേറെ ബുദ്ധിമുട്ടി പ്രവർത്തിച്ചവരാണ്. അവരോടൊക്കെ ഞങ്ങൾ കൃതജ്ഞരാണ്. ഈ റിപ്പോർട്ട് സെമിനാറിന്റെ പരിഗണനയ്ക്കായി വിനയപൂർവ്വം സമർപ്പിക്കുന്നു.

പകൽക്കുറി
20-12-96.

എഡിറ്റേഴ്സ്,
എം. ദേവദാസ്
വി. ഗോപിനാഥൻ നായർ